# മലയാളം



## അടിസ്ഥാനപാഠാവലി

9

TB/IX/2016/400(MS

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ – താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

TB/IX/2016/400

അടിസ്ഥാനപാഠാവലി

# മലയാളം

സ്റ്റാൻഡേർഡ്

IX

കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2016

KT 55-1/Malayalam-9(BT) Vol-1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.

website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
First Edition : 2016
Printed at : KBPS, Kakkanad, Kochi-30

പ്രിയ വിദ്യാർഥികളേ,

നിത്യജീവിതത്തിൽ മാതൃഭാഷ നമ്മോടൊപ്പമുണ്ട്. ആശയ വിനിമയത്തിനപ്പുറം ഭാഷ നിർവഹിക്കുന്ന ധർമ്മങ്ങൾ ഏറെയാണ്. നമ്മുടെ സംസ്കാരത്തെയും സാമൂഹികജീവിതത്തെയും രൂപപ്പെടുത്തുന്നതിൽ മാതൃഭാഷ മുഖ്യ പങ്കു വഹിക്കുന്നു. മലയാളഭാഷയ്ക്ക് സമ്പന്നമായ സാഹിത്യലോകമുണ്ട്. അത് പരിചയപ്പെടാനും ഒപ്പം മറ്റു ഭാഷകളിലെ ശ്രദ്ധേയമായ സാഹിത്യരചനകളിലേക്കും വൈജ്ഞാനികമേഖലകളിലേക്കും കടന്നുചെല്ലാനും കൂട്ടുകാർക്കു സാധിക്കണം. ഇതിന് അവസരമൊരുക്കുകയാണ് മലയാളം അടിസ്ഥാനപാഠാവലി.

കുട്ടികളുടെ സ്വതന്ത്രമായ വായനയ്ക്കും ചിന്തയ്ക്കും സർഗാത്മകാവിഷ്കാരങ്ങൾക്കും ഇതിൽ ഒട്ടേറെ അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്. ഭാഷയുടെ പ്രയോഗസാധ്യതകൾ മനസ്സിലാക്കാനും മികച്ച രചനകളിൽ ഏർപ്പെടാനുമുള്ള ധാരാളം പഠനാനുഭവങ്ങൾ ക്ലാസ് മുറികളിൽനിന്ന് നേടണം. അതിലൂടെ മാതൃഭാഷയെ സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള മനോഭാവം കൂട്ടുകാരിൽ രൂപപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹാശംസകളോടെ,

ഡോ. പി. എ. ഫാത്തിമ
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

## ശില്പശാലയിൽ പങ്കെടുത്തവർ

- ടി.ബി. അജീഷ്കുമാർ, ഗവ. ഹൈസ്കൂൾ മന്നാംകണ്ടം, അടിമാലി, ഇടുക്കി
- കെ. അബൂബക്കർ, ആർ.എ.സി.എച്ച്.എസ്.എസ്, കടമേരി, വടകര
- ചന്ദ്രമോഹൻ, ജി.എച്ച്.എസ്.എസ്, ചിതറ, കൊല്ലം
- ജേക്കബ് അറയ്ക്കൽ, മാർത്തോമ ഹൈസ്കൂൾ, ചണ്ണപ്പേട്ട, കൊല്ലം
- ഡോ. കെ പ്രമോദ്, ഡയറ്റ്, തൃശ്ശൂർ
- ഇ. പ്രമോദ്കുമാർ, ജി.എച്ച്.എസ്.എസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി കാമ്പസ്, കോഴിക്കോട്
- ഡോ. കെ.എസ്. ബിജുമോൻ, ജി.വി.എച്ച്.എസ്. ഫോർ ഗേൾസ്, തിരൂർ, മലപ്പുറം
- മുഹമ്മദ് ബാവ, ചേന്നര ജി.യു.പി.എസ്, പുറത്തൂർ
- പി. യഹിയ, ഗവ.ജി.എം.ജി.എച്ച്.എസ്.എസ്, ചാലപ്പുറം, കോഴിക്കോട്
- കെ. രതീഷ്കുമാർ, എച്ച്.എസ്.എസ്, ചട്ടഞ്ചാൽ, കാസറഗോഡ്
- സി.പി. വിൻസന്റ്, നിർമ്മല എച്ച്.എസ്.എസ്, എരുമമുണ്ട, മലപ്പുറം
- വിൽസൻ ജോസ്, കെ.കെ.എം.എച്ച്.എസ്.എസ്, വണ്ടിത്താവളം, പാലക്കാട്
- റഫീഖ് കാരക്കണ്ടിയിൽ എൻ.എ.എം.എച്ച്.എസ്.എസ്, പെരിങ്ങത്തൂർ, കണ്ണൂർ
- പി. സത്യനാഥൻ, ഡയറ്റ് (റിട്ട) മലപ്പുറം

## ലേ-ഔട്ട്

- എം. ശ്രീഹർഷൻ, നമ്പ്രത്ത്കര യു.പി.സ്കൂൾ, കൊയിലാണ്ടി, കോഴിക്കോട്

## ചിത്രരചന

- ഡോ. സോമൻ കടലൂർ, സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ്, കോഴിക്കോട് സർവകലാശാല
- സുരേഷ് ചാലിയത്ത്, ഗവ.എച്ച്.എസ്. കുറുക, മലപ്പുറം
- വിനോദ് പട്ടാണിപ്പാറ, പേരാമ്പ്ര, കോഴിക്കോട്
- പി. രമേശൻ, ഇരിങ്ങണ്ണൂർ എച്ച്. എസ്. എസ്, വടകര
- ഷൈജു കെ. മാലൂർ, കണ്ണൂർ

## വിദഗ്ധപരിശോധന

- ഡോ. ജോർജ് ഓണക്കൂർ, മുൻഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ
- ശ്രീ. പി. നാരായണമേനോൻ, റിട്ട. പ്രഫസർ, കേരളവർമ കോളേജ്, തൃശ്ശൂർ
- ഡോ. എൻ. മുകുന്ദൻ, മുൻ മേധാവി, മലയാളവിഭാഗം, കേരള സർവകലാശാല
- ഡോ. സി. നാരായണപിള്ള, റിട്ട. പ്രഫസർ, ഗവ. ട്രെയ്നിങ് കോളേജ്, തിരുവനന്തപുരം
- ഡോ. വിജയൻ ചാലോട്, റിട്ട. ഡി.പി.ഒ, എസ്.എസ്.എ. കണ്ണൂർ
- അജയൻ പനയറ, അസി. പ്രഫസർ, ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം
- സാബു കോട്ടുക്കൽ, അസി. പ്രഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
- ജോബിൻ ജോസ്, അസി. പ്രഫസർ, ദേവമാതാ കോളേജ്, കുറവിലങ്ങാട്

## അക്കാദമിക് കോഡിനേറ്റർ

- എം.സി. ജോസ്കുട്ടി, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

# ഉള്ളടക്കം


## 1 പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ 7

- ഹരിതമോഹനം ........................................ 08
- ഒറ്റയ്ക്കു പൂത്തൊരു വാക ........................ 20
- നാലിതൾപ്പൂവ് ........................................ 28

## 2 കാഴ്ചയുടെ സംഗീതം 35

- കൊടിയേറ്റം ........................................ 36
- വെളിച്ചത്തിന്റെ വിരലുകൾ ........................ 44

## 3 ഒരു കുടന്ന വെളിച്ചമായ് 53

- അജഗജാന്തരം ........................................ 54
- സഫലമീയാത്ര ........................................ 60
- ആശാൻ എന്ന മാനി ................................ 62
- സാഹിത്യശില്പിയായ നെഹ്റു ................ 66

# 1

# പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ



ആരോ പറയുന്നു തെംസ്നദീ, നിന്നോടു
മൂകാനുരാഗം കലർന്നൊരാൾ വന്നുപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
യാതന കണ്ടാമിഴികൾ നിറയവേ

രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെഞ്ചത്തു വീണുപോൽ, അദ്ഭുതം! പെട്ടെന്നു
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപോൽ തെംസ്നദി!
ആ രാഗമല്ലലായ്, *ദീപ്രമാം യത്നമായ്-
ത്തീരവേ രണ്ടു കരങ്ങളൊരായിരം
ധീരഹസ്തങ്ങളായ് മാറി, നിൻ നിർജീവ-
വാരിയെക്കോരിക്കഴുകിയെടുത്തുപോൽ!

ഇന്നു നീ വീണ്ടും ചിരിച്ചൊഴുകുന്നുപോൽ!
നിൻമാറിലന്നങ്ങൾ വന്നിറങ്ങുന്നുപോൽ
തൂമലർമൊട്ടുപോൽ പിന്നെയും നിൻ പ്രിയ
**സാമൺ തുടിച്ചുവിടർന്നു കളിപ്പൂപോൽ

തെംസ്നദിയോട് (സുഗതകുമാരി)

---

*ദീപ്രം - കണ്ണഞ്ചിപ്പിക്കുന്ന പ്രഭയോടു കൂടിയത്
*സാമൺ - ചെമ്പല്ലിയോടു രൂപസാദൃശ്യമുള്ള ഒരുതരം മത്സ്യം

തെംസ്നദിയെ പുഞ്ചിരിക്കൊള്ളിച്ചത് എന്തെല്ലാമാണ്? ചർച്ചചെയ്യുക.

# ഹരിതമോഹനം



ഈ ഭൂമിയെ സംബന്ധിച്ച ചില ആലോചനകളിലാണ്ടുകിടക്കുകയായിരുന്നു ഞാൻ. ഇന്ത്യക്കാരും ബ്രിട്ടീഷുകാരും അതിലൊരിടത്തുമുണ്ടായിരുന്നില്ല; ഭൗമോപരിതലത്തിലെ മഹാജീവജാലങ്ങൾ മാത്രം. കാനനനിഗൂഢതകൾ ഒരു ചലച്ചിത്രത്തിലെന്നതുപോലെ എന്റെ മുന്നിൽ വന്നു മറയുകയായിരുന്നു യഥേഷ്ടം. മനസ്സിന്റെ ഗ്രാഫിക്സ് ഉപയോഗിച്ചുള്ള സ്വപ്നസദൃശമായ ദൃശ്യങ്ങൾ.

ആ നേരത്ത് വീട്ടിലെ അറിയിപ്പുമണി മുഴങ്ങി. തടവിലാക്കപ്പെട്ടവരിൽ കാണപ്പെടാറുള്ളതരം ഇരുണ്ട മനോവിചാരത്തോടെ ഞാനാലോചിച്ചു.

അവധിദിവസം കയറിവന്ന് മണിയടിക്കുന്നത് ആരാവും?

കിടപ്പുമുറിയിലെ മെത്തയിൽ തുണികൾ നിവർത്തിയിട്ട് മടക്കിവയ്ക്കുകയായിരുന്ന സുമന ഒന്ന് പിന്നാക്കംവളഞ്ഞ് എന്നെ നോക്കി. സ്ഫടികഭരണിയിലെ മത്സ്യക്കുഞ്ഞുങ്ങളെ തീൻമേശപ്പുറത്ത് കൊണ്ടുവന്നുവച്ച് ജലജീവികളുടെ നീന്തൽ

വൈഭവത്തെ കുഞ്ഞുമിഴികളാൽ ഉറ്റുനോക്കുകയായിരുന്ന തന്മയ(9)യും പീലി(5)യും മുഖമുയർത്തി.

ചുമരിലെ സമയകാലപ്പട്ടികയിൽ ഇന്നത്തെ ദിവസത്തിന് ചുവപ്പാണ്. അന്നേ ദിവസങ്ങളിൽ വരാറുള്ളത് മീൻ, പച്ചക്കറി, പഴയ പത്രവാരികക്കച്ചവടക്കാരൻ, പൊക്കാളിപ്പാടത്തു വിളയുന്ന ജൈവനെല്ലിന്റെ അരിവിൽക്കാൻ കൊണ്ടുവരുന്ന പരിസ്ഥിതിക്കർഷകൻ, തേപ്പുകാരൻ എന്നിവരൊക്കെയാണ്. അവർക്കൊക്കെ ഗേറ്റിനടുത്താണ് സ്ഥാനം. ഇതൊന്നുമല്ലാതെ വന്ന് കതകിൽ തട്ടുന്നവർ മൂന്നു വിഭാഗമാളുകളാണ്.

1. പണം കടം വാങ്ങിയിട്ട് പറഞ്ഞ അവധികളെല്ലാം തെറ്റിച്ചതിനാൽ അന്വേഷിച്ചു വരുന്നവർ.

2. അയൽക്കാർ/ബന്ധുക്കൾ/വേലക്കാരുടെ ബന്ധുക്കൾ.

3. അപ്രതീക്ഷിത സന്ദർശകർ.

ആദ്യത്തെ രണ്ടു വിഭാഗമാളുകളും ഞങ്ങളുടെ ഫ്ളാറ്റിൽ വരാനിടയില്ല. അയൽക്കാർ പൊതുവിൽ അവധിദിവസം വരുകയുമില്ല. പിന്നെയുള്ളത് മൂന്നാമത്തെ വിഭാഗമാണ്. അവർ ഏതു തരക്കാരായിരിക്കുമെന്ന് കൊണ്ടറിഞ്ഞതിനുശേഷമേ പറയാൻ പറ്റൂ.

ഞാനെഴുന്നേറ്റ് മുണ്ട് മുറുക്കിച്ചുറ്റി. എങ്കിലും ഉടനെ അഴിഞ്ഞുപോകും എന്ന മട്ടിലേ എനിക്ക് മുണ്ടുടുക്കാൻ അറിയൂ. ഞാൻ കതകു തുറന്നു. മുന്നിൽ ഞങ്ങളുടെ ഫ്ളാറ്റിന്റെ മുഖ്യ നോക്കിനടത്തിപ്പുകാരൻ രാജൻപിള്ള. കറുപ്പിച്ചുപിടിച്ച മുഖത്തോടെ രാജൻപിള്ള എന്നോടു തിരക്കി: "മി. അരവിന്ദാക്ഷൻ, ലിഫ്റ്റിൽ ഇന്നെന്താണ് സംഭവിച്ചത്?"

സംഭവിച്ചത് പെട്ടെന്ന് ഓർമ്മവന്നില്ല. ഓർമ്മ വന്നപ്പോൾ നേരിയ ചമ്മലോടെ ഞാനൊന്ന് ചിരിക്കുകയും ചെയ്തു.

"നിങ്ങടെ ചിരികാണാനല്ല മിസ്റ്റർ ഞാൻ വന്നത്. കംപ്ലയിന്റ് കിട്ടീട്ടാണ്. മനസ്സിലായോ?"

ചിരിമാഞ്ഞ് ഞാനൊന്ന് തലകുനിച്ചു. എന്റെ മക്കളുടെ മുന്നിൽ, ഭാര്യക്കുമുന്നിൽ അവരറിയാതെ ഞാൻ നടത്തിയ ഒരു പ്രവൃത്തി തുറന്നുവയ്ക്കപ്പെടാൻ പോവുകയാണ്. എന്റെ നിശ്ശബ്ദത രാജൻപിള്ളയെ വീണ്ടും കുപിതനാക്കി:

"ഈ ഫ്ളാറ്റിലെ എല്ലാവരും ഉപയോഗിക്കുന്ന ഒരേയൊരു ലിഫ്റ്റാണ് അത്. അതിനകത്തുവെച്ച് തോന്ന്യാസം കാണിക്കാൻ ഞാനനുവദിക്കില്ല. അതല്ല; കള്ളത്തരം കാണിച്ചിട്ട് വീട്ടിൽ കയറിയിരുന്നാൽ നിങ്ങളെ ആരും കണ്ടുപിടിക്കില്ലെന്ന് കരുതിയോ?"

എനിക്കു പിറകിൽ സുമനയ്ക്കരികിലേക്ക് തന്മയയും പീലിയും പേടിയോടെ നീങ്ങിപ്പോകുന്നതും സുമന അവരേയും ചേർത്തുപിടിച്ച് കിടപ്പുമുറിവാതിലോളം വന്ന് പതുക്കെ പുറത്തേക്കു നോക്കുന്നതും ഞാൻ മനസ്സിലാക്കി.

ആവുന്നത്ര താഴ്മയോടെ ഞാൻ പറഞ്ഞു:

"രാജൻപിള്ളച്ചേട്ടാ, മണ്ണ് കൊണ്ടുവരുമ്പോ കവർ പൊട്ടി കുറച്ചു മണ്ണ് ലിഫ്റ്റിൽ..."

രാജൻപിള്ളയുടെ ശബ്ദമുയർന്നു:



"കുറച്ചോ? ലിഫ്റ്റിൽ കേറിയ കുട്ട്യോളുടെ കൈയും നീട്ടിപ്പിടിച്ചാ മിസിസ്സ് പൂർണിയും മിസിസ്സ് ചന്ദ്രതാരയും എന്റെയടുത്ത് വന്നത്. അവർക്ക് വല്ല അസുഖവും വന്നാ നിങ്ങൾ സമാധാനം പറയുമോ? അല്ല പറയുമോന്ന്?"

ഞാൻ വല്ലാതായി. ഒരു ക്ഷമാപണംപോലെ പറഞ്ഞു: "ഇവിടെ വന്നിട്ട് ക്ലീനിങ്ങിലേക്ക് വിളിച്ചുപറയണമെന്ന് ഞാൻ കരുതിയതാ. പക്ഷേ, മറന്നുപോയി!"

അതു സത്യമാണ്. ഞാനെല്ലാം മറന്നുപോയിരുന്നു. വല്ലാത്തൊരു നിർവൃതിയുടെ ലോകത്തായിരുന്നു ഞാൻ പിന്നീട്. തിടുക്കത്തിൽ ഞാനറിയിച്ചു:

"ഇപ്പോൾതന്നെ വൃത്തിയാക്കാം. രാജൻപിള്ളച്ചേട്ടൻ പൊക്കോളൂ."

പിറകിലേക്കൊന്ന് പാളി നോക്കി ഭാര്യയുടെയും മക്കളുടെയും മുഖഭാവങ്ങൾ വിലയിരുത്തിക്കൊണ്ട് ഞാൻ രാജൻപിള്ളയോട് ചിരിക്കാൻ ശ്രമിച്ചു. അയാളൊന്നു തണുത്തതായി തോന്നി:

"നന്നായി പായ്ക്കുചെയ്യാതെ ഫിഷും മീറ്റുമൊന്നും ലിഫ്റ്റിലൂടെ കൊണ്ടുവരരുതെന്ന് നമ്മളെല്ലാ മെമ്പേഴ്സിനോടും പറഞ്ഞിട്ടുള്ളതല്ലേ. എന്നിട്ടാണോ മണ്ണുകൊണ്ടുവന്ന് വൃത്തികേടാക്കുന്നത്. കംപ്ലയിന്റ് കിട്ടിയാ ആരാണെന്നൊന്നും ഞാൻ നോക്കുകേല. പറഞ്ഞേക്കാം."

എന്റെ നെഞ്ച് എന്തിനോ സങ്കടംകൊണ്ട് പൊട്ടുന്നതായി തോന്നി.

ഒരിക്കൽ ലിഫ്റ്റിനുള്ളിൽ ഞാൻ ചോരത്തുള്ളികൾ കണ്ടിട്ടുണ്ട്. അകത്തേക്കുവച്ച കാൽ പുറത്തേക്കെടുക്കാനാവാതെ ഞെട്ടിവിറച്ചു നിന്നുപോയി. നിലത്തും ഭിത്തിയിലും കണ്ട രക്തപ്പാടുകളിൽനിന്ന് ഏതോ ജീവിയുടെ ജീവന്റെ നിലവിളി അപ്പോഴുമുയരുന്നുണ്ടായിരുന്നു. ഇറച്ചിക്കുവേണ്ടി ജീവനെടുത്ത ജന്തുവിന്റെ ചോരയേക്കാൾ അറപ്പിക്കുന്നതും നികൃഷ്ടവുമാണോ മണ്ണ്?

പുറത്തേക്കിറങ്ങാൻ ഭാവിച്ച രാജൻപിള്ള തിരിഞ്ഞു നിന്നു:

"എല്ലാവരും മണ്ണും പൊടിയും അടിച്ചുവാരി പുറത്തുകളയുമ്പോൾ താനെന്തിനാ മണ്ണ് വലിച്ച് അകത്തേക്കു കൊണ്ടുവരുന്നത്?"

പെട്ടെന്നൊരു മറുപടി സത്യസന്ധമായി പറയാൻ എനിക്കായില്ല. എങ്കിലും ഭാഗികമായൊരു കള്ളം ഞാൻ പറഞ്ഞു:

"ഒരു പൂച്ചെടി കിട്ടി. മിനറൽ വാട്ടറിന്റെ ബോട്ടിൽ മുറിച്ച് മണ്ണു നിറച്ചാ ടെറസ്സിൽ വെക്കാമെന്നു കരുതി."

"അതിനുവല്ല മണിപ്ലാന്റും പോരേ? അതാവുമ്പോ വെള്ളം മതിയല്ലോ. അല്ലെങ്കീ ഒറിജിനലിനെ വെല്ലുന്ന പ്ലാസ്റ്റിക് ചെടി കിട്ടും."

ഞാൻ ചിരിച്ചതേയുള്ളൂ. നിലത്തു വളരുന്ന ചെടികളോടും പൂക്കളോടും അനിഷ്ടമില്ലാത്തയാളാണ് രാജൻപിള്ള. അതുകൊണ്ടാവണം കൂടുതലൊന്നും പറയാതെ അയാളിറങ്ങിപ്പോയത്.

ഒരാശ്വാസത്തോടെ ഞാൻ കതകടച്ചു തിരിയുമ്പോൾ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം കിട്ടിയവർ നിൽക്കുന്നതുപോലെ, സുമനയ്ക്ക് ഇരുവശത്തുമായി മക്കൾ രണ്ടുപേരും നിശ്ചലരായി എന്നെത്തന്നെ നോക്കിനിൽക്കുന്നുണ്ടായിരുന്നു. അവരിലെ ഒന്നാംസ്ഥാനക്കാരിയായ സുമനയെ കുറ്റവാളികൾക്ക് ലഭിക്കുന്നതരം ആത്മനിന്ദയോടെയും ജാള്യത്തോടെയും ഞാൻ നോക്കി. ചിരിക്കുകയൊന്നും ചെയ്യാതെ എന്നെയൊന്ന് ഇരുത്തിനോക്കിയിട്ട് അവൾ മുറിക്ക

കത്തേക്കുതന്നെ പോയി. മക്കൾ ഓടി എന്റെയടുത്തേക്ക് വന്നു. ഇളയവൾ അലിവൂറുന്ന മുഖത്തോടെ പറഞ്ഞു:

"അച്ഛനെ അങ്കിള് ചീത്ത പറഞ്ഞപ്പോ, പീലിമോള് പേടിച്ചുപോയി."

പീലിയെ വാരിയെടുത്തു ഞാൻ ഉമ്മവച്ചു. പിന്നെ ആശ്വസിപ്പിച്ചു:

"അങ്കിള് ചീത്ത പറഞ്ഞതല്ലല്ലോ. ലിഫ്റ്റ് വൃത്തിയായി സൂക്ഷിക്കണമെന്നു പറഞ്ഞതല്ലേ. അതു സാരമില്ലാട്ടോ."

"അച്ഛൻ കൈകൊണ്ടാണോ മണ്ണെടുത്തത്? എങ്കിൽ അമ്മേം ചീത്ത പറയും. മണ്ണ് ഇച്ചീച്ചിയാ."

പീലി ഒച്ച താഴ്ത്തി പറഞ്ഞു. ഞാനൊന്നു പുഞ്ചിരിച്ചുപോയി. സുമന കേൾക്കുന്നുണ്ടാവുമോ മകളുടെ ജാഗ്രത? അത്രയും നേരം നിശ്ശബ്ദയായിരുന്ന തന്മയ കാര്യഗൗരവത്തോടെ ചോദിച്ചു:

"എവിടെയാ അച്ഛൻ സോയിൽ സൂക്ഷിച്ചിരിക്കുന്നത്?"

എന്താണിന്ന് സംഭവിച്ചത്? രാവിലെ ഉണർന്നയുടനെ ഒരാവേശം ഞാനറിയാതെ എന്നിൽ നിറയുകയായിരുന്നു. താഴെയിറങ്ങി റോഡിലൂടെ അരക്കിലോമീറ്റർ നടന്ന് മണ്ണിളകിക്കിടക്കുന്ന ഒരിടത്തുനിന്ന് വെറും കൈകൊണ്ട് വാരി പോളിത്തീൻ കവറിലാക്കിയാണ് ഞാൻ മണ്ണു കൊണ്ടുവന്നത്. ഒരു മഹാനഗരത്തിൽ താമസിക്കുന്നതിനിടെ മണ്ണന്വേഷിച്ചുപോകേണ്ടിവരുമ്പോഴേ മണ്ണ് കിട്ടാനില്ലാത്തതിന്റെ സങ്കടം ബോധ്യമാവൂ.

"എന്തു ചെടിയാ, റോസാണോ?"

തുണി മടക്കിവച്ചു കഴിഞ്ഞതിനാലാണോ പൂച്ചെടി കാണാനുള്ള സ്ത്രീസഹജമായ കൗതുകം കൊണ്ടാണോ എന്നറിയില്ല, സുമന ഞങ്ങളുടെ അടുത്തേക്കുതന്നെ വന്നു.

"ഷൈനാന്റിയാണോ അച്ഛന് പ്ലാന്റ് തന്നത്?"

തന്മയ ചോദിച്ചു.

"വല്യ പൂവുണ്ടാവും ല്ലേ അച്ഛാ?"

പീലി ഒച്ചവച്ച് എനിക്കുചുറ്റും ഒന്നോടി. അപ്പോഴത്തെ അമ്പരപ്പുകൾക്കിടയിലും എനിക്ക് ആഹ്ലാദം തോന്നി.

പൂക്കൾ വിടരുന്ന ഒരു ചെടി തൊട്ടടുത്തു വളരുന്നത് മക്കൾക്ക് ഇനി മുതൽ കാണാം. ഞാനതിനെ മണ്ണുനിറച്ച പാത്രത്തിൽ നടുന്നതും ടെറസിലേക്ക് സൗകര്യംനോക്കി വയ്ക്കുന്നതും അവർക്ക് പുതിയ അനുഭവമാകും. മത്സരിച്ച് അവർക്കതിന് വെള്ളമൊഴിക്കാം. വിടരുന്ന ഓരോ ഇലയും വിടർന്ന കണ്ണുകളോടെ എണ്ണിനോക്കാം.

ഇത്രയും നാളത്തെ പ്രകടനങ്ങൾക്ക് പൊടുന്നനെ ഭംഗി നഷ്ടമായതറിഞ്ഞ് ഇനി മുതൽ സ്ഫടികഭരണിയിൽ ഇളമീൻ കുഞ്ഞുങ്ങൾ ചിറകുകളനക്കാതെ വിശ്രമിക്കുമായിരിക്കും.

എനിക്കു ചുറ്റും മക്കളുടെ ആരവം പെട്ടെന്നു നിലച്ചു. അത് സുമന എന്നെ പിടിച്ചുലച്ചപ്പോഴാണ്.

"അരവിന്ദേട്ടനെന്താ ഒരു മാതിരി? അയാളു വല്ലതും പറഞ്ഞതിനാണോ? അതു കാര്യാക്കണ്ട. അതിനുള്ളത് ഞാൻ നാളെരാവിലെ അങ്ങോട്ടു പറഞ്ഞോളാം. അയാളെ



ചീത്തവിളിക്കാനാണോ കാരണങ്ങളില്ലാത്തത്?"

ചെറിയൊരു വിളർച്ചയോടെ ഞാൻ സുമനയെ നോക്കി. പിന്നെ മക്കൾ കേൾക്കുമല്ലോ എന്ന പ്രയാസത്തിൽ പറഞ്ഞു:

"ഞാൻ പറഞ്ഞത് ശരിക്കും നുണയാണ്. നീ വിചാരിക്കും പോലെ അതൊരു ചെടിയല്ല."

"പിന്നെ?"

സുമനയുടെ പുരികമുയർന്നു. മക്കളുടെ മിഴികളിൽ ആകാംക്ഷ ത്താമര.

"അതൊരു മരമാണ്."

ദുർബലമായ മാനസികഘടനയുള്ള ഭർത്താവിനെ മനസ്സിലാക്കിവച്ചിട്ടുള്ള സ്ത്രീകൾ ഇത്തരം സന്ദർഭങ്ങളിൽ പുറത്തെടുക്കുന്ന ആ നിശ്ശബ്ദനോട്ടം സുമന എന്നെയും നോക്കി. അതിനൊരു നൂറുകിലോ കട്ടിയുടെ ഭാരമുണ്ട്. പക്ഷേ, മക്കൾക്ക് അതൊന്നും വേവലാതിയുണ്ടാക്കുന്ന പ്രശ്നമല്ല.

"ഹായ്......ക്രിസ്മസ്ട്രീയാണോ അച്ഛാ."

"അച്ഛനെങ്ങനെയാ ട്രീയൊക്കെ പിക്ക് ചെയ്തത്?"

"മരമാണോ ഉയരം വെക്കുന്ന പൂച്ചെടിയാണോ?"

സുമന ചോദിച്ചു.

"പൂച്ചെടിയല്ല, മരത്തൈ. ഒരു ഇലഞ്ഞിമരത്തിന്റെ തൈ!"

സൂര്യകാന്തിപ്പൂക്കൾക്ക് ചന്ദനനിറം ചാർത്തി വലുപ്പം കുറച്ച് ക്ലോണിങ് നടത്തിയ മട്ടിൽ ചിതറിക്കിടക്കുന്ന ഇലഞ്ഞിപ്പൂക്കളുടെ ചിത്രം എന്റെ മനസ്സിൽ വാസനയോടെ നിറഞ്ഞു.

ഞാൻ ടെറസിലേക്കു നടന്നു. പൊട്ടിയ പാത്രങ്ങളും ചൂലിൻ കുറ്റികളും ഇട്ടിരുന്ന മൂലയ്ക്കപ്പുറത്ത് വെയിൽ കൊള്ളാത്തിടത്ത് തലേന്നു നഴ്സറിയിൽനിന്നു വാങ്ങിയ ഇലഞ്ഞിത്തൈ ഞാൻ വച്ചിട്ടുണ്ടായിരുന്നു.

"ഇതെപ്പോഴാ ഇവിടെ കൊണ്ടുവന്നുവെച്ചത്?"

സുമന അദ്ഭുതപ്പെട്ടു. മക്കൾ ഉത്സാഹത്തോടെ മരത്തൈക്കരികിൽ കുത്തിയിരുന്നു. ആദ്യദിവസം മത്സ്യക്കുഞ്ഞുങ്ങളെ കൈവെള്ളയിലെടുത്തു നോക്കിയതുപോലെ അവരിതിനെയും പരിശോധിച്ചുകളയുമെന്ന് എനിക്കു തോന്നി.

"അച്ഛാ, ഈ ട്രീ എത്ര വലുതാവും?"

"ഒരുപാട് വലുതാവും."

"വലുതാവുമ്പോ പൂവുണ്ടാവുമോ?"

"പൂവുണ്ടാവും."

"എന്താ പൂവിന്റെ പേര്?"

"ഇലഞ്ഞിപ്പൂവ്."

"അപ്പോ ട്രീയുടെ പേരോ?"

"അതിന്റെ പേരും ഇലഞ്ഞീന്നുതന്നെയാ മോളേ."

"നുണപറയല്ലേ അച്ഛാ, അച്ഛന്റേം അമ്മേടേം പേരല്ലല്ലോ പീലി മോൾക്ക്?"

ഞാൻ കുഴങ്ങി. സുമന ഇതിലൊന്നും അദ്ഭുതമില്ല എന്ന മട്ടിൽ നിൽക്കുന്നു.

"മോളേ, മനുഷ്യരെപ്പോലെയല്ല. പൂച്ചെടികളുടെ പേരുതന്നെയാ പൂവിനും. തെങ്ങിന്റെ പൂവ് തെങ്ങിൻപൂവ്. താമരച്ചെടീടെ പൂ താമരപ്പൂ. അതേപോലെ."

"അല്ലച്ഛാ, അതിന്റെയൊക്കെ ബോട്ടാണിക്കൽ നെയിം വേറെയാ. അന്നേരം നമുക്കിതിന്റെ ഫാമിലിയൊക്കെ അറിയാമ്പറ്റും" - തന്മയ തർക്കിച്ചു.

"ങാ....മതി മതി. രണ്ടാളും കൂടി..."

എന്നിട്ട് സുമന എന്നെ നോക്കി വളരെ ശാന്തമായി ചോദിച്ചു:

"ഇതെവിടെ നടാനാ പ്ലാൻ?"



രാജൻപിള്ളയുടെ ആഗമനത്തോടെ പ്രസക്തിയേറിയ എന്നെ സംബന്ധിച്ച വസ്തുതകൾ ഞാൻ നിർലജ്ജം തുറന്നുകാട്ടേണ്ടത് വാസ്തവത്തിൽ ഇനിയാണ്. കുറേക്കാലമായി നിയന്ത്രിച്ചു നിർത്തിയിട്ടുള്ള സുമനയുടെ പതിവാവശ്യങ്ങളും മോഹങ്ങളും വീണ്ടും പുറത്തിറങ്ങി മുരണ്ടു നടക്കാനുള്ള സാധ്യതയും ഇനി മുതലാണ്.

"എവിടെ നടുംന്ന് ചോദിച്ചാ, തൽക്കാലം ഇവിടെത്തന്നെ നടാം. ഒരു ചട്ടീല്. പിന്നത്തെ കാര്യം പിന്നെ."

"ചട്ടീല് വളർത്തുന്നതാണോ ഇലഞ്ഞി?"

"അതല്ല. എന്നാലും നിവൃത്തിയില്ലാത്തപ്പോ ചട്ടീല് വെക്കാം. വേണങ്കീ പിന്നീട് ഇത്തിരികൂടി വലിയ ചട്ടി വാങ്ങാം."

"എന്നിട്ട് ഈ ടെറസ് നിറഞ്ഞ് ഏഴാം നിലേല് ഒരു മരം. അതോടെ എല്ലാം ഇടിഞ്ഞുപൊളിഞ്ഞ് താഴെ. ഉള്ള കിടപ്പാടം കൂടി പോയിക്കിട്ടും, അല്ലേ?"

"അതിനിത് മരമാവാൻ എത്രകൊല്ലം പിടിക്കും! അതുവരെ ഇവിടെ വളരട്ടെ. ഒരു ഭംഗിയല്ലേ?"

സുമന എന്നെയൊന്നു രൂക്ഷമായി നോക്കി.

"ആ മീൻകുഞ്ഞുങ്ങളെ ചെറിയ ഭരണിയിലിട്ട് അടച്ചതിന്റെ മനോവിഷമം നിങ്ങള് ആഴ്ചകളോളം ഈ പിള്ളാരുടെ മുഖത്തുനോക്കി പറഞ്ഞുനടന്നില്ലേ? ലൗബേഡ്സിനെ വളർത്താൻപോലും നിങ്ങളെന്നെ സമ്മതിച്ചിട്ടില്ലല്ലോ. ഭരണീകെടക്കണ മീനും ചട്ടീ വെച്ചിരിക്കുന്ന മരവും തമ്മിലെന്താ വ്യത്യാസം? എട്ടുംപൊട്ടും തിരിയാത്ത പിള്ളാർക്കാണോ രണ്ടു പിള്ളാരുടെ അച്ഛനായ നിങ്ങൾക്കാണോ ഇപ്പോ കളിപ്രായവും വിവരമില്ലായ്മയും?"

ഞാനൊന്നും പറഞ്ഞില്ല.

സുമന ടെറസിൽനിന്ന് അടുക്കളയിലേക്കു നീങ്ങി. തന്മയ എണീറ്റ് പിന്നാലെ ചെന്നു. പീലി അവിടെത്തന്നെ കുന്തിച്ചിരുന്ന് ഒരു ചത്തജന്തുവിനെ നോക്കുന്ന പേടിയോടെയും ആശങ്കയോടെയും ഇലഞ്ഞിത്തൈ നിരീക്ഷിക്കുകയാണ്. കൈകൾ രണ്ടും വയറോടു ചേർത്തു മടിയിൽ വച്ചിട്ടുണ്ട്. കറുത്ത കൂട്ടിനുള്ളിലെ മണ്ണിൽ വേരുറപ്പിച്ച് കരുത്തണിഞ്ഞ് നിൽക്കുകയാണ് ഇലഞ്ഞിത്തൈ.

അന്നു രാത്രിമുതൽ രണ്ടുമുറി ഫ്ളാറ്റിന്റെയും ഒരാൾക്ക് കഷ്ടിച്ചു പെരുമാറാൻ വലുപ്പമുള്ള അടുക്കളയുടെയും പരിമിതികൾ രാത്രിയുടെ കോട്ടുവായോളം നീളമുള്ള ചർച്ചാരൂപത്തിൽ ഞങ്ങൾക്കിടയിൽ ആരംഭിച്ചു.

"എന്നെങ്കിലും ഒരു സെന്റ് സ്ഥലം നമുക്ക് വാങ്ങിക്കാൻ കഴിയോ അരവിന്ദേട്ടാ?"

സുമന ചോദിക്കുകയാണ്.

പത്തുകൊല്ലമായി താമസിക്കുന്ന ഇതേ വീട്ടിലെ കിടപ്പുമുറിയിലെ ഒരലമാരയിൽ വളരെ തിരഞ്ഞാൽ പതിനൊന്നുകൊല്ലം മുമ്പ് വരപ്പിച്ച ഒരു വീടുപണിപദ്ധതിയുടെ പകർപ്പുണ്ടാവും. സ്ഥലം വാങ്ങിയിട്ട് വരപ്പിച്ചതായിരുന്നില്ല അത്. ഒരു സുഹൃത്തിനെക്കൊണ്ട് വെറുതെയൊരു മോഹത്തിന് പറഞ്ഞുവരപ്പിച്ച, മൂന്നു കിടപ്പുമുറികളുള്ള, മുറ്റത്ത് പൂന്തോട്ടവും പിന്നിൽ കുളവും കുറച്ചു മരങ്ങൾ വയ്ക്കാനുള്ള സ്ഥലവുമുള്ള ഒരു സങ്കൽപ്പം.

ആ സങ്കൽപ്പത്തിലേക്ക് എന്റെ ഇല്ലായ്മ പകരുന്ന ലജ്ജകൊണ്ട് ഇത്രനാളും കയറിവരാൻ മടിച്ചുനിന്ന ഇലഞ്ഞിയാണ് ഇന്നലെ വന്നെത്തിയിരിക്കുന്നത്.

പത്തുവർഷമായി ഒരു പൂച്ചെടിപോലുമില്ലാതിരുന്ന വീട്ടിലേക്ക് ഇലഞ്ഞി കടന്നുവന്നതോടെ ദിവസങ്ങളുടെ താളക്രമംതന്നെ മാറി. കാലത്തുണർന്നാൽ ആദ്യമേതന്നെ ഇലഞ്ഞിയെ പോയിനോക്കും. വെള്ളമൊഴിക്കുകയും പുതിയ നാമ്പുപൊട്ടിവരുന്നുണ്ടോ എന്നു നോക്കുകയും ചെയ്യും. എന്റെ കൂടെ പീലിയും തന്മയയും ഉണർന്നുവരും. ചിലപ്പോഴൊക്കെ മറച്ചുവയ്ക്കാനാവാത്ത ഒരു സന്തോഷത്തോടെ ഞാൻ സുമനയെ പിടിച്ചുവലിച്ചു കാണിച്ചുകൊടുക്കുകയും ചെയ്യും. ഒരു ദിവസം ഞാൻ പറഞ്ഞു:

"നോക്കെടീ, ഇല വരുന്നതു കണ്ടോ? നമ്മുടെ സ്വന്തം പറമ്പില് ഇവനെ ഞാനൊരിക്കൽ കുഴിച്ചുവെക്കും. നീയും മക്കളും വെള്ളം കോരും. ഇവൻ വലുതാകും."

സുമന എന്നെയൊന്നു നോക്കിയിട്ട് ചെറുചിരിയോടെ പറഞ്ഞു:

"ആ തമാശയൊക്കെ ഞാൻ വിട്ടു അരവിന്ദേട്ടാ."

സ്വത്തും ബന്ധുബലവുമില്ലാത്ത ഒരു വീട്ടിൽനിന്ന് സ്വമനസ്സാലെ ഞാൻ സുമനയെ തിരഞ്ഞെടുത്തതാണെന്ന് അവൾക്കറിയാം. അതുകൊണ്ടാവണം, ഇല്ലായ്മയുടെ നിരാശകൾ പങ്കുവച്ചിട്ടുള്ളതല്ലാതെ സുമന ഒരിക്കലുമെന്നെ കുറ്റപ്പെടുത്തിയിട്ടില്ല.

മറ്റൊരു പകൽ. ജോലി കഴിഞ്ഞ് വരുകയായിരുന്നു ഞാൻ. റോഡരികിൽ മിനിലോറി നിർത്തിയിട്ട് ഏതോ നഴ്സറിക്കാർ തൈകൾ വിൽക്കുന്നുണ്ട്. അഞ്ചടി പൊക്കത്തിൽ കായ്ച്ചു കുലകുത്തിനിൽക്കുന്ന മാവുകളും സപ്പോട്ടയും കുറേ പൂച്ചെടികളും ശ്രദ്ധിക്കുമ്പോഴാണ് മാവുകൾക്കിടയിൽ മറ്റൊന്ന് കണ്ടത്. ഒരു ചെമ്പകമായിരുന്നു അത്.

"അതിനെന്താ വില?"

"അമ്പതുരൂപ."

വീട്ടിലുള്ള ഇലഞ്ഞിയേക്കാൾ വലുതാണ്. വലിയ ചട്ടിയോ മണ്ണുനിറച്ച ചാക്കോ വേണ്ടിവരും. പരമാവധി ഒരു വർഷത്തിനുള്ളിൽ അതിനെ മണ്ണിൽവച്ചില്ലെങ്കിൽ അത് ഞാനതിനോട് ചെയ്യുന്ന ഏറ്റവും വലിയ പാതകമായിരിക്കുകയും ചെയ്യും. എന്റെ നോട്ടത്തെ പിടികൂടി വിൽപ്പനക്കാരൻ വാചാലനായി:

"ബഡ്ഡുതൈയാ സാറേ. പറമ്പീവെച്ചാ വരുന്ന കൊല്ലം പൂവാ."

"ഒരു കൊല്ലംകൊണ്ട് പൂവിടുമോ?"

എന്റെ ചോദ്യത്തിൽ എനിക്കുതന്നെ ഇഷ്ടപ്പെടാത്ത ഒരു നിഷ്കളങ്കത കയറിക്കൂടി.

"വളർച്ച കണ്ടോ. പൊൻചെമ്പകമാ അത്, പൊൻചെമ്പകം."

ഒ.എൻ.വി. എഴുതിവച്ചത് ഞാനൊന്ന് മൂളി- ചെമ്പകപുഷ്പ സുവാസിതയാമം...ചന്ദ്രിക വിടരും യാമം....

എനിക്ക് സുമനയുടെ ഭംഗികൾ ഓർമ്മവന്നു.

"ഇതങ്ങ് എടുക്കട്ടെ സാറേ?"

എന്റെ തല സമ്മതഭാവത്തിൽ ഒന്നനങ്ങി.

ചെമ്പകത്തെ രാജൻപിള്ളയുടെ കണ്ണിൽപ്പെടാതെ വീട്ടിലെത്തിക്കുന്നതിനുവേണ്ടി നഗരത്തിൽ കുറേ ചുറ്റിക്കറങ്ങി നേരം വൈകിച്ചശേഷമാണ് ഞാൻ ഫ്ളാറ്റിലെത്തിയത്. ഒൻപതുമണിക്ക് രാജൻപിള്ള ഭക്ഷണം കഴിക്കാൻപോകും. ഗേറ്റ് കീപ്പർമാർ കണ്ടാലും കുഴപ്പമില്ല. അഥവാ രാജൻപിള്ളയുടെ മുന്നിൽപ്പെട്ടാലോ എന്നു കരുതി ചെമ്പകത്തെ ഞാൻ വലിയൊരു കൂട്ടിലേക്ക് മാറ്റിയിരുന്നു. ഭാഗ്യത്തിന് ലിഫ്റ്റിലും ആരുമുണ്ടായിരുന്നില്ല.

സുമന കതകു തുറന്നുതരാൻ കാത്തുനിൽക്കുമ്പോഴാണ് ഞാൻ ആശയക്കുഴപ്പത്തിൽ അകപ്പെട്ടത്. എട്ടുലക്ഷത്തിൽ താഴെ സെന്റിനു വിലയില്ലാത്ത ഒരിടംപോലും നഗരത്തിലെങ്ങുമില്ല. പ്രാന്തപ്രദേശങ്ങളിൽ പരതിയാലും വില അഞ്ചുലക്ഷത്തിൽ താഴെ പോകില്ല. അതായത്, അഞ്ചു സെന്റ് ഭൂമി വാങ്ങാൻ ഈ ജന്മം ഇങ്ങനെ ജീവിച്ചാൽ എനിക്കു സാധിക്കുകയില്ലെന്ന് ഉറപ്പാണ്. സുമനയുടെ ശമ്പളം അതേപടി വീടിന്റെ വാടക കൊടുക്കാനേ ഉള്ളൂ. ഈ ചെമ്പകവും ഇലഞ്ഞിക്കൊപ്പം ടെറസിൽത്തന്നെ ഇരിക്കേണ്ടിവരും. വാങ്ങേണ്ടിയിരുന്നില്ല.

"ദേ...അമ്മേ, അച്ഛൻ ഷോപ്പിങ്ങിനു പോയി."

കതകു തുറന്ന തന്മയ അത്യാഹ്ലാദത്തോടെ ഉറക്കെ കൂവി. ഞാൻ ഞെട്ടിപ്പോയി. പരിചയക്കാരന്റെ കടയിൽനിന്ന് വലുപ്പമുള്ള കൂട് ചോദിച്ചപ്പോൾ അവനെടുത്തുതന്നത് മുന്തിയ തുണിക്കടയുടെ മാറ്റുകൂടിയ കൂടായിപ്പോയത് എന്റെ നിർഭാഗ്യം. പുറത്തേക്കുവന്ന സുമനയുടെ കണ്ണും വിടർന്നു. പീലി ഓടിവന്നതേ സഞ്ചിയിൽ പിടിത്തമിട്ടു വലിച്ചു. എന്റെ നെഞ്ചുകത്തി. ചെമ്പകത്തിന്റെ ചില്ലകൾ ഒടിയുമോ?

"മോളേ, പൊട്ടും...പൊട്ടിക്കല്ലേ...വിട്..."

സുമന ചോദിച്ചു:

"പൊട്ടുന്നതോ, അപ്പോ തുണിയല്ലേ, എന്താ വാങ്ങിയത്?"

ആകെ വിഷമിച്ചുകൊണ്ട് നടുത്തളത്തിലെ കസേരയിൽ ഞാനിരുന്നു. രാജൻപിള്ള കണ്ടാലും ടെറസിൽ കാടുപിടിപ്പിച്ച് ഭിത്തി തകർക്കുമോ എന്നു കയർത്താലും സാര

മില്ലായിരുന്നു. ഇങ്ങനെ മറച്ചു കൊണ്ടുവരേണ്ടിയിരുന്നില്ല. കുട്ടികളെ അടക്കി നിർത്തിക്കൊണ്ട് ഞാൻ പതുക്കെ സഞ്ചി തുറന്ന് ചെമ്പകത്തെ പുറത്തെടുത്തു.

ഒരു തെങ്ങിൻതൈയുടെ ഉയരവും വലുപ്പവുമുണ്ടായിരുന്നു അതിന്. ആ ചുമരുകൾക്കുള്ളിൽ ടി.വിക്കും ടെലിഫോണിനും ഡി.വി.ഡിക്കും സി.ഡി.പ്ലെയറിനും അതിഥികൾ വരുമ്പോൾ എടുക്കാനായി വച്ചിരിക്കുന്ന സ്ഫടികപ്പാത്രങ്ങൾക്കുമിടയിൽ ആ ചെമ്പകത്തെ ചൂളിപ്പിടിച്ചു നിന്നു. അതിന്റെ മൂട്ടിലെ, കറുത്ത പോളിത്തീൻ ബാഗിലെ മണ്ണും വെള്ളവും അപകർഷബോധം പൂണ്ടു. സുമനയുടെ മുഖം ഇരുണ്ടുമൂടുകയല്ല ചെയ്തത്. അവളെന്നെ വർധിച്ച സംശയത്തോടെ ഉറ്റുനോക്കുകയാണുണ്ടായത്. മക്കൾ അവളെയും എന്നെയും മാറിമാറി നോക്കുന്നു.

"എന്തു പ്ലാന്റാ അച്ഛാ ഇത്?"

"നമ്മുടെ ഇലഞ്ഞീടെ വലുതാ?"

"ഇലഞ്ഞിയല്ല മോളേ, ഇലഞ്ഞി."

"ഹണീടെ വീട്ടിൽ വെച്ചേക്കണ പോലെ ഒരു സ്റ്റാന്റുണ്ടാക്കി നമുക്കിതിനെ ഇവിടെ വെക്കാം."

"ടീവീടെ മോളില് വെക്കാം. എന്റെയാ ഇത്."

ചെമ്പകത്തെയുമായി ഞാനെണീറ്റു. മനപ്പൂർവം സുമനയുടെ മുഖത്തു നോക്കിയില്ല. മക്കളോട് ഒച്ചവച്ചു പറഞ്ഞു:

"ങാ...ങാ...ഇപ്പോ ഇത് ടെറസീത്തന്നെ വെക്കാം. ബാക്കിയൊക്കെ നാളെ രാവിലെ തീരുമാനിക്കാം. പോയിരുന്ന് പഠിക്ക്."

ടെറസിൽ ഇലഞ്ഞിക്കടുത്തായി ചെമ്പകവും ഞാൻ വച്ചു. രണ്ടു മരത്തെ ഒന്നിച്ചുകണ്ടപ്പോൾ മനസ്സിനു വല്ലാത്തൊരു സന്തോഷം തോന്നി.

രാത്രി കിടക്കാൻ നേരം സുമനയോടു ഞാൻ പറഞ്ഞു:

"പൊൻചെമ്പകാ അത്. നീ കണ്ടിട്ടില്ലേ്യ, പെൺകുട്ട്യോള് മുടീവെക്കണ ചെമ്പകപ്പൂ. നീണ്ട ഇതളുള്ള....സ്വർണനിറമുള്ള....അതുതന്നെ അടുത്തവർഷം പൂക്കും. നിനക്കും മക്കൾക്കും കാശുകൊടുക്കാണ്ട് പൂ ചൂടാല്ലോ."

സുമന അനിഷ്ടമൊന്നുമില്ലാതെ ചോദിച്ചു:

"അതു വല്യ മരമാവുന്നതല്ലേ?"

"അത്ര വലുതാവില്ല."

"എന്നാപ്പിന്നെ ചട്ടീവെക്കാൻ പറ്റണ വല്ല റോസോ മറ്റോ വാങ്ങിയാ മതിയായിരുന്നല്ലോ."

സുമഗന്ധം പൊഴിക്കുന്ന പൂമരങ്ങൾക്കിടയിൽ ജീവിക്കാനുള്ള ആശകൊണ്ടെങ്കിലും ഏതു വിധേനയും എവിടെയെങ്കിലും ഞാനിത്തിരി സ്ഥലം വാങ്ങിക്കുമെന്ന് സുമനയും വിശ്വസിച്ചിരിക്കാം. അവൾ വേറൊന്നും പറഞ്ഞില്ല.

ആ പിൻബലം കൊണ്ടുതന്നെയാണ് ഇലഞ്ഞിക്കും ചെമ്പകത്തിനും പിന്നാലെ വയലറ്റ് നിറമുള്ള മന്ദാരവും നാഗലിംഗമരവും നീർമാതളവും മെയ്‌വാകയും പുന്നയും ആര്യവേപ്പും അങ്ങനെ എട്ടുപത്തിനം മരങ്ങളുകൂടി ലിഫ്റ്റ്കയറി വീട്ടിലേക്കു വന്നത്. ചട്ടിയും മണ്ണും സംഘടിപ്പിച്ച് ഞാനവ നടുകയും ചെയ്തു. രാവിലെയും വൈകുന്നേരങ്ങളിലും ഞാൻ കൂടുതൽ സമയം ചെലവഴിക്കുന്നത് ടെറസിലായി. പച്ചില തഴച്ച് ടെറസ് മൂടി. താഴെയിറങ്ങി വടക്കുവശത്തുനിന്ന് മുകളി

ലേക്കു നോക്കിയാൽ ചെമ്പകവും മന്ദാരവും ആർത്തു നിൽക്കുന്നത് ആർക്കും കാണാം.

മറ്റൊരു ഞായറാഴ്ച. അറിയിപ്പുമണിയുടെ നാദം. ഞാൻ ചെന്ന് കതകു തുറന്നു. മുന്നിൽ രാജൻപിള്ള.

"മി. അരവിന്ദാക്ഷൻ, നിങ്ങളെന്നോട് ഒളിക്കരുത്. ഇന്നലെ രാത്രി നിങ്ങളെന്താണ് ആ കാർപോർച്ചിന്റെ സൈഡിൽ ഇരുട്ടത്തുനിന്നു ചെയ്തത്?"

ഞാൻ ഒരിറക്ക് ഉമിനീർ വിഴുങ്ങി. പിന്നിൽ ഭാര്യയും മക്കളും വന്നു നിൽക്കുന്നുണ്ടോ എന്നറിയാൻ ഉഴറിനോക്കി. എല്ലാവരും അതതു സ്ഥലങ്ങളിലുണ്ട്. ഞാൻ പതിവുപോലെ ചിരിച്ചു.

"നിങ്ങടെ ചിരിയെനിക്കു കാണണ്ട മിസ്റ്റർ. കംപ്ലയിന്റ് കിട്ടിയിട്ടുണ്ട്. ഭാര്യേടെ മുന്നിൽവെച്ചു ഞാനതു വായിക്കണോ?"

ഇത്തവണ ഞാൻ വിളറി. എന്തായിരിക്കാം രാജൻപിള്ളയ്ക്ക് എന്നെപ്പറ്റി ലഭിച്ചിട്ടുള്ള പരാതി? ആരായിരിക്കാം പരാതി കൊടുത്തിട്ടുണ്ടാവുക?

"ഇന്നലെ അസമയത്ത് പടിഞ്ഞാട്ടുള്ള കാർഷെഡ്ഡിനരികിൽ നിങ്ങൾ പോയില്ലേ? അതെന്തിനാണ്?"

ഞാൻ തിരിഞ്ഞ് സുമനയെ നോക്കി. അവളെന്നെത്തന്നെ നോക്കിനിൽക്കുന്നു. രാജൻപിള്ളയുടെ മുന്നിലേക്കു വന്നിട്ട് സുമന പറഞ്ഞു: "പിള്ളച്ചേട്ടനൊന്നു വരൂ."

അയാളുടെ പ്രതികരണത്തിന് കാത്തുനിൽക്കാതെ സുമന നടന്നു. എന്നെയൊന്ന് നോക്കിയിട്ട് രാജൻപിള്ളയും അവൾക്കു പിന്നാലെ ചെന്നു.

ടെറസിലേക്കുള്ള വാതിൽ തുറന്നതേ നടുപകുത്ത മന്ദാരത്തിന്റെ ഇലകൾ അകത്തേക്ക് തലനീട്ടി. ഒപ്പം നാഗലിംഗമരത്തിന്റെ കരിമ്പച്ച ഇലകളും.

"ഹെന്തായിത്?" രാജൻപിള്ള ചോദിച്ചു. അയാൾ അമ്പരന്നുപോയിരുന്നു. സുമന പറഞ്ഞു:

"ഹെർബേറിയം."

രാജൻപിള്ളയേക്കാളും അദ്ഭുതസ്തബ്ധനായി ഞാനവളെ നോക്കി. ഇക്കണോമിക്സ് പഠിച്ച് ഗുമസ്തപ്പണിയെടുക്കുന്ന സുമന ഹെർബേറിയത്തെപ്പറ്റി പറയുന്നു!

ഓരോ മരത്തൈയുടെ ചുവട്ടിലും അതിന്റെ നാടൻപേരും ശാസ്ത്രനാമവും ഞാനെഴുതിവച്ചിട്ടുണ്ടായിരുന്നു.'അച്ഛാ, ബൊട്ടാണിക്കൽ നെയിം പ്ലീസ്' എന്നു പറയുന്ന തന്മയയ്ക്കുവേണ്ടിയായിരുന്നു അതെല്ലാം. സുമനയുടെയും മക്കളുടെയും സങ്കൽപ്പത്തിൽ, സ്വന്തമെന്നു പറയാവുന്ന മണ്ണിലേക്ക് ഒരു മേടമാസത്തിൽ അവരെയും കൂട്ടിപ്പോയി ഞാനതെല്ലാം കുഴിച്ചുവയ്ക്കുമായിരുന്നു.

ആ മരങ്ങൾ വലുതാകുമ്പോൾ അതിനിടയിൽ പണിയുന്ന വീട്ടിൽ സുമനയും ഞാനും തനിച്ച് വാർധക്യം പങ്കിടുമായിരുന്നു. ഇടയ്ക്കിടെ ഞങ്ങളെ കാണാൻ മക്കൾ കുടുംബസമേതം വരുമായിരുന്നു. ഞങ്ങൾക്കുവേണ്ടി ചെമ്പകം അപ്പോഴും പൂക്കുമായിരുന്നു.

സുമന എന്റെ നേരെ തിരിഞ്ഞിട്ടു ചോദിച്ചു:

"ഇന്നലെ എന്താ ഉണ്ടായത്?"

ആകാശത്തുനിന്നുള്ള വെളിച്ചം അവളുടെ മുഖത്ത് വീഴുന്നുണ്ടായിരുന്നു. അത് വെയിലായിരുന്നില്ല. ഞാൻ പറഞ്ഞു:

"ഷൈന തന്ന കണിക്കൊന്നവിത്തുകൾ ഞാനിന്നലെ രാത്രി... കാർഷെഡ്ഡിനരികിൽ...."

രാജൻപിള്ള ഒന്നും പറയാതെ ഇറങ്ങിപ്പോയി.

അന്നുമുഴുവൻ ബാങ്ക്‌വായ്പകളെപ്പറ്റിയും റിയൽ എസ്റ്റേറ്റുകാർ കൊള്ളയടിച്ച സാധാരണക്കാരന്റെ സ്ഥലസ്വപ്നത്തെപ്പറ്റിയും ഞാനേറെ ആലോചിച്ചു. എന്റെ രണ്ടു പെൺമക്കൾ വളരുകയാണ്. അവർക്ക് പഠിക്കണം. അവരെ വിവാഹം ചെയ്തയക്കണം. മാനേജരിൽനിന്ന് വളരാനാവാതെ അതിനെല്ലാംവേണ്ടി കമ്പനിയിൽ ഞാനിനിയും ഇരുപതിലധികം വർഷങ്ങൾ മനുഷ്യരൂപത്തിൽത്തന്നെ ജീവിക്കണം. എന്റെ കുടുംബത്തെ രക്ഷിക്കാൻ, ഞാൻ മോഹംകൊണ്ട് സ്വരുക്കൂട്ടിവച്ച മരങ്ങളെ രക്ഷിക്കാൻ ആരു വരും? ഒടുവിൽ ടെറസിൽ വളർന്ന്, കെട്ടിടത്തിന് ഭീഷണിയാകുമ്പോൾ രാജൻപിള്ള വീണ്ടും കയറിവരും. നിവൃത്തിയില്ലാതെ ഞാനവയെ മറ്റെവിടെയെങ്കിലും പറിച്ചുവയ്ക്കേണ്ടതായിവരും. അവ മറ്റൊരിടത്ത് വളരുന്നതും പൂവിടുന്നതും എനിക്ക് സങ്കൽപ്പിക്കാനേ കഴിയുമായിരുന്നില്ല.

എന്റെ അസ്വസ്ഥതകൾ രാത്രിയിലേക്കു നീണ്ടു. തീരെ ഉറക്കം വരുന്നില്ലെന്നു മനസ്സിലായപ്പോൾ വെളിച്ചമിടാതെ ഞാനെഴുന്നേറ്റു പുറത്തേക്കു നടന്നു. ടെറസിൽ പോയി എന്റെ വൃക്ഷത്തൈകൾക്കിടയിൽ നിന്നു. അപ്പുറത്ത് മഹേന്ദ്രന്റെയും ഗീതയുടെയും കിടപ്പുമുറിയുടെ വായുദ്വാരംവരെ വർത്തമാനപത്രം തിരുകി അടച്ചിരിക്കുന്നത് ഞാൻ കണ്ടു. ഇപ്പോഴാണത് ശ്രദ്ധിക്കുന്നത്. സങ്കടങ്ങൾ താങ്ങാനാവാതെ ചെടികൾക്കിടയിൽ ഞാൻ കുത്തിയിരുന്നു. പുറത്ത് ചെറിയ വെളിച്ചമായി ചന്ദ്രപ്രകാശമുണ്ടായിരുന്നു. സുമന പറഞ്ഞ ഹെർബേറിയം എന്ന വാക്ക് ഞാനോർത്തെടുത്തു.

സാധാരണ ദിവസങ്ങളിൽ മക്കളെ വിട്ടുകഴിഞ്ഞ് ഞാനും സുമനയും ഒന്നിച്ചാണ് ജോലിക്കിറങ്ങാറ്. പിറ്റേന്നു രാവിലെ ലിഫ്റ്റിൽ നിന്നിറങ്ങി ഞങ്ങൾ ചെല്ലുമ്പോൾ രാജൻപിള്ള ഓഫീസ് മുറിക്കു മുന്നിൽ ഞങ്ങളെ കാത്തുനിൽപ്പുണ്ടായിരുന്നു. അയാൾ ഞങ്ങൾക്കടുത്തേക്കു വന്നു. ഞാനും സുമനയും പരസ്പരം നോക്കി.

രാജൻപിള്ള പറഞ്ഞു:

“ഇവിടെനിന്നൊരു പതിനെട്ടുകിലോമീറ്റർ ദൂരെ ആ കോൾപ്പാടത്തിന്റെ വടക്കുമാറി ഒരു പ്ലോട്ട് കിടപ്പുണ്ട്. ബ്രോക്കറില്ലാത്ത കച്ചവടമാ. അമേരിക്കേലാ അതിന്റെ ഉടമസ്ഥരൊക്കെ. നമുക്കതൊന്നു നോക്കാം. വിലയൊക്കെ നിങ്ങൾക്ക് താങ്ങാൻ പറ്റും. അതൊക്കെ ഞാനന്വേഷിച്ചു വെച്ചിട്ടുണ്ട്.”

ഞാനും സുമനയും മുഖത്തോടുമുഖം നോക്കി. സുമനയുടെ മുഖത്ത് അവിശ്വസനീയതയുമുണ്ട്. അത് എന്റെ മുഖത്തുമുണ്ടാവും.

“കൊറേ മരങ്ങളൊക്കെ നിൽക്കുന്ന സ്ഥലമാ. വെലയല്ല, ആ മരങ്ങളൊക്കെ സംരക്ഷിക്കപ്പെടണമെന്നാ അതിന്റെ ഉടമസ്ഥർക്ക്. അരവിന്ദാക്ഷനാവുമ്പോ അതൊന്നും വെട്ടിമുറിക്കുകേലല്ലോ.”

ഞാനൊന്നും പറഞ്ഞില്ല. രാജൻപിള്ളയോട് സുമന എന്തൊക്കെയോ ആവേശത്തോടെ സംസാരിക്കുന്നുണ്ട്. ‘ചെമ്പകപുഷ്പസുവാസിതയാമം’ മൂളിക്കൊണ്ട് ഞാൻ കഴുത്തുപൊക്കി നോക്കി. ഏഴാംനിലയിൽനിന്ന് ഇലകൾ താഴേക്കു നോക്കി തലയാട്ടുന്നു.

മരണവിദ്യാലയം (സുസ്മേഷ് ചന്ത്രോത്ത്)

- "എന്റെ നെഞ്ച് എന്തിനോ സങ്കടംകൊണ്ട് പൊട്ടുന്നതായി തോന്നി."
  കഥാനായകൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

- "രാജൻപിള്ളയേക്കാളും അദ്ഭുതസ്തബ്ധനായി ഞാനവളെ നോക്കി. ഇക്കണോമിക്സ് പഠിച്ച് ഗുമസ്തപ്പണിയെടുക്കുന്ന സുമന ഹെർബേറിയത്തെപ്പറ്റി പറയുന്നു!"
  അരവിന്ദാക്ഷന്റെ ഈ മനോവിചാരത്തിൽനിന്നു വെളിപ്പെടുന്നത് എന്താണ്? ചർച്ചചെയ്യുക.

- • "അച്ഛനെങ്ങനെയാ ട്രീയൊക്കെ പിക്ക് ചെയ്തത്?"
  • "എവിടെയാ അച്ഛൻ സോയിൽ സൂക്ഷിച്ചിരിക്കുന്നത്?"
  • "അച്ഛൻ കൈകൊണ്ടാണോ മണ്ണെടുത്തത്? എങ്കിൽ അമ്മേം ചീത്ത പറയും."
  • "മണ്ണ് ഇച്ചീച്ചിയാ."
  ഭാഷയെയും സംസ്കാരത്തെയും സംബന്ധിച്ച എന്തെല്ലാം കാര്യങ്ങളാണ് മേൽക്കൊടുത്ത വാക്യങ്ങളിലുള്ളത്? വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

- അരവിന്ദാക്ഷന്റെ കുടുംബം സങ്കീർണമായ പല അനുഭവങ്ങളിലൂടെയും കടന്നുപോകുന്നതായി കഥയിൽ ചിത്രീകരിച്ചിട്ടുണ്ടല്ലോ. ഇതിനു കാരണമാകുന്ന വസ്തുതകൾ എന്തൊക്കെയാണ്? സമകാലിക ജീവിതാവസ്ഥയുമായി ബന്ധപ്പെടുത്തി കഥയ്ക്ക് ലഘുനിരൂപണം തയാറാക്കുക.
  • പ്രമേയം
  • ആഖ്യാനരീതി
  • സമാനകഥകൾ
  •

  തുടങ്ങിയവ പരിഗണിക്കുമല്ലോ.

**പദകോശം**

| | | |
|---|---|---|
| ആത്മനിന്ദ | – | തന്നത്താൻ നിന്ദിക്കൽ |
| ആരവം | – | ശബ്ദം |
| ജാഗ്രത | – | ശ്രദ്ധ, ഉണർന്ന അവസ്ഥ |
| തീക്ഷ്ണത | – | കടുപ്പം |
| നികൃഷ്ടം | – | ഹീനം |
| നിർവൃതി | – | ആനന്ദം |
| സഹജം | – | ജന്മനാഉള്ള, സ്വാഭാവികമായ |
| വാസിത | – | സുഗന്ധം വരുത്തിയ |
| ഹെർബേറിയം | – | ഓഷധികളുടെ ഉദ്യാനം |

# ഒറ്റയ്ക്കു പൂത്തൊരു വാക

**മൂ**ന്നാറിൽനിന്ന് ഇരവികുളത്തേക്കു പോകുന്ന പാതയിൽ വച്ചാണ് കാളിയപ്പൻ എന്ന തമിഴനെ യാദൃച്ഛികമായി കണ്ടത്. ചായത്തോട്ടങ്ങൾക്കപ്പുറം മഞ്ഞിന്റെ പടുതയിലൂടെ വരയാടുകളെയെങ്ങാനും കാണുമോ എന്ന കുതൂഹലമായിരുന്നു ഞങ്ങൾക്ക്; ഹിമാലയത്തോളം പൗരാണികമായ ഇരവികുളം കാട്ടിനകത്തേക്ക് ഏതുവഴി പോവേണ്ടൂ എന്നറിയാതെ വിഷമിക്കയും. പിറകിൽ ഒരു ഭാണ്ഡവുമായി ഏതോ യാത്രക്കാരനെപ്പോലെ, അപ്പോഴാണ് കാളിയപ്പൻ ഒരു കുറുക്കുവഴിയിലൂടെ പ്രധാനനിരത്തിലെത്തിയത്. കാട്ടിനകത്തുള്ള ഒരു മുതുവസമൂഹത്തിനുവേണ്ടി ധാന്യവും അപ്പവും വിൽക്കാൻ പോകുകയായിരുന്ന അയാൾ അവിചാരിതമായാണ് ഞങ്ങളുടെ വഴികാട്ടിയായത്. രണ്ടു പകലുകളിലൂടെ അയാളുടെ വ്യക്തിത്വം കൂടുതൽ മിഴിവാർന്നുവന്നു. അതുപോലൊരു കൂട്ടില്ലായിരുന്നെങ്കിൽ ആ വഴിയില്ലാക്കാടുകളിൽ ഞങ്ങൾ അശരണരായിത്തീർന്നേനെ. രാജമല എസ്റ്റേറ്റിനപ്പുറം കാട്ടിലേക്ക് മൂന്നുമണിക്കൂർ ധാരാളം മതിയെന്നാണ് അയാൾ പറഞ്ഞത്. ആൾസഞ്ചാരമില്ലാത്ത ആ കാട്ടുവഴി എന്തുമാത്രം ദുർഘടമാണെന്ന്, മൂന്നാറിലെ ആർഭാടം നിറഞ്ഞ ഒഴിവുകാലവസ



തിയിൽനിന്ന് അന്നുരാവിലെ പുറത്തിറങ്ങിയ ഞങ്ങൾ ഊഹിച്ചതേയില്ല. പുറംലോകവുമായി ബന്ധം നഷ്ടപ്പെട്ട ഒരു പ്രാകൃതജനതയെക്കുറിച്ച് എന്തെല്ലാമോ സങ്കൽപ്പങ്ങളുമായിട്ടാണ് കാളിയപ്പനൊപ്പം കാട്ടിലേക്ക് ഇറങ്ങിയത്. അജ്ഞാതമായൊരു വനചത്വരത്തിൽ തീക്കുണ്ഡത്തിനു ചുറ്റും മനസ്സിലാക്കാൻ വയ്യാത്ത ഭാഷയിൽ എന്തെല്ലാമോ പാടിയലച്ചുകൊണ്ട് നൃത്തംവയ്ക്കുന്ന അർധനഗ്നരായ മനുഷ്യർ ആ സങ്കൽപ്പങ്ങളിലൊന്നായിരുന്നു. ആധുനികസമൂഹത്തിന് നഷ്ടപ്പെട്ടുപോവുന്ന തപ്പുതാളങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയെക്കുറിച്ചും കാട്ടിനകത്തെ ഊരുകളെയും മൂപ്പന്മാരെയും കുറിച്ചും ആരോ എന്നോടു പറഞ്ഞിരുന്നു. സാമൂഹികമായ ചട്ടക്കൂടിനകത്തു തന്നെയാണ് അവരും പുലരുന്നത്. നാഗരികമായ രീതികൾ സ്വീകരിക്കാതെ തങ്ങളുടെ തനിമ പരിപാലിക്കുന്ന ഒരു സംഘം മുതുവരെയാകുമോ ഞങ്ങൾ കാണുക?

രാജമല എസ്റ്റേറ്റിനടുത്ത് തകരം മേഞ്ഞ ചായ്പ്പുകളിലൊന്നിൽനിന്ന് പ്രാതൽ കഴിഞ്ഞ് ഞങ്ങൾ വാൻ തിരിച്ചയച്ചു, മൂന്നാറിലേക്ക്. ഇനി അതുകൊണ്ട് പ്രയോജനമില്ലല്ലോ. ചരൽപ്പാതയിൽനിന്ന് കുന്നിലേക്കു വഴിമാറിയത് പെട്ടെന്നാണ്. കയറ്റമാണെങ്കിലും പുൽമേടുകളായതിനാൽ വലിയ വൈവശ്യം അനുഭവപ്പെടുകയില്ല. സുലഭമായി വരയാട് ദൃശ്യമാവാറുള്ള പാറക്കൂട്ടങ്ങൾ എന്തുകൊണ്ടോ ശൂന്യമായിക്കണ്ടു. "മഴക്കാറ് ഉള്ളതിനാലാവണം" -കാളിയപ്പൻ പറഞ്ഞു. സൂര്യവെളിച്ചം നല്ലപോലെ ഇഷ്ടപ്പെടുന്ന വരയാടുകൾ അവയുടെ സങ്കേതങ്ങളിൽ അയവിറക്കിക്കിടക്കുന്നുണ്ടാവണം. ആയിരമടി വരുന്ന ആ കയറ്റം കഴിഞ്ഞതും കാളിയപ്പന്റെ ദൃഢപേശികൾ



ഞങ്ങളെ ലജ്ജിപ്പിക്കാൻ തുടങ്ങിയത് വാസ്തവമാണ്. അരിച്ചാക്കും ചുമന്ന് ഞങ്ങളെ കടന്നുപോയ തൊഴിലാളികളുടെ ദ്രുതഗതി വീണ്ടും അവിശ്വാസ്യതയോടെ നോക്കി നിൽക്കേണ്ടിവന്നു. ആ മെയ്‌വഴക്കം നാഗരികന് അപ്രാപ്യമാണല്ലോ. കൂടുതൽ വേഗത്തിൽ ചരിക്കേണ്ടിവരുന്ന മൃഗത്തിന് വേഗക്കൂടുതൽ സ്വായത്തമാവുന്നു എന്ന പരിണാമത്തിന്റെ പാഠമാണ് അപ്പോൾ ഓർക്കുക.

പുൽമേട് അവസാനിക്കുന്നിടം ഒരു തോടാണ്. മരപ്പാലത്തിലൂടെവേണം അപ്പുറം ചെന്നെത്താൻ. നിശ്ശങ്കം അതിലൂടെ കടക്കാൻ ശ്രമിച്ച എന്റെ വലതുകാൽ ഒരു നിമിഷംകൊണ്ട് തെന്നിപ്പോയി. തോട്ടിലേക്ക് മറിയുന്നതിനു പകരം ആ കാൽ തുടവരെ രണ്ട് തടിക്കഷണങ്ങൾക്കിടയ്ക്ക് കുടുങ്ങിപ്പോയി. ഉടലിന്റെ സന്തുലനം എങ്ങനെയാണ് സൂക്ഷിച്ചതെന്ന് ഇപ്പോഴും ഓർമ്മിക്കാൻ വയ്യ. തോട്ടിലൂടെ ഒഴുകിപ്പോവുന്ന ജലത്തിന്റെ പതുക്കെയുള്ള താളമൊഴിച്ചാൽ ചുറ്റും നിശ്ചേഷ്ടത മാത്രം. കൂടെയുള്ളവർ മുൻപിലും പിൻപിലും ആയതിനാൽ ആ നിമിഷം തനിയെ അഭിമുഖീകരിക്കേണ്ടിവന്നു. വലതുകൈയൂന്നി പാലത്തിൽനിന്ന് കാൽവലിച്ചെടുത്തത് പെട്ടെന്നാണ്. പിറകിൽ തൂക്കിയിട്ട ഹാവർസാക്ക് അതിന് സഹായകമായിരിക്കാം. ഷൂസും വസ്ത്രവും ഒന്നു കഴുകിയെങ്കിൽ എന്നാലോചിച്ചു ആദ്യം. പിന്നീട് നടക്കാൻ തുടങ്ങിയപ്പോൾ അത് ഇടങ്ങാറായിത്തോന്നിയില്ല. കാട്ടിലെ ഓരോ മൃഗവും എന്തു കനത്ത നിസ്സഹായതയിലാണ് പുലരുന്നതെന്ന് ഇത്തരം സന്ദർഭങ്ങളിലാണ് ബോധ്യംവരുക. അവയെ സംബന്ധിച്ചിടത്തോളം എല്ലാ ശുശ്രൂഷകളും സ്വയം ഏറ്റെടുക്കേണ്ടിവരുന്നു. പല മൃഗങ്ങൾക്കും അവയുടെ അവസാനകാലം കൃത്യതയോടെ തിരിച്ചറിയാനാവുമത്രേ. തന്റെ സ്പന്ദം നിലച്ചുപോകയാണെന്ന ചോദന ഉളവാകുന്നതോടെ അത് വനത്തിന്റെ ഉൾത്തലങ്ങളിലേക്കു പിൻവാങ്ങുന്നു. ഒരൊറ്റ മൃഗമെങ്കിലും തുറസ്സിൽ മൃതിപ്പെട്ടതായി കാണുകയില്ലെന്ന് നായാട്ടുകാരിൽ പലരും രേഖപ്പെടുത്തിയിട്ടുണ്ട്, കൊല്ലപ്പെടുന്നവയൊഴിച്ചാൽ. മൃതി, അവയ്ക്ക് സ്പർശത്തിലൂടെയാവുമോ സൂചനകൾ നൽകുക?

അപ്പോഴേക്കും ഞങ്ങൾ കാട്ടിലേക്കു കടന്നിരുന്നു. ഇരവികുളം വനപ്രദേശത്തിന്റെ വൈവിധ്യം മുഴുവൻ അവിടെ ഞങ്ങൾക്ക് അനുഭവപ്പെട്ടോ എന്ന് നിശ്ചയമില്ല. വളർന്നുനിൽക്കുന്ന മരുത് വൃക്ഷങ്ങളൊന്നും നിബിഡത അർഥമാക്കിയില്ല. മൃഗങ്ങളുടെ വിഹാരമില്ലാത്തതിനാലോ, ഈ ഭാഗത്തെ കാട് മനസ്സിൽ നിറഞ്ഞില്ല. വഴിയിൽ ഒരിടത്ത് ഗണപതിവിഗ്രഹം കണ്ടു, ആരോ ചാർത്തിപ്പോയ ചെമ്പരത്തിമാല്യവും. ആനകൾ പലപ്പോഴും ആ വിഗ്രഹമെടുത്ത് വലിച്ചിടാറുണ്ടെന്ന് അവർ പറഞ്ഞത് ഞങ്ങളെ രസിപ്പിക്കാനാവണം. പക്ഷേ, അതോടൊപ്പം പറഞ്ഞുകേട്ട മറ്റൊരാഖ്യാനം വാസ്തവമായിരിക്കണം. മുതുവരെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ വിണ്ടുതുടങ്ങിയത് ആ നിമിഷം തൊട്ടാണ്.

രണ്ടോ മൂന്നോ വർഷം മുമ്പ് ഈ കാട്ടുവഴിയിൽനിന്ന് അഞ്ച് മൃതദേഹങ്ങൾ കണ്ടുകിട്ടി, എല്ലാം യുവാക്കളുടെ. ഞങ്ങൾ ഇപ്പോൾ ചെല്ലുന്ന പ്രദേശത്തെ ഏലത്തോട്ടത്തിൽ പണിയെടുക്കാനായി കങ്കാണികൾ പിടിച്ചു കൊണ്ടുവന്ന ആ തമിഴർ രക്ഷപ്പെടാൻ ശ്രമിച്ചതായിരുന്നു, അടിമപ്പണിയിൽനിന്ന് കാടിന്റെ സ്വാതന്ത്ര്യത്തിലേക്ക്. ഒരിക്കൽ മാത്രം ആ വഴി നടന്നുവന്ന അവർക്ക് മാർഗം പതറിപ്പോയി. കൈയിലാവട്ടെ, ആഹാരസാധനങ്ങളൊന്നും ഇല്ലായിരുന്നു. ഇടമലക്കുടിയിൽനിന്ന് കാട്ടിലേക്കു കടന്ന രണ്ടാംദിവസം കഠിനമായ മഴപിടിച്ചു. കാട്ടിലെ മഴ എന്തുമാത്രം ഭീതിദമെന്ന് അനുഭവിച്ചറിയേണ്ടതുണ്ട്, നാം നാഗരികർക്ക്. ആ ദിവസങ്ങളിൽ രാജ

മലയിൽനിന്ന് ഇടമലക്കുടിയിലേക്ക് ഗതാഗതം തന്നെയുണ്ടായില്ല. മഴശമിച്ച ഒരു ഞായറാഴ്ച ചുമടുമായി വന്നവർ, വിശപ്പും ശൈത്യവുമേറ്റ് വിറങ്ങലിച്ചുപോയ ആ മൃതദേഹങ്ങൾ, ഏതാനും അടിയിടവിട്ട്, കണ്ട് നടുങ്ങിപ്പോയി. അത്തരം ദുശ്ശകുനങ്ങൾ അവരെ എതിരേറ്റിരുന്നില്ലല്ലോ, കാട്ടിന്റെ വഴികളിൽ, അക്കാലമത്രയും. ആദ്യത്തെ മൃതദേഹം വീണുകിടന്ന മരച്ചുവട് ഞങ്ങളുടെ സഹായി കാണിച്ചുതന്നപ്പോൾ ഒന്ന് പകച്ചുപോയി. ഇപ്പോഴും അവിടെ ആ അന്ത്യനിശ്വാസങ്ങൾ മരത്തടിയിൽ ഘനീഭവിച്ചു നിൽപ്പുണ്ടോ? ഇടമലക്കുടിയിൽ ഒരു തരത്തിലുള്ള മാന്ത്രികതയും ഞങ്ങളെ കാത്തിരിക്കുന്നില്ലെന്ന് ധരിച്ചുവശായ ആ നിമിഷം പൊടുന്നനെ പരിക്ഷീണമായിത്തോന്നി. നഷ്ടപ്പെട്ടുപോയ പേച്ചുകളെ തിരഞ്ഞുചെന്ന ഞങ്ങൾ, വീണ്ടും ചൂഷണത്തിന്റെ ഹീന കഥകളിലേക്കാണോ എത്തിപ്പെടുന്നത്? ആ സംഭാഷണം തുടരാൻ ഞാൻ ഇഷ്ടപ്പെട്ടില്ല.

* * * * *

അഞ്ചുമണിക്കൂർ നേരത്തെ അധ്വാനത്തിനുശേഷം ഇടമലക്കുടിയിലെത്തിയ ഞങ്ങളെ എതിരേറ്റത് പ്രസാദരഹിതമായൊരു ചുറ്റുപാടായിരുന്നു. ഒരു ഞൊടിയിടയിൽ പുരാവൃത്തങ്ങളാകെ ഉടഞ്ഞുപോയി. പിന്നെ, ഞങ്ങൾ ഭാഗഭാക്കായത് അവിടെ പുലരേണ്ടി വന്ന കുറേ നാടൻമാരുടെ വ്യാകുലതകളിലാണ്. ഗിരിജനങ്ങളെ സമുദ്ധരിക്കാനുള്ള സൊസൈറ്റിയിലെ ജോലിക്കാർ, വിദ്യാലയത്തിലെ മൂന്നുനാല് അധ്യാപകർ, റെയ്ഞ്ചർ- അവർ തങ്ങിയ കുടിലുകൾ, കാളിയപ്പൻ അവിടെങ്ങോ നിരത്തിവച്ച വിൽപ്പനസാധനങ്ങൾ. ആ കാട്ടുമൂലയ്ക്ക് ഏറ്റവും അനുരൂപനായ ഒരൊറ്റ മനുഷ്യനെ മാത്രമേ ഞങ്ങളവിടെ കണ്ടതുള്ളൂ; സമുന്തിരം എന്ന ചെല്ലപ്പേരുള്ള ഒരു പ്രാകൃതൻ. വഴിതെറ്റിപ്പോയ ഏതൊക്കെയോ പ്രയാണങ്ങളുടെ നീണ്ടചാലുകൾ ആ ദ്രാവിഡമുഖത്തുണ്ടായിരുന്നു. മുറിഞ്ഞുപോയ പല്ലവികളിലൂടെ അയാൾ എന്തൊക്കെയോ പകർന്നുതരാൻ ശ്രമിച്ചിരിക്കണം; 'തിരുക്കുറളി'ലെ മുറിഞ്ഞ ശീലുകൾ. കുറേ അകലത്തുള്ള മുതുവസമൂഹത്തിലെ വയസ്സുചെന്ന മൂപ്പന്റെ ചിത്രത്തേക്കാളേറെ, ഈ മനുഷ്യന്റെ ചിത്രം മനസ്സിൽ നിൽക്കുന്നു. കാട്ടിലെ രഹസ്യമാർഗങ്ങളേവയും അയാൾക്ക് മനപ്പാഠമെങ്കിലും ലക്ഷ്യങ്ങളില്ലാതായിപ്പോയതിനാൽ ആർക്കും സമുന്തിരത്തെ ആശ്രയിക്ക വയ്യ. കാട്ടിലൂടെയുള്ള സഞ്ചാരം അയാൾക്ക് ഭ്രമമാണ്. ആ ഭ്രമത്തിലാണ്ടുകൊണ്ട് അയാൾ ചിലപ്പോൾ ദിവസങ്ങളോളം അതിന്റെ ഉൾവലയങ്ങളിൽ വർത്തിച്ചെന്നുവരും. വീണ്ടും കുറേ രാപകലുകൾ കഴിഞ്ഞാൽ അയാളുടെ പഴംപാട്ടുകൾ ഇടമലക്കുടിയിലെ നാലതിരുകളിൽ മുഴങ്ങിത്തുടങ്ങും. ചെന്നെത്താൻ ഒരിടമില്ലാത്തവർക്കുമാത്രം സ്വായത്തമാവുന്ന ഒരു ലാഘവമാണ് സമുന്തിരത്തിന്.

വിശന്നുചെന്ന ഞങ്ങൾക്ക് ചോറും ഉരുളക്കിഴങ്ങ് വേവിച്ചതും ഉള്ളിച്ചമന്തിയും തയാറാക്കിത്തന്ന സൊസൈറ്റിയിലെ ആൾക്കാരൊത്ത് പുറംതിണ്ണമേൽ കുശലം കൈമാറുന്നതിനിടയിൽ, പലവുരു സമുന്തിരം ഞങ്ങളെ ചോദ്യം ചെയ്യാൻ മുതിർന്നു. വെറുതെ കാട്ടിലേക്കിറങ്ങിയതാണെന്നത് എന്തുകൊണ്ടോ അയാളുടെ ബോധ്യത്തിനു നിരന്നില്ല. നാട്ടിലെ പരിഷ്കൃതനായ മനുഷ്യർ അങ്ങനെ നിയതമായ ലക്ഷ്യമൊന്നുമില്ലാതെ ഇത്രയും ക്ലേശം നേരിടുകയോ? തന്റെ ജീവിതശൈലിയുമായി തെല്ലുനേരത്തേക്കെങ്കിലും ഒരുമയിൽ വന്ന ഞങ്ങൾ അയാളെ പ്രീതിപ്പെടുത്തിയിരിക്കണം. പ്രസാദരഹിതമായ ആ താഴ്വരയിൽ ഒരു വ്യതിയാനത്തിന്റെ സ്വരം അയാളുടേതായിരുന്നു. രാത്രി ഇരുളവെ, ചുറ്റും ഗംഭീരമായി മരുവിയ കാട്ടിന്റെ മൗനത്തിൽ ഞങ്ങൾക്കൊപ്പമുണ്ടായിരുന്ന വിനയചന്ദ്രൻ കവിത ചൊല്ലിത്തുടങ്ങിയപ്പോൾ അയാൾ തരളിതനായി. പിന്നീട്



കുറേനേരം എന്താണ് സംഭവിച്ചതെന്ന് ഞാനറിഞ്ഞില്ല. എന്റെ ബാഹ്യേന്ദ്രിയങ്ങൾ കൂമ്പിപ്പോയിരുന്നു. മന്ദമായൊരു ധാരയിലൂടെ എവിടെയൊക്കെയോ ചെന്നു. പ്രഭാസതീർഥങ്ങൾ, സൂര്യശിലകൾ, യാഗവേദികൾ.

അനുഗൃഹീതമായ ആ സ്വരം കാലങ്ങൾക്കപ്പുറം എന്നെ കൊണ്ടുചെല്ലുന്നപോലെ തോന്നി. കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീര് ഞാൻ തുടച്ചില്ല. വാക്കും അശ്രുവും തമ്മിലുള്ള ഈ പുരാതന ബാന്ധവമോർത്ത് കൃതാർഥനാകുക മാത്രം. കുറേ മൊട്ടുകളെങ്കിലും ആ താഴ്‌വരയിൽ അന്ന് സന്ധ്യക്ക് വിടർന്നിരിക്കും. മറ്റേത് സദസ്സിൽവച്ച് ചൊല്ലിയാലും സിദ്ധമാവാത്ത ഒരു മാനം അവിടെ ആ കവിതകൾക്ക് കൈവരുന്നു. തരുച്ഛായകളും അവയിലെ നിശ്ശബ്ദതയുമാണ് കവിതകളുടെ പ്രഭവമെന്നതിനാൽ വാക്കിൽ തഥാഗതന്റെ മൗനവും വിരാട്പുരുഷന്റെ നടനവും താൻസന്റെ സംഗീതവുമാണ് എന്നോ ഒരിക്കൽ വിനയചന്ദ്രൻ എനിക്കു നേർന്നതെന്ന് കൗതുകത്തോടെ ആലോചിച്ചുപോയി. ജൈവമായ ഒന്നും ആ കവിതയിൽ നിന്ന് ചോർന്നുപോവുന്നില്ലല്ലോ.

മുഡിസ് കാടുകളിലൂടെ പിറ്റേന്നു രാവിലെ യാത്രതിരിക്കുമ്പോൾ ഞങ്ങൾക്ക് വീണ്ടും കാളിയപ്പന്റെ സഹായം തേടേണ്ടിവന്നു. തലേന്നാളത്തെ വിൽപ്പനയുടെ മാന്ദ്യം മൂലം അയാൾ നിരുന്മേഷവാനായിരുന്നു. ഉണ്ടാക്കിക്കൊണ്ടുവന്ന സാധനങ്ങൾ കേടുവന്നാൽ മുതുവന്മാരാണെങ്കിലും വാങ്ങിയെന്നുവരില്ല. നഷ്ടം നികത്തിക്കൊടുക്കാമെന്ന് പറഞ്ഞപ്പോഴും അയാൾ ഉത്സുകനായിക്കണ്ടില്ല. കടന്നുചെല്ലേണ്ട മാർഗം ഏറെ ദുർഗമമാണ്. കുത്തനെയുള്ള കയറ്റങ്ങളില്ലെങ്കിലും വിരളമായി മാത്രം മനുഷ്യൻ സഞ്ചരിക്കാറുള്ള ആ വഴിയിൽ ചിലപ്പോൾ ആക്രമണങ്ങൾ സംഭവിച്ചെന്നുമിരിക്കാം. രണ്ടിടത്ത് പുഴ കടക്കേണ്ടതുണ്ട്. ഒഴുക്ക് പ്രവചനാതീതമാണ്. കഴിഞ്ഞ ദിവസങ്ങളിലെ മഴ ആ കാട്ടിനകത്ത് എത്ര ശക്തമായിരുന്നെന്ന് ഊഹിക്കാനും വയ്യ. ഇത്രയും സന്ദിഗ്ധതകളോടെയാണ് ഇടമലക്കുടിയിൽനിന്ന് അന്നു വെളുപ്പിന് ഞങ്ങൾ മടക്കയാത്ര ആരംഭിച്ചത്. കാളിയപ്പൻ കാര്യങ്ങളുടെ നിജസ്ഥിതി മാത്രമാണ് പറഞ്ഞതെന്ന് ആദ്യത്തെ ഒരു മണിക്കൂറിനകം ഞങ്ങൾക്ക് തെര്യപ്പെട്ടു.

മനുഷ്യന്റെ പാദസ്പർശമേറ്റിട്ട് വളരെ നാളായ വനഭൂമിതന്നെയായിരുന്നു അവിടം. ചിരഞ്ജീവികളെപ്പോലെ തോന്നിച്ച വൃക്ഷങ്ങൾക്ക് ചുവടെ സൂര്യവെളിച്ചം ഇറ്റി

റ്റായാണ് വീണത്. പരിക്കേൽക്കാത്ത ഒരു ആവാസവ്യൂഹത്തിന്റെ ഗന്ധം മനസ്സിലേക്കു പരന്നു. വൃക്ഷസാന്ദ്രമായ ആ കാടകം എന്തൊക്കെയോ മന്ത്രിക്കുന്നതുപോലെ. എന്തുകൊണ്ടാണ് ഇവിടം നിങ്ങളിൽ പ്രശാന്തത പകരുന്നത്? രഹസ്യമായൊരു താളച്ചാർത്താണോ, നിങ്ങൾ ആധുനികരെ ശമിപ്പിക്കുന്നത്? ജീവന്റെ അനാദിയായ ചാക്രികതയ്ക്കുമേൽ ഇവിടങ്ങളിൽ ആരും കൈകടത്തിയിട്ടില്ല. കാടിന്റെ പ്രാതസ്സന്ധ്യയിൽ അങ്ങനെ ഒട്ടുനേരം മുഗ്ധനായി നിൽക്കാൻ വയ്യ- കൂടെയുള്ളവർ വഴിനീങ്ങിയിരിക്കുന്നു. താരയൊന്ന് തെറ്റിപ്പോയാൽ പ്രശാന്തത നഷ്ടപ്പെട്ടേക്കും.

ആറ് കടക്കേണ്ടിടത്ത് മുട്ടോളമേ വെള്ളമുണ്ടായിരുന്നുള്ളൂ. ദൂരത്തെങ്ങോനിന്നുള്ള പ്രവാഹത്തെ ഓർമ്മിപ്പിക്കും വിധം ജലം ഞങ്ങളെ തള്ളിക്കൊണ്ടിരുന്നു. അവിടെനിന്ന് അഞ്ചോ ആറോ നാഴിക ചവിട്ടിയപ്പോഴേ കാട്ടിൽനിന്ന് പുറത്തുകടക്കാൻ കഴിഞ്ഞുള്ളൂ. തമിഴ്നാട്ടിലെ ഏതോ അണക്കെട്ട് സമീപിക്കയായിരുന്നു ആ വഴി. കാട്ടുചോലയിൽ മേലാഴ്ന്നപ്പോൾ അന്നു രാവിലത്തെ ചടവുകളത്രയും അലിഞ്ഞലിഞ്ഞുപോയി. ഓരോ ലോമികകളിലേക്കും ആ നനവ് ആണ്ടിറങ്ങുന്നു. പൂർണമായ ലാഘവത്തിന്റെ നിമിഷമാണത്. കുളിച്ചുകയറിയപ്പോൾ കുറേ പേരയ്ക്ക കിട്ടി. ശുദ്ധമായ കനിയുടെ സ്വാദ് ഒന്ന് കടിച്ചപ്പോൾതന്നെ തിരിച്ചറിഞ്ഞു. അങ്ങനെ വിശ്രമിക്കുമ്പോൾ കാടിന്റെ സാരമത്രയും സന്നിഹിതമായൊരു ദൃശ്യം ഓർമ്മിച്ചു. ഒറ്റയ്ക്ക് പൂത്തുനിൽക്കുന്നൊരു വാകമരം. പൂക്കളല്ല, ജ്വാലകളാണ് അതിൽ നിറഞ്ഞതെന്ന് തോന്നും. അല്ലെങ്കിൽ, വൃക്ഷത്തിന്റെ ജ്വാലകളാണ് പൂക്കളെന്ന സത്യം വെളിപ്പെടുത്തുന്നെന്നോണം അതിന് പിറകിൽ നീലവിഹായസ്സാണ്. ആ വർണസംയോജനം വിസ്മയകരമാവുന്നു.

ജ്വാലാഭമായി വിരിഞ്ഞുനിൽക്കുന്ന
ഈ പുണ്യവൃക്ഷം
ഇതിനെ ശ്രദ്ധിക്കുന്ന അപൂർവം
സത്തുക്കളിൽ
പ്രാചീനമായൊരു തെളിച്ചം

അണക്കെട്ടിനപ്പുറം വാൽപ്പാറയിലേക്ക് ബസ് കാത്തുനിൽക്കുമ്പോൾ ഞങ്ങൾ പിന്നിട്ട വഴിയിൽ കാട് നീലിമയാർന്നു വരുകയാണ്. ഏതാനും നാഴികകൾ മുമ്പ് ഞങ്ങൾ അതിനകത്തെ ഒറ്റയടിപ്പാതകളിലായിരുന്നെന്ന് ചിന്തിക്കുമ്പോൾ സുഖം തോന്നുന്നു.

അടരുന്ന കക്കകൾ (ആഷാമേനോൻ)



- "പ്രസാദരഹിതമായ ആ താഴ്‌വരയിൽ ഒരു വ്യതിയാനത്തിന്റെ സ്വരം അയാളുടേതായിരുന്നു."

  സമുന്തിരത്തെ അവതരിപ്പിച്ചപ്പോൾ ലേഖകൻ 'വ്യതിയാനത്തിന്റെ സ്വരം' എന്നു വിശേഷിപ്പിച്ചത് എന്തുകൊണ്ടാവാം?

- വായനക്കാർക്ക് യാത്രാനുഭവം പകരുന്ന വാങ്മയചിത്രങ്ങൾ സഞ്ചാരസാഹിത്യത്തിൽ ഉണ്ടായിരിക്കും. പാഠഭാഗത്തുനിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി സവിശേഷതകൾ വിശദീകരിക്കുക.

- 'ഒറ്റയ്ക്കു പൂത്തൊരു വാക' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

> വെള്ളം സ്വർഗത്തിലെ മഞ്ഞായിരുന്നു.
> കാരണവൻമാരുടെ പ്രാർഥനയിലലിഞ്ഞ്
> അത് ഉറവകളുടെ സൂര്യകാന്തികളായി
> ഭൂമിയിൽ വിരിഞ്ഞിറങ്ങി.
> ആ അമൃത് പിന്നെ അരുവികളായി
> വെള്ളം ഞങ്ങളുടെ മാതൃഭാഷയായി
> അതിലൂടെ വെളിച്ചവും വിളവും നേടി
> ഞങ്ങൾ തലമുറകളോട് സംസാരിച്ചു.
>
> *- ആത്മഹത്യചെയ്ത കർഷകൻ വെള്ളത്തെക്കുറിച്ച് സംസാരിക്കുന്നു (സച്ചിദാനന്ദൻ)*

കവിതാശകലത്തെ പാഠഭാഗവുമായി ബന്ധപ്പെടുത്തി കുറിപ്പു തയാറാക്കുക.

- സഞ്ചാരത്തിലൂടെ നാം സംസ്കാരത്തെയാണ് തിരിച്ചറിയുന്നത് എന്ന പ്രസ്താവനയെ പാഠഭാഗം സാധൂകരിക്കുന്നുണ്ടോ? വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

- പട്ടിക പൂർത്തിയാക്കുക

| | | | |
|---|---|---|---|
| കുടുങ്ങി | പോയി | കുടുങ്ങിപ്പോയി | .............................. |
| പൊട്ടി | ...................... | പൊട്ടിവരുന്നു | .............................. |
| കഴിഞ്ഞു | ...................... | .............................. | .............................. |
| മറന്നു | ...................... | മറന്നുപോയി | സിനിമാനടനെ കണ്ട സന്തോഷത്തിൽ മറ്റെല്ലാം മറന്നുപോയി. |

വിഗ്രഹിച്ചെഴുതുക

- വനചത്വരം - വനത്തിലെ ചത്വരം
- തപ്പുതാളങ്ങൾ -
- കാട്ടുവഴി -
- മൃഗവാസം -
- മടക്കയാത്ര -

**പദകോശം**

അനുഷ്ഠാനം - മറ്റൊന്നിനെ അനുസരിച്ചുള്ള പ്രവർത്തനം
ഈടാകുക - കിട്ടാനുള്ളത് കിട്ടുക
ഊര് - ഗ്രാമം
കങ്കാണി - കൂലിവേലക്കാരെ സംഘടിപ്പിച്ച് മറ്റുള്ളവർക്കു വേലചെയ്യിപ്പിച്ചുകൊടുക്കുന്ന ആൾ
കുതൂഹലം - കാണുന്നതിനുള്ള കാത്തിരിപ്പ്
ചത്വരം - വഴികൾ ഒന്നിച്ചുകൂടുന്ന സ്ഥലം
ചായ്പ്പ് - പുരയോടുചേർത്ത് ചാച്ചുകെട്ടിയുണ്ടാക്കുന്ന മുറി
ചോദന - സൂചന / പ്രേരണ
തപ്പ് - ഒരുവശം മാത്രം തോലിട്ട വാദ്യം
തഥാഗതൻ - ഗൗതമബുദ്ധൻ
താര - പതിവായി നടന്നുണ്ടാകുന്ന വഴി
ദുർഘടമായ - അപകടമുള്ള
നിബിഡത - ഇടതൂർന്നിരിക്കുന്ന അവസ്ഥ
നിശ്ചേഷ്ടത - ചലനമില്ലാത്ത അവസ്ഥ
പടുത - തിരശ്ശീല
പേച്ചുകൾ - വാക്കുകൾ
പ്രാതസ്സന്ധ്യ - പ്രഭാതം
പ്രഭാസതീർഥം - ദ്വാരകയ്ക്കു സമീപമുള്ള പുണ്യതീർഥം
മരുവുക - സ്ഥിതിചെയ്യുക
വിഹാരം - അലഞ്ഞുനടക്കൽ
സത്തുക്കൾ - ഉത്തമവ്യക്തികൾ
സന്ദിഗ്ധത - അനിശ്ചിതത്വം
സ്പന്ദം - (ജീവന്റെ) തുടിപ്പ്
സ്വായത്തം - തന്റേതായിക്കിട്ടിയ
ഹാവർസാക്ക് - യാത്രക്കാർ ചുമലിലോ പുറത്തോ തൂക്കുന്ന ബാഗ്

# നാലിതൾപ്പൂവ്



**കു**ട്ടനൊരോമനപ്പൊൻപനിനീർച്ചെടി
മുറ്റത്തു നട്ടുനനച്ചിരുന്നു
പൊട്ടിത്തഴച്ചുതളിർത്തിളം കമ്പുകൾ
മുറ്റി വളർന്നതു മൊട്ടണിഞ്ഞു.

ആരുമറിഞ്ഞതില്ലക്കരുമൊട്ടിലുൾ-
ച്ചേരുന്ന ചാരുരഹസ്യമൊന്നും
ഉച്ചിക്കുടുമയും പാറിച്ചുനിൽക്കുന്ന
കൊച്ചനെന്താവുമെന്നാർ ഗണിക്കും?

കുട്ടനു മാത്രമുണ്ടെന്തോ ചിലതിങ്ങു
പൊട്ടിവീണേക്കുമെന്നുള്ള ഭാവം
പേടിയും ഹർഷവുമിത്തിരി ധാർഷ്ട്യവും
കൂടിക്കലർന്നോരിടയിളക്കം.

ആദ്യത്തെ മൊട്ടിന്നു ചുണ്ടുചോന്നി,ല്ലവ-
ന്നായിരം പൂക്കൾ വിരിഞ്ഞിതുള്ളിൽ;
ആയിരം പൂക്കാലമൊപ്പമെത്തീ പാരി-
ലാദ്യത്തെപ്പൂവൊന്നു കൺമിഴിക്കെ.

കമ്പം പിടിച്ചൊരു പൂമ്പുലരിക്കെന്തൊ-
രിമ്പമാ മുറ്റത്തു നൃത്തമാടാൻ!
അമ്പിളിക്കീറിന്നു പോകുവാനുണ്ടഴ;-
ലംബരത്തിണ്ണയിൽപറ്റിനിന്നൂ.

ആർപ്പും വിളിയുമായെത്തീ കളകള-
മാകാശത്തഞ്ചിതഗീതകങ്ങൾ
കൊഞ്ചിക്കുഴഞ്ഞിതാ തപ്പുകൊട്ടും കുനു-
പൂഞ്ചിറകേലുവോർ നാലുപാടും.

കുട്ടനാ മുറ്റത്തിളംവെയിലിൽത്തന്നെ
പൊട്ടിത്തരിച്ചു കുളിർത്തുനിന്നു;
മൂത്തവരാരാനുമാവഴി ചെല്ലുകിൽ
മറ്റൊരു പൂവെന്നേ സങ്കൽപ്പിയ്ക്കൂ.

ആ മലർത്തൊത്തിലെ കാന്തിപ്രവാഹത്തെ,
ആ മുഗ്ധസൗന്ദര്യമാധുരിയെ,
അത്തുടുത്തോരിതൾച്ചാർത്തിൻ പതുപ്പിനെ,
ആയിളം മഞ്ഞയാമല്ലികളെ,

ഓരോന്നുമോരോന്നും പേർത്തവനാസ്വദി-
ച്ചാനന്ദമൂർച്ഛയിലാണ്ടുനിൽക്കെ,
ആ വഴി പോന്നുവന്നെത്തിനാരുത്സാഹം
തേവിത്തുളുമ്പും കിടാങ്ങളേറെ.

പൊന്നിൻ തളികപോലെത്തുടുവെയ്‌ലത്തു
മിന്നിത്തിളങ്ങും മനോജ്ഞതയെ
കാണുമോ വാഴ്ത്തുമോ, വാഴ്ത്തുമ്പോൾ തൽഗുണ-
ശ്രേണിയിൽ വല്ലതും വിട്ടുപോമോ?

വിട്ടുപോയീലൊന്നുമക്കൂട്ടർ കണ്ടെത്തി;
കുറ്റപ്പെടുത്തേണ്ടും കോപ്പുകൂടി:
"പൂ നന്ന്" - നന്നെന്ന രണ്ടക്ഷരങ്ങളിൽ-
ത്താനൊതുങ്ങീടാഗ്ഗുണങ്ങളെന്തേ?

സൗന്ദര്യബോധമോ, ശില്പസാമർഥ്യമോ,
മന്ദേതരശ്രമശാലിതയോ?
കുട്ടനാ 'നന്നി'നെ വേണമെന്നുണ്ടെങ്കിൽ
മിഠായിപോലെ നുണച്ചിരിക്കാം!

"പക്ഷേ," തുടർന്നവർ നേരു കണ്ടെത്തുന്നു;-
ണ്ടാക്ഷേപിച്ചാലല്ലേ യോഗ്യരാവൂ?
"പള്ളിക്കൂടത്തിലെ തോട്ടക്കാരൻ തന്നോ-
ടല്ലയോ നീയിതിൻ കമ്പു നേടീ?"

ആ വിടർന്നാടുന്ന സൗന്ദര്യപൂരത്തി-
ന്നാലസൽ സൗരഭ്യധോരണിക്കും
നല്ലോരുടമ, നിരൂപകദൃഷ്ടിയിൽ
പള്ളിക്കൂടത്തിലെ തോട്ടക്കാരൻ!

പൂക്കളുണ്ടാക്കുവാനായാൾക്കെഴും വിരു-
തക്കുമാരന്മാരെടുത്തു വാഴ്ത്തി
മ്ലാനമായീലതാൻ കുട്ടന്റെ തൂമുഖം;
താനുമാ വൃദ്ധനെ വാഴ്ത്തിടുന്നോൻ

അപ്പുറമിത്തിരികൂടിയും കണ്ടവൻ
പൂക്കൾതൻ നിർമ്മാണപ്രക്രിയയിൽ
തൻ കലാകൗശലപ്പൂങ്കൊടിക്കൂറപോ-
ലങ്കണത്തെന്നലിൻ ഡോളയിങ്കൽ

പുഞ്ചിരി പെയ്തുപെയ്തഞ്ചിതമാടിടും
പിഞ്ചലരിൻ തുടുപ്പൂങ്കവിളിൽ
സാകൂതം നോക്കിച്ചിരി,ച്ചഭിപ്രായക്കാ-
രാകെപ്പരുങ്ങുമാറേവമോതി:

"പണ്ടൊരു കാട്ടിലെ കാട്ടാളനാണലർ-
ച്ചെണ്ടുളവാം കൊമ്പൊടിച്ചു കുത്തി
ലോകാതിശായിയാം സൗന്ദര്യമേലുന്ന
നാലിതൾപ്പൂ വിരിയിച്ചിതാദ്യം

അക്കമ്പിൻതുമ്പുകൾ കൈവന്നോരായതി-
ലുൾക്കളപ്പൂക്കളാവിഷ്കരിപ്പൂ.
പള്ളിക്കൂടത്തിലെത്തോട്ടക്കാരൻ ചെടി-
ച്ചുള്ളികൾ സൃഷ്ടിച്ചതാരറിഞ്ഞു?"

കാവിലെ പാട്ട് (ഇടശ്ശേരി ഗോവിന്ദൻനായർ)

- കവിതയ്ക്ക് ഈണം കണ്ടെത്തി അവതരിപ്പിക്കുക.
- ആദ്യത്തെ പൂവ് വിരിഞ്ഞപ്പോൾ കുട്ടനും പ്രകൃതിക്കുമുണ്ടായ ഭാവഭേദങ്ങൾ എന്തെല്ലാമായിരുന്നു? വിവരിക്കുക.
- "ആക്ഷേപിച്ചാലല്ലേ യോഗ്യരാവൂ."

  കുട്ടന് നേരിടേണ്ടിവന്ന ആക്ഷേപമെന്ത്? കണ്ടെത്തുക.
- പ്രയോഗഭംഗി കണ്ടെത്തി കുറിപ്പ് തയാറാക്കുക.
  - ആദ്യത്തെ മൊട്ടിന്നു ചുണ്ടു ചോന്നി,ല്ലവ-
    ന്നായിരം പൂക്കൾ വിരിഞ്ഞിതുള്ളിൽ
  - പുഞ്ചിരി പെയ്തുപെയ്തഞ്ചിതമാടിടും
    പിഞ്ചലരിൻ തുടുപ്പൂങ്കവിളിൽ.
- "പണ്ടൊരു കാട്ടിലെ കാട്ടാളനാണലർ-
  ച്ചെണ്ടുളവാം കമ്പൊടിച്ചു കുത്തി
  ലോകാതിശായിയാം സൗന്ദര്യമോലുന്ന
  നാലിതൾപ്പൂ വിരിയിച്ചതാദ്യം"

  മനുഷ്യസംസ്കാരത്തെയും സാഹിത്യത്തെയും സംബന്ധിച്ച എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ ഉള്ളത്?
- "ആ വിടർന്നാടുന്ന സൗന്ദര്യപൂരത്തി-
  ന്നാലസൽ സൗരഭ്യധോരണിക്കും
  നല്ലോരുടമ, നിരൂപകദൃഷ്ടിയിൽ
  പള്ളിക്കൂടത്തിലെ തോട്ടക്കാരൻ!"

  നിരൂപകർക്കുള്ള മറുപടിയാണോ 'നാലിതൾപ്പൂവ്' എന്ന കവിത? പ്രതികരിക്കുക.

**പദകോശം**

| | |
|---|---|
| ഉച്ചിക്കുടുമ | - പുരുഷന്മാർ ഉച്ചിയിൽ കെട്ടിവയ്ക്കുന്ന മുടി |
| കമ്പം | - വിറയൽ |
| ചാരു | - മനോഹരമായ |
| ഡോള | - ഊഞ്ഞാൽ |
| ധാർഷ്ട്യം | - ഉള്ളതിലധികം അറിവോ ബലമോ ഉണ്ടെന്നു നടിക്കൽ |
| ധോരണി | - തിര, പാരമ്പര്യം |
| മലർത്തൊത്ത് | - പൂക്കുല |
| ശ്രേണി | - കൂട്ടം |
| സൗരഭ്യം | - സുഗന്ധം |
| ഹർഷം | - സന്തോഷം |

'പരിസ്ഥിതിയും സാഹിത്യവും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.
ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തുമല്ലോ.

*വിഷയസൂചനകൾ*

- കവിതയും പരിസ്ഥിതിയും
- കഥയും പരിസ്ഥിതിയും
- സഞ്ചാരസാഹിത്യവും പരിസ്ഥിതിയും
- 
- 

## ഞാൻ എന്നെക്കുറിച്ച്


| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| **കഥാനിരൂപണം** | | | |
| • കഥയുടെ ആശയം, കാലികപ്രസക്തി എന്നിവ തിരിച്ചറിഞ്ഞിട്ടുണ്ട്. | | | |
| • കഥയുടെ ആഖ്യാനരീതി, തുടക്കം, വളർച്ച, ഒടുക്കം, കഥപറയൽ എന്നിവയെക്കുറിച്ച് ധാരണയുണ്ട്. | | | |
| • സമാനകഥകളുമായി താരതമ്യം ചെയ്ത് കാഴ്ചപ്പാടുകൾ അവതരിപ്പിച്ചിട്ടുണ്ട്. | | | |
| • യോജിച്ച പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉപയോഗിച്ച് ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | | | |
| **ഉപന്യാസം** | | | |
| • വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ വായിച്ചും ചർച്ചചെയ്തും മറ്റും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • പ്രസക്തമായ ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • ഘടന (തുടക്കം, വളർച്ച, ഖണ്ഡികാകരണം, ഉപസംഹാരം) പാലിച്ച് എഴുതാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| **സെമിനാർ** | | | |
| • ആവശ്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. | | | |
| • വിവരങ്ങൾ വിശകലനം ചെയ്യുകയും നിഗമനങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. | | | |
| • ഘടന പാലിച്ച് പ്രബന്ധം തയാറാക്കിയിട്ടുണ്ട്. | | | |
| • ഫലപ്രദമായ അവതരണത്തിനുള്ള സാമഗ്രികൾ (ചാർട്ട്, ഡയഗ്രം മുതലായവ) തയാറാക്കിയിട്ടുണ്ട്. | | | |
| • സ്വന്തം നിലപാടുകൾ യുക്തിസഹമായി അവതരിപ്പിച്ചിട്ടുണ്ട്. | | | |

## എഴുത്തുകാരെ അറിയുക



### സുസ്മേഷ് ചന്ത്രോത്ത്

1977 ഏപ്രിൽ 1 ന് ജനനം. നോവലിസ്റ്റും കഥാകൃത്തും. ഡി 9, പേപ്പർ ലോഡ്ജ് തുടങ്ങിയ നോവലുകൾ, വെയിൽ ചായുമ്പോൾ, നദിയോരം, ഗാന്ധിമാർഗം, മരണവിദ്യാലയം (കഥാസമാഹാരങ്ങൾ), അസാധാരണ ഓർമ്മകളും സാധാരണ അനുഭവങ്ങളും (ലേഖനങ്ങൾ), അമുദക്കുട്ടിയുടെ ചിത്രപ്രദർശനം (ബാലസാഹിത്യം) എന്നിവ പ്രധാന കൃതികൾ.



### ആഷാമേനോൻ

1947 നവംബർ 18ന് പാലക്കാട് ജില്ലയിലെ കൊല്ലങ്കോട്ട് ജനിച്ചു. കെ. ശ്രീകുമാർ എന്നാണ് യഥാർഥ പേര്. കാവ്യാത്മകമാണ് അദ്ദേഹത്തിന്റെ ഗദ്യശൈലി. പുതിയ പുരുഷാർഥങ്ങൾ, കലിയുഗാരണ്യകങ്ങൾ, പരിവ്രാജകന്റെ മൊഴി, ഹെർബേറിയം, പ്രതിരോധങ്ങൾ, ജീവന്റെ കൈയൊപ്പ്, തനുമാനസി, അടരുന്ന കക്കകൾ, കൃഷ്ണശിലയും ഹിമസരസ്സും, പയസ്വിനി, ഖാൽസയുടെ ജലസ്മൃതി, ഇലമുളച്ചികൾ എന്നിവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.



### ഇടശ്ശേരി ഗോവിന്ദൻനായർ (1906 - 1974)

കുറ്റിപ്പുറത്ത് ജനനം. കൂട്ടുകൃഷി, പുത്തൻകലവും അരിവാളും, കാവിലെ പാട്ട്, പൂതപ്പാട്ട്, ഒരുപിടി നെല്ലിക്ക, അന്തിത്തിരി, കറുത്ത ചെട്ടിച്ചികൾ എന്നിവ പ്രധാന കൃതികൾ. മലബാറിലെ കേന്ദ്ര കലാസമിതിയുടെ പ്രസിഡന്റ്, സാഹിത്യപ്രവർത്തക സഹകരണസംഘം ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി അവാർഡ്, ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട്.

പഠനനേട്ടങ്ങൾ

- കഥ, സഞ്ചാരസാഹിത്യം, കവിത എന്നിവയുടെ സവിശേഷതകൾ പരിചയപ്പെട്ട് അവയിലെ ആശയങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ പ്രയോജനപ്പെടുത്തി രചനകൾ നിർവഹിക്കുന്നു.
- ക്രിയാപദങ്ങൾ തമ്മിൽ ചേരുമ്പോൾ ഉണ്ടാകുന്ന അർഥവ്യത്യാസം തിരിച്ചറിഞ്ഞ് പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.
- ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ സവിശേഷതകളും പരസ്പരബന്ധവും തിരിച്ചറിഞ്ഞ് വിശകലനം ചെയ്ത് വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ പ്രകടിപ്പിക്കുന്നു.
- സാഹിത്യകൃതികൾ വായിച്ചാസ്വദിച്ച് ലഘുനിരൂപണങ്ങൾ തയാറാക്കുന്നു.
- കവിതയിലെ ആശയങ്ങൾ, കാവ്യഭംഗി എന്നിവ കണ്ടെത്തി അവതരിപ്പിക്കുന്നു.
- സാമൂഹികപ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് നടത്തുന്ന സെമിനാറിൽ പങ്കെടുത്ത് ആശയങ്ങൾ അവതരിപ്പിക്കുന്നു.

## 2

# കാഴ്ചയുടെ സംഗീതം




– വൈക്കം മുഹമ്മദ്ബഷീറിന്റെ 'പ്രേമലേഖനം'
എന്ന നോവലിന്റെ ഗ്രാഫിക് രൂപാന്തരം (കെ.പി.മുരളീധരൻ)

സന്ദർഭത്തിന്റെ ഭാവതലം വിനിമയം ചെയ്യാൻ ചിത്രങ്ങൾക്കു കഴിയുന്നുണ്ടോ?



# കൊടിയേറ്റം

**ശ**ങ്കരൻകുട്ടി,
കുട്ടികൾക്കൊപ്പം കളിച്ചും
ഉത്സവങ്ങൾ കണ്ടും ജീവിക്കുന്നു.
പെങ്ങൾ വീട്ടുജോലി ചെയ്താണ് കുടുംബം പുലർത്തുന്നത്.
വിവാഹിതനായിട്ടും
ശങ്കരൻകുട്ടിയുടെ സ്വഭാവത്തിൽ മാറ്റമുണ്ടാവുന്നില്ല.
പ്രസവത്തിനു പോയ ഭാര്യ,
അയാൾ ചെന്നുവിളിച്ചിട്ടും തിരിച്ചുവന്നില്ല.
ശങ്കരൻകുട്ടി ലോറിയിൽ ക്ലീനറായി.
അയാൾ ഭാര്യയെ കാണാൻ
അവളുടെ വീട്ടിലെത്തുന്നു.

### എണ്ണൂറ്റി മൂന്ന് - മധ്യദൂരദൃശ്യം

വയൽ താണ്ടി, കൊച്ചു കൈത്തോടു കടന്ന് ശങ്കരൻകുട്ടി ശാന്തമ്മയുടെ വീട്ടുപറമ്പിലൂടെ ഉത്സാഹത്തിൽ നടന്നു. വീടടുക്കുന്തോറും അയാളുടെ വേഗം കുറേശ്ശെ കുറഞ്ഞു. മുറ്റത്തു ചെന്ന്, ആരെയും കാണാഞ്ഞ് ഒന്നു നിന്നു. അപ്പോൾ അടുത്തെവിടെയോ ഒരു പശു അമറുന്നതു കേട്ടു.

### എണ്ണൂറ്റിനാല് - സമീപദൃശ്യം

പൊതിയുമായി മുറ്റത്തു നിന്ന് ഒട്ടു സ്വയമായി അയാൾ വിളിച്ചു ചോദിച്ചു:
"ആരുമില്ല്യേ?"
മറുപടിക്കുവേണ്ടി അയാൾ അക്ഷമനായി കാത്തു.

### എണ്ണൂറ്റിയഞ്ച് - അതിസമീപദൃശ്യം

കതകിന്റെ കട്ടളയ്ക്കു പിന്നിൽ ഒരു കൈ പതുക്കെ പ്രത്യക്ഷമായി, പാളിയിൽ പിടിച്ചു. അതിനു പിന്നാലെ ശാന്തമ്മയുടെ മുഖവും പ്രത്യക്ഷമായി. അവിടെയപ്പോൾ സാന്ദ്രമായ ദുഃഖവും പുതിയ പ്രതീക്ഷകളും ചേർന്ന് ഒരു ഭംഗി വന്നിട്ടുണ്ട്. ആഗതനെക്കാണെ അവളിൽ നേരിയ ഒരാഹ്ലാദം ഉയർന്ന് അലതല്ലി. ഒളിച്ചുവയ്ക്കാൻ കഴിയാത്ത ലജ്ജയോടെ ആ മുഖം താണു.

### എണ്ണൂറ്റിയാറ് - സമീപദൃശ്യം

ശങ്കരൻകുട്ടിക്കുമുണ്ടായി ലജ്ജ. അയാൾ നോട്ടം പിൻവലിച്ച് അൽപ്പമൊരു സങ്കോചത്തോടെ അന്വേഷിച്ചു:
"അമ്മായിയില്ല്യേ?"

### എണ്ണൂറ്റിയേഴ് - സമീപദൃശ്യം

ശാന്തമ്മ കാതരയായി പ്രതിവചിച്ചു:
"ഇല്ല."

### എണ്ണൂറ്റിയെട്ട് - മധ്യദൃശ്യം

മുറ്റത്ത് ശങ്കരൻകുട്ടി ശങ്കിച്ചു നിന്നു. അടുത്ത നീക്കത്തെപ്പറ്റി നിശ്ചയമില്ലാതെ കതകിനു പിന്നിൽ ശാന്തമ്മ വിവിധ വികാരങ്ങളോടെ അയാളെ കാത്തുനിന്നു. അപ്പോൾ ഉള്ളിൽ നിന്ന് കുഞ്ഞ് ഉണർന്നു കരഞ്ഞു. ശങ്കരൻകുട്ടിയെ അർഥഗർഭമായി ഒന്നു നോക്കി ശാന്തമ്മ ഉള്ളിലേക്കു തിരിഞ്ഞുപോയി. തുടർന്ന് 'വാവോ - വാവാവോ - രാരിരാരോ വാ വോ' എന്നു പാടി തൊട്ടിലാട്ടി. അതൊരു വിളിയാവണമെന്ന് കരുതിയാവണം, ശങ്കരൻകുട്ടി വരാന്തയിലേക്കുള്ള പടികയറി, പതുക്കെ വാതിലിനു മുന്നിൽ ചെന്നുനിന്നു. പിന്നെ ഉള്ളിലേക്കു കടന്നു.

### എണ്ണൂറ്റിയൊമ്പത് - അതിസമീപദൃശ്യം

തൊട്ടിൽക്കൈയിൽ ശാന്തമ്മയുടെ രണ്ടുകൈയും അമർന്നിരിക്കുകയാണ്. അതിൽ ഒഴിഞ്ഞയിടത്ത് ശങ്കരൻകുട്ടിയുടെ വലംകൈ വന്നു പിടിച്ചു.

### എണ്ണൂറ്റിപ്പത്ത്- സമീപദൃശ്യം

ശങ്കരൻകുട്ടി കൗതുകപൂർവം താഴെ തൊട്ടിലിലേക്കു നോക്കിനിന്നു. അയാളുടെ മുഖത്ത് ഒരു ചെറുചിരി വിടർന്നു.

### എണ്ണൂറ്റിപ്പതിനൊന്ന് - സമീപദൃശ്യം

തൊട്ടിലിനുള്ളിൽ കണ്ണെഴുതി, പൊട്ടുതൊട്ട്, കരിവളയിട്ട്, പുത്തനുടുപ്പിട്ട് കുഞ്ഞ് ഉണർന്നുകിടപ്പുണ്ടായിരുന്നു.

### എണ്ണൂറ്റിപ്പന്ത്രണ്ട് - സമീപദൃശ്യം

ശങ്കരൻകുട്ടി പതുക്കെ തലയുയർത്തി ശാന്തമ്മയെ നോക്കി. അവൾ അയാളെ നോക്കി നിൽക്കുകയായിരുന്നു. അവളുടെ കണ്ണുകൾ നനവാർന്നിരിക്കുന്നു. അവൾ എന്തെല്ലാമോ ആലോചിച്ച് മെല്ലെ തലകുനിച്ചു.



എണ്ണൂറ്റിപ്പതിമൂന്ന് - മധ്യസമീപദൃശ്യം

അയാളും ആലോചിക്കുകയായിരുന്നു.

എണ്ണൂറ്റിപ്പതിനാല് - മധ്യസമീപദൃശ്യം

തൊട്ടിലിനപ്പുറവും ഇപ്പുറവുമായി അവർ നിന്നു. ശാന്തമ്മ താഴെ നോക്കിനിന്ന ശങ്കരൻകുട്ടിയിൽനിന്നു നോട്ടം പിൻവലിച്ച് കുഞ്ഞിനെ ശ്രദ്ധിച്ചു. അപ്പോൾ ദൂരെനിന്ന് ലോറിയുടെ ഹോൺ കേട്ടു. അവൾ അയാളുടെ അടുത്ത നീക്കമെന്താവുമെന്ന് കണ്ണുയർത്തി. ഹോൺ പിന്നെയും തുടരെ കേട്ടു. ശങ്കരൻകുട്ടി മെല്ലെത്തിരിഞ്ഞ് വികാരപൂർവം യാത്ര ചോദിച്ചു:



"ഞാൻ പോകുന്നു ശാന്തമ്മേ."

അയാൾ കൈയിൽ വച്ചിരുന്ന പൊതി അവൾക്കു നീട്ടി.

"ഇതു വച്ചേര്."

അതു വാങ്ങിയ ശാന്തമ്മയ്ക്ക് കരച്ചിലടക്കാൻ കഴിഞ്ഞില്ല. ശങ്കരൻകുട്ടി തിരിഞ്ഞു പുറത്തേക്കു കടന്നു.

എണ്ണൂറ്റിപ്പതിനഞ്ച് - മധ്യദൂരദൃശ്യം

ശാന്തമ്മ ഏങ്ങലോടെ വാതിൽക്കൽ വന്ന് വെളിയിലേക്കു നോക്കിനിന്നു. അയാൾ മുറ്റത്തേക്കിറങ്ങി. പിന്നെയും തിരിഞ്ഞുനോക്കി. പിന്നീട് പുറത്തേക്കു നടന്നു. അവൾ കണ്ണു തുടച്ചു. മുണ്ടിന്റെ കോന്തലയിലേക്ക് മൂക്കു ചീറ്റി. അവൾക്കു പിന്നിൽ കുഞ്ഞിന്റെ തൊട്ടിൽ മെല്ലെ ആടിക്കൊണ്ടിരുന്നു.

ശങ്കരൻകുട്ടി ഇതിനകം വയലിലേക്കിറങ്ങി മറഞ്ഞുകഴിഞ്ഞു.

പറമ്പിലെവിടെയോ പശു പിന്നെയും അമറി. ശാന്തമ്മ കട്ടിളപ്പടിയിൽ ചാരിനിന്ന് വിരഹം വിഴുങ്ങി.

എണ്ണൂറ്റിപ്പതിനാറ് - മധ്യദൃശ്യം

ആറ്റിൻകരയിൽ, വഴി വന്നിറങ്ങുന്ന കടവിൽ ശങ്കരൻകുട്ടി ലോറി ഏതാണ്ട് കഴുകി വൃത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു. അവസാനത്തെ തൂപ്പും തുടപ്പും നടത്തുകയാണയാൾ.

എണ്ണൂറ്റിപ്പതിനേഴ് - മധ്യദൃശ്യം

കടവിൽ, തുണി സോപ്പിട്ട്, കല്ലിൽ കുത്തിനനച്ചുകൊണ്ട് ഒരു തൊഴിലാളിസ്ത്രീ ഇരിക്കുന്നുണ്ട്.



### എണ്ണൂറ്റിപ്പതിനെട്ട്- ദൂരദൃശ്യം

തുടപ്പുതുണി കഴുകിയത് മുറുക്കിപ്പിഴിഞ്ഞുകൊണ്ട് ശങ്കരൻകുട്ടി ലോറിക്കടുത്തേക്കു വന്നു.

### എണ്ണൂറ്റിപ്പത്തൊമ്പത് - ദൂരദൃശ്യം

തുണി നനച്ചുകൊണ്ടിരുന്ന സ്ത്രീക്കരികിൽ നിന്ന് അവരുടെ കുട്ടി വെള്ളത്തിൽ കളിക്കുകയായിരുന്നു. ചെറിയൊരു തുണിത്തുണ്ടുമായി അവൻ ആറ്റിലെ ഒഴുക്കിനടുത്തേക്കു നടന്നു. എന്നിട്ട് തുണി ദൂരേക്കെറിഞ്ഞു.

### എണ്ണൂറ്റി ഇരുപത് - മധ്യദൃശ്യം

ശങ്കരൻകുട്ടി വണ്ടിയിലേക്കു കയറുകയായിരുന്നു. ഡ്രൈവർ എഞ്ചിൻ സ്റ്റാർട്ടാക്കി. വണ്ടി നീങ്ങിത്തുടങ്ങി. അപ്പോഴാണ് അകലെ വെള്ളത്തിൽ ശങ്കരൻകുട്ടി എന്തോ ശ്രദ്ധിച്ചത്. അയാൾ സംഭ്രമത്തിൽ വിളിച്ചു പറഞ്ഞു:

"വണ്ടി നിർത്ത്."

പെട്ടെന്നയാൾ ചാടിയിറങ്ങി.

### എണ്ണൂറ്റി ഇരുപത്തൊന്ന് - മധ്യദൃശ്യം

വെള്ളത്തിൽ നിന്ന കുട്ടിയെ ഓടിച്ചെന്നു കൈയിലെടുത്തുയർത്തി അവന്റെ തള്ളയ്ക്കടുത്തു കൊണ്ടുചെന്നു വിട്ട് അയാൾ അവരോടു കയർത്തു:

"കണ്ണൊണ്ടോ നിങ്ങടെ മൊഖത്ത്?

കൊച്ചിപ്പം വെള്ളം കുടിച്ച് ചത്തേനെല്ലോ."

കുട്ടി ഭയസംഭ്രമങ്ങളോടെ അയാളുടെ മുഖത്തു നോക്കി വാവിട്ടു നിലവിളിച്ചു. കുട്ടിയെ തള്ള അരികിലേക്ക് ഒന്നുകൂടി ചേർത്തുനിർത്തി. ഉത്തരവാദിത്വബോധത്തിന്റെ കൃതാർഥതയോടെ അയാൾ തിരക്കിട്ടു നടന്നു വണ്ടിയിൽ കയറി. അതിലിരുന്ന് തന്റെ ധീരകൃത്യത്തിൽ സ്വയം അഭിനന്ദിച്ച് അയാൾ തിരിഞ്ഞുനോക്കി.



### എണ്ണൂറ്റി ഇരുപത്തിരണ്ട് - മധ്യദൃശ്യം

അപ്പോൾ അടുത്ത് കരഞ്ഞുകൊണ്ടുനിന്ന കുട്ടിയെ നോക്കി അലക്കുകാരിസ്ത്രീ ഉച്ചത്തിൽ പരാതിപ്പെട്ടു:

"ചുമ്മാ കളിച്ചോണ്ടിരുന്ന കൊച്ച് - ഒള്ള ബഹളങ്ങളൊക്കെയൊണ്ടാക്കി അതിനെ കരേപ്പിച്ചു."

### എണ്ണൂറ്റി ഇരുപത്തിമൂന്ന് - മധ്യദൃശ്യം

ശങ്കരൻകുട്ടി പെട്ടെന്ന് തല വലിച്ചുകളഞ്ഞു. അപ്പോഴേക്കും മുന്നോട്ടു നീങ്ങിത്തുടങ്ങിയിരുന്ന വണ്ടിയിൽനിന്ന് ശങ്കരൻകുട്ടി വലിഞ്ഞു തിരിഞ്ഞ് എത്തിനോക്കി.



എണ്ണൂറ്റി ഇരുപത്തിനാല് - സമീപദൃശ്യം

ശങ്കരൻകുട്ടിയുടെ മുഖമാകെ സംതൃപ്തി, ആഹ്ലാദം.

എണ്ണൂറ്റി ഇരുപത്തഞ്ച് - സമീപദൃശ്യം

സന്തോഷഭാവം ഡ്രൈവർക്കും അൽപ്പം പകർന്നിട്ടുണ്ടെന്നു തോന്നും. പെട്ടെന്നുയർത്തിയ ചൂളംവിളി കേട്ട് അതിശയത്തോടെ അയാൾ തിരിഞ്ഞുനോക്കി ചിരിച്ചു.

എണ്ണൂറ്റി ഇരുപത്താറ് - മധ്യസമീപദൃശ്യം

ശങ്കരൻകുട്ടി പ്രസന്നവദനനായി ചൂളമടിക്കുകയാണ്. ഡ്രൈവർ താളത്തിൽ 'പോ-പോ' എന്ന് ഹോണടിച്ചു. എതിരെ ഒരു ഫാസ്റ്റ് പാസഞ്ചർ ബസ് നീണ്ട ഹോണോടെ കടന്നുപോയി.

എണ്ണൂറ്റി ഇരുപത്തേഴ് - മധ്യദൃശ്യം

വൃക്ഷത്തലപ്പുകൾ ആ ചൂളംവിളിക്ക് പശ്ചാത്തലമായി നീങ്ങി.

എണ്ണൂറ്റി ഇരുപത്തെട്ട് - സമീപദൃശ്യം

ഭവാനിയമ്മ നിർബന്ധിച്ചു: "ഇങ്ങനൊരു ധിറുതിയൊണ്ടോ!"

എണ്ണൂറ്റി ഇരുപത്തൊമ്പത് - സമീപദൃശ്യം

വാതിൽക്കൽ നിന്ന ഭവാനിയമ്മ തുടർന്ന് നിർദേശിച്ചു:
"എന്നാ ശാന്തമ്മ ചെന്ന് ഇച്ചിരി ചായയിട്ടോണ്ടു വാ."
വരാന്തയിൽ പുറത്തേക്കുള്ള വഴിയിൽ തൂണുചാരി ശങ്കരൻകുട്ടിയും

അരഭിത്തിക്കപ്പുറം ചുവരോടു ചേർന്ന് എളിയിൽ കുഞ്ഞുമായി ശാന്തമ്മയും നിന്നു. അയാൾ മയത്തിൽ ഒഴിഞ്ഞുമാറി.

“അയ്യോ, ഞാൻ ചായ കുടിച്ചേച്ചാ വന്നേ.”

ഭവാനിയമ്മ വിടുന്ന മട്ടില്ല. അവർ നിർബന്ധിച്ചു:

“എന്നാപ്പിന്നെ ഉണ്ടേച്ചു പോയാ മതി.”

ശങ്കരൻകുട്ടി പൂർവാധികം വിനീതനായി:

“അയ്യോ വേണ്ടാ, ലോറിയേല് ചരക്കു കേറ്റി നിർത്തിയേക്കുവാ.”

എന്നിട്ടയാൾ സംശയത്തോടെ കൈയിലിരുന്ന പൊതി നീട്ടി.

“ഇത് .......”

അയാൾ അർധോക്തിയിൽ നിർത്തി; ശാന്തമ്മയോട് തിരിഞ്ഞു. ഭവാനിയമ്മ പ്രോത്സാഹിപ്പിച്ചു.


“വാങ്ങിച്ചോടീ.” ശാന്തമ്മ മുന്നോട്ടുവന്ന് സന്തോഷപൂർവം അത് കൈയേറ്റു.

അയാൾ തിരിഞ്ഞ് യാത്രപറഞ്ഞു:

“എന്നാ... ഞാൻ പോകുന്നു...”

അയാൾ മുറ്റത്തേക്കിറങ്ങി വേഗത്തിൽ നടന്നു.

ശാന്തമ്മ ശങ്കരൻകുട്ടി പോകുന്നതു നോക്കി പ്രേമപൂർവം നിന്നു.



### എണ്ണൂറ്റിമുപ്പത് - മധ്യദൃശ്യം

അകലേക്കു നടന്നുനീങ്ങുന്ന അയാളിൽനിന്ന് നോട്ടം പിൻവലിച്ച് ശാന്തമ്മ അമ്മയോടു തിരിഞ്ഞു പറഞ്ഞു:

“അമ്മ നിർബന്ധിച്ചാരുന്നെങ്കി ഉണ്ടേച്ചേ പോവത്തൊള്ളാരുന്നു.”

ഭവാനിയമ്മ വിട്ടുകൊടുത്തില്ല. അവർ ചോദിച്ചു:

“നീയിവിടെ നിക്വല്ലാരുന്നോ-നെനക്കങ്ങോട്ടു പറയാൻ വയ്യാരുന്നോ?”

ശാന്തമ്മ അയാൾ പോയ ദിക്കിലേക്ക് ഒന്നുകൂടി തിരിഞ്ഞുനോക്കിനിന്നു. എന്നിട്ട് പതുക്കെ കുഞ്ഞിനെ ഉമ്മവച്ചു.

കൊടിയേറ്റം (അടൂർ ഗോപാലകൃഷ്ണൻ)

- ദൃശ്യസന്ദർഭത്തെ സ്വാഭാവികമാക്കാൻ എന്തെല്ലാം ഘടകങ്ങളാണ് തിരക്കഥയിൽ ഉപയോഗിച്ചിരിക്കുന്നത്? വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

- • "ശങ്കരൻകുട്ടി കൗതുകപൂർവം താഴെ തൊട്ടിലിലേക്കു നോക്കിനിന്നു. അയാളുടെ മുഖത്ത് ഒരു ചെറുചിരി വിടർന്നു."
  • "കണ്ണൊാണ്ടോ നിങ്ങടെ മൊഖത്ത്. കൊച്ചിപ്പം വെള്ളം കുടിച്ച് ചത്തേനെല്ലോ."

  ഈ വരികളിൽ തെളിയുന്ന ശങ്കരൻകുട്ടിയുടെ മാനസികാവസ്ഥ വ്യക്തമാക്കുക.

- "ശാന്തമ്മ ഏങ്ങലോടെ വാതിൽക്കൽ വന്ന് വെളിയിലേക്കു നോക്കിനിന്നു. അയാൾ മുറ്റത്തേക്കിറങ്ങി. പിന്നെയും തിരിഞ്ഞുനോക്കി. പിന്നീട് പുറത്തേക്കു നടന്നു."

  ശങ്കരൻകുട്ടി ശാന്തമ്മയെയും കുഞ്ഞിനെയും കണ്ടുമടങ്ങുന്ന ഭാഗമാണിത്. ഈ തിരക്കഥാഭാഗം ഒരു കഥയുടെ തുടക്കമാണെന്നു കരുതുക. കഥ പൂർത്തിയാക്കുക.

-

> "എന്റെ ഗ്രാമത്തിൽനിന്ന്, അവിടെ എനിക്കറിയാവുന്ന, എന്നോടൊപ്പം വളർന്ന, ജനങ്ങളിൽനിന്ന് ഉദ്ഭവിച്ച കഥയാണിത്. ഇന്നും നമുക്കിടയിൽ ശങ്കരൻകുട്ടിയെപ്പോലുള്ളവരുണ്ട്."
>
> ***അടൂർ ഗോപാലകൃഷ്ണൻ***

'കൊടിയേറ്റം' എന്ന സിനിമ കണ്ടശേഷം ഈ പ്രസ്താവനയോട് പ്രതികരിക്കുക.

-

> "അയാൾ പടിഞ്ഞാറൻമാനത്തേക്കു നോക്കി. ജീവനറ്റ സന്ധ്യ. കണ്ണീരൊതുക്കിയ കറുത്ത മേഘങ്ങൾ" എന്നെഴുതുമ്പോൾ കഥാപാത്രത്തിന്റെ മാനസികാവസ്ഥ പ്രകടമാവുന്നു. സ്ക്രീൻപ്ലേ എഴുത്തുകാരനോ? ചെയ്യുന്ന കാര്യങ്ങളിലൂടെ, പറയുന്ന വാക്കുകളിലൂടെ, കാണുന്ന മൂർത്തസംഭവങ്ങളിലൂടെ, കേൾക്കുന്ന ശബ്ദങ്ങളിലൂടെയാണ് കഥാപാത്രത്തിന്റെ മനസ്സ് തുറന്നുകാട്ടേണ്ടത്.
>
> *കാണാവുന്ന സാഹിത്യം- എം.ടിയുടെ തിരക്കഥകൾ -ആമുഖം*

ദൃശ്യ (Visuals)ങ്ങളുടെ മേൽക്കോയ്മയാണ് സാഹിത്യത്തിൽനിന്ന് സിനിമയിലേക്കുള്ള പ്രയാണത്തിലെ മുഖ്യ സവിശേഷത. ചലച്ചിത്രകാരൻ - തിരക്കഥാകാരനും വാക്കുകൾകൊണ്ടല്ല, ദൃശ്യങ്ങൾ (ബിംബങ്ങൾ) കൊണ്ടാണ് സംസാരിക്കേണ്ടത്.

'ഈ കഥ എന്റെ ജീവിതത്തിലെ അദ്ഭുതസംഭവങ്ങളിൽ ഒന്നാണ്' എന്ന മുഖവുരയോടെ തുടങ്ങുന്ന 'നീലവെളിച്ചം' എന്ന ചെറുകഥ ഒരു പ്രേതകഥയാവുന്നത് അവസാന വാക്യങ്ങളിൽ 'നീലവെളിച്ച'മെന്ന അദ്ഭുതസംഭവത്തോടെ മാത്രമാണ്. എന്നാൽ 'ഭാർഗവീനിലയ'മെന്ന തിരക്കഥയിൽ, പ്രേതകഥയ്ക്കനുഗുണമായ ദൃശ്യസൂചനകൾ തുടക്കം മുതൽതന്നെ ഒരുക്കുന്നുണ്ട് ബഷീർ. കൊച്ചുവാക്യങ്ങളിൽ സ്വാഭാവികമായി അവതരിപ്പിക്കുന്ന വീട്, തിരക്കഥയിൽ അതിവിശദമായിത്തന്നെ വിവരിക്കപ്പെടുന്നു. വെളിച്ചമില്ലാത്ത, ജനാലകളെല്ലാം അടഞ്ഞുകിടക്കുന്ന, കരിയിലകൾ നിറഞ്ഞ വീട്. പ്രേതകഥയ്ക്കുവേണ്ട ചേരുവകളെല്ലാം തുടക്കം മുതൽ ഒരുക്കിയിരിക്കുന്നു. മലയാളത്തിലെ ആദ്യ പ്രേതചിത്രമാണ് 'ഭാർഗവീനിലയം'. പിൽക്കാലത്ത് ആവർത്തനവിരസങ്ങളായി മാറിയ സീക്വൻസുകളെല്ലാം അന്നു പുതുമയോടെ അവതരിപ്പിച്ചിട്ടുണ്ട്. ഗേറ്റിൽ ആദ്യം കാണുന്ന തിളങ്ങുന്ന പൂച്ചക്കണ്ണുകൾ, നായ്ക്കളുടെ ദയനീയമായ മോങ്ങൽ, ചിലങ്കകളുടെ അവ്യക്തശബ്ദം, ദൂരത്തിൽ ഗോവണിപ്പടിയിറങ്ങുന്ന ശബ്ദങ്ങൾ, വെള്ളവസ്ത്രം ധരിച്ച പ്രേതം, കാറ്റ്, കിണറ്റിൽ എന്തോ വന്നു വീഴുന്ന ശബ്ദം, ആദ്യം കണ്ട 'രൂപരഹിതമായ കിനാവുപോലുള്ള' നിശ്ചലപ്രകൃതി മെല്ലെ സജീവമാകുന്നത് - ദൃശ്യസമൃദ്ധിയാണ് 'ഭാർഗവീനിലയ'ത്തിന്റെ തുടക്കം ആസ്വാദ്യമാക്കുന്നത്.

*കഥയും തിരക്കഥയും (ഡോ. ആർ.വി.എം. ദിവാകരൻ)*

സിനിമയെക്കുറിച്ചുള്ള ഈ അഭിപ്രായങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- മലയാളത്തിലെ നിരവധി നോവലുകളും ചെറുകഥകളും അതേ പേരിലും പേരുമാറ്റിയും ചലച്ചിത്രങ്ങളായിട്ടുണ്ട്. പട്ടിക പൂർത്തിയാക്കുക.

| സിനിമ | കൃതി | എഴുത്തുകാരൻ | സംവിധായകൻ |
|---|---|---|---|
| നിർമ്മാല്യം | പള്ളിവാളും കാൽച്ചിലമ്പും | എം.ടി. | എം.ടി. |
| ചെമ്മീൻ | ചെമ്മീൻ | തകഴി | രാമു കാര്യാട്ട് |
| കാഞ്ചനസീത | കാഞ്ചനസീത | സി.എൻ. ശ്രീകണ്ഠൻനായർ | ജി. അരവിന്ദൻ |
| | | | |
| | | | |
| | | | |
| | | | |
| | | | |



# വെളിച്ചത്തിന്റെ വിരലുകൾ

ഉമ്മാച്ചുവും മായനും ബീരാനും കളിക്കൂട്ടുകാരായിരുന്നു. പണക്കാരനായ ബീരാൻ ഉമ്മാച്ചുവിനെ സ്വന്തമാക്കി. അവൾക്ക് മായനോടായിരുന്നു കൂടുതൽ പ്രിയം. ഉമ്മാച്ചുവിനും ബീരാനും ഒരു മകൻ പിറന്നു– അബ്ദു. ഉമ്മാച്ചുവിനെയും ബീരാനെയും ഒന്നിപ്പിക്കാൻ കാരണക്കാരനായ അഹമ്മദുണ്ണിക്കയെ ഒരിക്കൽ മായൻ തല്ലി. തല്ലുകൊണ്ടുവീണ അയാൾ മരിച്ചെന്നു കരുതി മായൻ നാടുവിട്ടു. വയനാട്ടിൽവച്ച് അഹമ്മദുണ്ണിക്കയുടെ മകൻ ഹസ്സനെ കണ്ടുമുട്ടിയപ്പോഴാണ് അയാൾ മരിച്ചില്ലെന്ന് അറിയുന്നത്. നാട്ടിൽ തിരിച്ചെത്തിയ മായൻ ഉമ്മാച്ചുവിനെ വിവാഹം കഴിച്ചു. അവർക്കൊരു കുഞ്ഞുണ്ടായി– മരക്കാർ. മായനാണ് ബീരാനെ കൊന്നതെന്ന് അബ്ദുവിന് അറിയാമെന്ന് ഉമ്മാച്ചുവും മായനും മനസ്സിലാക്കി. തുടർന്ന് വയനാട്ടിലേക്കു പോയ പിതാവിനെ കാണാൻ മരക്കാർ എത്തുന്നു.

"ന്റെ മോൻ പൊയ്ക്കോ!" മായൻ നീണ്ട കൈയെടുത്ത് മരക്കാരുടെ ചുമലിൽവച്ചു പറഞ്ഞു. മരക്കാർ ഒരാഴ്ചയായി ബാപ്പയുടെ അടുത്തു ചെന്നുകൂടിയിട്ട്. ബാപ്പയും തന്റെ കൂടെ നാട്ടിലേക്കു വരണമെന്നാണ് അവന്റെ പിടുത്തം. പക്ഷേ, മായൻ അതിഷ്ടപ്പെട്ടില്ല. എന്തുകൊണ്ടിഷ്ടപ്പെടുന്നില്ല എന്നൊട്ടു പറയുന്നുമില്ല. ഈ ഊരാക്കൊളുത്തഴിച്ചു ബാപ്പയെ മോചിപ്പിക്കാൻ മകൻ ആഗ്രഹിച്ചു. അവൻ പറഞ്ഞു: "ബാപ്പീം വരണം."

"ബാപ്പ ഇപ്പൊ ഇല്ല. അല്ലെങ്കിൽ..." മായൻ കുറച്ചുനേരം എന്തോ വിചാരിച്ചു നിന്നു തുടർന്നു:

"ബാപ്പ പിന്നെ ബര്ണ്ട്."

"ഇപ്പൊ വന്നാലെന്തേ?"

"ബാപ്പ ഇബടെ ബന്നത് ഇച്ചിരിപ്പോരം കാരിയത്തിന്നല്ലേ? അത് കയിഞ്ഞാല് ഞമ്മളങ്ങട്ട് ബരും. അത്..തന്നെ. അത് ബേകം തീരും മോനേ!"– ഇതു പറഞ്ഞപ്പോൾ മായന്റെ തൊണ്ടയിടറി.

"ബാപ്പാ..."

"മോനേ..."

"ബാപ്പ വരാഞ്ഞാൽ വല്യേ കഷ്ടാവും!"

"ബാപ്പ ഇപ്പൊ ബന്നാൽ അതിലും ബല്യേ കഷ്ടാവും. അല്ലെങ്കിൽ അന്നോട് അതൊക്കെ പറ ഞ്ഞിട്ടെന്താ? ഇജ്ജ് ഇപ്പോളും ഒരു ചെക്കനാ."

"ബാപ്പാക്ക് എന്തേ അവിടെയൊര് എടങ്ങറ്?"

മായൻ സ്വല്പനേരത്തിനു മറുപടി പറഞ്ഞില്ല. ആ തളർന്ന വട്ടക്കണ്ണുകൾ കുറേനേരം ഒരേദി ക്കിലേക്കു തറച്ചുനിന്നു. ആ നേത്രങ്ങളിലൂടെ വിഷാദവും രോഷവും ഇടകലർന്ന് പാഞ്ഞുപോകു ന്നതായി മരക്കാർ കണ്ടു.

"ബാപ്പ എന്താ ഒന്നും മിണ്ടാത്തത്?"

"ഇക്ക് ഒരെടങ്ങറും ഇല്ലാച്ചോ. ഇഞ്ഞി എടങ്ങറുണ്ടായി എന്നാത്തന്നെ എന്തേയ്, ചാവോളല്ലേ മനിസന് എടങ്ങറുള്ളൂ?"

"ബാപ്പ എന്താ ഇങ്ങനെയൊക്കെ സംസാരിക്കുന്നത്?"

"ഞങ്ങളും ഉമ്മീം എന്തെങ്കിലും ബാപ്പാക്ക് എതിരായിട്ട് ചെയ്തോ?"

മായൻ ദൃഷ്ടിയുയർത്തി മരക്കാരുടെ മുഖത്തേക്കു നോക്കി. എന്നിട്ട് പതുക്കെ അവന്റെ പുറം തടവിക്കൊണ്ട് പറഞ്ഞു: "ന്റെ മക്കളെക്കൊണ്ട് ഇക്ക് ഒരെടങ്ങറും ഉണ്ടായിറ്റില്ല. ഇച്ചിരി പൊട്ടി ത്തെറിച്ചോനാ ഹൈദ്രോസ്. ഓനും ഞമ്മളെ ബല്യേ കാര്യേർന്ന്. പിന്നെ അന്റെ ഉമ്മ."

"എന്തേ, ഉമ്മ വല്ലതും പറഞ്ഞോ ബാപ്പാ?"

"ഓള് പറയേ? അന്റെ ഉമ്മാനെ അനക്കറിഞ്ഞൂടാ. ഓളെപ്പോലെ സഹിക്കുന്നൊരു പെണ്ണ് ഇദ്ദു നിയാവുമ്പിലില്ല. അക്കുടുംബത്തിന്റെ ഒരു ബെളക്കാ ഓള്."

"എന്നാൽ ബാപ്പ പോരിൻ; പോരണം."

"ബാസി പുടിക്കരുത്. ന്റെ മോൻ പൊയ്ക്കോ. ബാപ്പ ബരണ്ടി."

മരക്കാരൊന്നും മറുപടി പറഞ്ഞില്ല. അവൻ എന്തൊക്കെയോ ആലോചിക്കയായിരുന്നു. അവ്യ ക്തങ്ങളായ നിഴൽപ്പാടുകൾ അവന്റെ ഉള്ളിലൂടെ കടന്നുപോയി.

"മോൻ ബേജാറാവണ്ട. ഇക്ക് ഇബടെ സൊഹാ. ഈ ഹസ്സനില്ലേ, നല്ലോനാ. ഓൻ പെണ്ണും പാടെ കെട്ടിയപ്പോ ഏറെ നല്ലോനായി."

"ഉം"-മരക്കാർ ഒന്നു മൂളുകമാത്രം ചെയ്തു.

"ഉമ്മാനോട് പറയ്..."

"എന്ത്?"

"ബാപ്പ എല്ലാം ഓർക്കുന്നുണ്ട് എന്ന്."

"പിന്നെ ഉമ്മാനെ കസ്റ്റപ്പെടുത്തരുത്. ഓള് ഇമ്മിണി സഹിച്ചോള്. ഇനീം സഹിക്കാൻ ബിടരുത്."

"ബാപ്പ വന്നിട്ട് ഒക്കെ പറഞ്ഞോളിൻ."

"സരി. പറഞ്ഞതൊക്കെ ഓർമ്മബെച്ചോ!"

"ബാപ്പ എന്നാ വര്ാ?"

"അടുത്ത്."

"വരുന്ന ആഴ്ച?"

"പക്കെ ബരും."

"അപ്പൊ ഞാൻ വരട്ടെ?"

"മോൻ പൊയ്ക്കോ." ഇതു പറഞ്ഞപ്പോൾ മായന്റെ തൊണ്ടയിടറി. കുറേക്കൂടി പറയണമെന്നു ണ്ടായിരുന്നു. പക്ഷേ, തന്നെ തനിക്ക് ഒതുക്കാൻ കഴിഞ്ഞില്ലെങ്കിലോ എന്ന് അവൻ ഭയപ്പെട്ടു. ബാപ്പയും മകനും കീഴ്പ്പോട്ടു നോക്കി. നിശ്ശബ്ദത. രണ്ടുപേരും സ്വന്തം ആത്മാവിലേക്ക് തല

തിരുകിക്കൊണ്ടായിരുന്നു നിന്നിരുന്നത്. അകത്ത് കലശലായ പ്രക്ഷോഭം; പുറത്തു പ്രശാന്തത. ആ പ്രശാന്തതയെ ദൂരെനിന്ന് ചായച്ചപ്പുനുള്ളുകാരികളുടെ കലപിലശബ്ദവും കോൽമേസ്ത്രിമാരുടെ നിർദേശങ്ങളും കൂടെക്കൂടെ നുള്ളിനോവിപ്പിച്ചു. ആമിന വളർത്തുന്ന ആട്ടിൻ കുട്ടിയും അകത്തുനിന്നു കൂടെക്കൂടെ കരയുന്നുണ്ടായിരുന്നു.

"ഞാൻ വരട്ടെ, ബാപ്പാ?"

"പൊയ്ക്കോ."

മരക്കാർ ഇറങ്ങിനടന്നു. പടിവരെ മായനും പിന്നാലേ പോയി, ഒരു കൊച്ചുമോട്ടോർബോട്ട് വലിച്ചുകൊണ്ടുപോകുന്ന കെട്ടുവഞ്ചിപോലെ. പടിക്കൽവച്ച് അവ തമ്മിലുള്ള കെട്ടഴിഞ്ഞു. മോട്ടോർ ബോട്ട് മുന്നോട്ടുനീങ്ങി. കെട്ടുവഞ്ചി നിന്നു. മരക്കാർ ഒന്നു തിരിഞ്ഞുനോക്കിയില്ല. മായൻ പടിക്കാലും പിടിച്ച് കണ്ണും നട്ടുകൊണ്ടു നിൽക്കുകയാണ്. മകൻ അകന്നകന്നുപോകുമ്പോൾ നെഞ്ചിൽനിന്ന് എന്തോ ഒന്നു വലിച്ചുചീന്തിയെടുക്കുംപോലെ തോന്നുന്നു. ആ മുഖം ഒരിക്കലും ഇത്രമേൽ അവശമായിട്ടില്ല.

അവിടെ പുതിയ ചുളിവുകൾ പെട്ടെന്നാണ് പ്രത്യക്ഷപ്പെട്ടത്. മരക്കാർ കുന്നിറങ്ങി. അവന്റെ തൊപ്പി മാത്രമേ അപ്പോൾ മായൻ കാണുന്നുള്ളൂ. അവൻ പടിക്കാൽ പിടിച്ച് ഏന്തിനോക്കി. മരക്കാർ വീണ്ടും കുന്നിലേക്കു കയറുകയാണ്. ആ കുന്നുകൂടി ഇറങ്ങിക്കഴിഞ്ഞാൽ പിന്നെ അവനെ കാണുകയില്ല. മായൻ ദൃഷ്ടി പതറാതെ നോക്കി: തന്റെ മകനാണത്. ആ ചൊറുചൊറുക്കുള്ള നടത്തം, ആ കൈവീശൽ, ആ തല ചരിച്ചുപിടിക്കൽ- എല്ലാം തന്റേതാണ്. തന്റെ ജീവനിൽനിന്നു പറിച്ചെടുത്ത ഒരു പുതിയ താൻ. കുറച്ചുനിമിഷംകൂടി കഴിഞ്ഞാൽ അവൻ കണ്ണിൽനിന്നു മറയും. പിന്നീട് അവനെ കാണുമോ? അവൻ ആ കുന്നും ഇറങ്ങാൻ തുടങ്ങി. മായന്റെ നെഞ്ചിൽ ഒരു കിതപ്പുകിടന്ന് മുട്ടിത്തിരിഞ്ഞു. മകൻ മരിക്കുന്നതു നോക്കിനിൽക്കേണ്ടി വരുന്ന ഒരച്ഛന്റെ നിൽപ്പായിരുന്നു അത്. മരക്കാർ മറവിലേക്കു താഴുകയാണ്; കാലുകൾ കാണാതായി; പുറവും മറഞ്ഞു; തലമാത്രം ബാക്കിയുണ്ട്; ഒരു കറുത്ത തൊപ്പി മാത്രം; എല്ലാം മറഞ്ഞു. ശൂന്യം. ചക്രവാളംവരെ ഒഴിഞ്ഞുകിടക്കുന്നു. രണ്ടോ മൂന്നോ കണ്ണീർക്കണങ്ങൾ ആ പടിക്കാൽപിടിച്ച കൈപ്പടത്തിന്മേൽ ഇറ്റിറ്റു വീണു. അവയ്ക്ക് തീത്തൈലത്തിന്റെ ചൂടുണ്ടായിരിക്കണം.

"ഞാൻ ചത്ത്!..." അവൻ സ്വയം മന്ത്രിച്ചു.

"എന്തേയ്, കാക്കാ?" പിൻപിൽനിന്ന് ഒരു ചോദ്യം കേട്ട് അവൻ തിരിഞ്ഞുനോക്കി. ഹസ്സനുണ്ട് ഒതുങ്ങിനിൽക്കുന്നു. മായന്റെ നിറഞ്ഞ കണ്ണുകൾ കണ്ട് ഹസ്സനും അൽപ്പം ഒന്നമ്പരക്കാതിരുന്നില്ല. എങ്കിലും അവനത് പുറത്തുകാട്ടാതെ കഴിച്ചു.

"എന്തേയ്, കാക്കാ?"

"ന്റെ മോനേ..." മായൻ ഹസ്സന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു തേങ്ങിത്തേങ്ങിക്കരഞ്ഞു. എന്തിനാണ് കരയുന്നതെന്ന് ഹസ്സൻ ചോദിച്ചില്ല. കരയട്ടെ, എന്നൊരു ഭാവത്തിൽ മായന്റെ വിസ്തൃതമായ പുറം തടവുകമാത്രം ചെയ്തു. കുറച്ചുകഴിഞ്ഞപ്പോൾ ഹസ്സന്റെ തോളിൽപ്പിടിച്ചുകൊണ്ട് മായൻ പടാപ്പുറത്തു വന്നിരുന്നു. താടിക്കു കൈയും കൊടുത്തുകൊണ്ടുള്ള ഇരുപ്പ്. ഹസ്സൻ അൽപ്പനേരം നോക്കി. എന്നിട്ട് അകത്തേക്കു കടന്നുവിളിച്ചു: "ആമിനേ!"

"ഓ."

"അരി ബെന്തോ?"

"ആ!"

"എന്നാൽ കാക്കാക്ക് ഇച്ചിരി കഞ്ഞി ഇങ്ങട്ട് കൊടുക്ക്."

"ഇപ്പൊ കൊണ്ടോരാം."

അൽപ്പനിമിഷങ്ങൾക്കുള്ളിൽ ഉപ്പിട്ടാറ്റിയ കഞ്ഞി കൊണ്ടുവന്നു. മായൻ നിശ്ശബ്ദനായി അതു വലിച്ചുകുടിച്ചു ചിറി തുടച്ച് പടാപ്പുറത്ത് നീണ്ടുനിവർന്നു കിടന്ന് കണ്ണടച്ചു.

"ഇടിഞ്ഞുമറിഞ്ഞ ജബ്ബലിന്റെ ചേലിക്കാ ഇക്കിടപ്പ്" എന്നു ഹസ്സൻ ഉള്ളിൽ കരുതി. ഒന്നും പറയാതെ അകത്തേക്കു പോയി. ആമിനയെ അകത്തെങ്ങും കണ്ടില്ല. അവൻ അങ്ങേപ്പുറത്തു ചെന്നുനോക്കി. അവൾ ആട്ടിൻകൂടിന്റെ അടുത്താണ്. പിണ്ണാക്കുവെള്ളം ഇളക്കിക്കൊടുക്കുന്നു.

"എന്തേയ്?" അവൾ ചോദിച്ചു.

"ഉം-ഉം." ഹസ്സൻ നിഷേധാർഥത്തിൽ തലയാട്ടിക്കൊണ്ടു പറഞ്ഞു- "അച്ചെക്കന് ഇച്ചിരി മൊലകൊടുക്കാമായിരുന്നില്ലേ? ഇമ്മിണി നേരായില്ലേ?"

"കൊടുക്കാം. ഇതങ്ങട്ട് കയിഞ്ഞാളട്ടെ."

ഹസ്സനെ സംബന്ധിച്ചിടത്തോളം അവൻ താനറിയാതെ ഒരു പിതാവായിക്കഴിഞ്ഞിരിക്കുന്നു. ഏതോ മനുഷ്യന്റേതായ ആ കുട്ടിയെ തനിക്ക് ഒരിക്കലും ആത്മാർഥമായി സ്നേഹിക്കാൻ കഴികയില്ല എന്നായിരുന്നു അവന്റെ ആദ്യകാലത്തെ വിശ്വാസം. വാസ്തവത്തിൽ, മായൻ നിർബന്ധിച്ചിട്ടും വിവാഹം കഴിക്കാനുള്ള മടിതന്നെ അതായിരുന്നു. പക്ഷേ, കടുക്കക്കഷായം കുടിക്കുമ്പോലെ അതു ചെയ്യേണ്ടിവന്നുവെന്നുമാത്രം. കുടിച്ചുനോക്കിയപ്പോഴാകട്ടെ, കടുക്കയല്ല, നെല്ലിക്കയാണ്. മുമ്പെ ചവർത്തു, പിന്നെ മധുരിച്ചു. ആമിനയ്ക്ക് ഇത് ഓർക്കാപ്പുറത്തുള്ള ഒരു ഭാഗ്യമായിരുന്നു. അവൾ കഷ്ടപ്പാടിന്റെ അഗാധതയിലേക്കു മുങ്ങിമുങ്ങിപ്പോവുകയാണ്. മരണം കാൽച്ചുവട്ടിൽ കിടന്നുപുളയുന്നു. അപ്പോഴാണ് ഹസ്സൻ അവളെ പൊക്കിയെടുത്തത്. ആ സ്ത്രീ അവനെ കടന്ന് ഒരൊറ്റപ്പിടിത്തം- ജീവൻപോയാലും വിടില്ലെന്ന മട്ടിൽ. വാസ്തവത്തിൽ, അതൊരേസമയത്ത് ഒരു പിടിച്ചുപറ്റലും ആത്മാർപ്പണവുമായിരുന്നു. ആ രംഗം ഓർക്കുമ്പോഴൊക്കെ ഹസ്സന് ഒരു കോരിത്തരിപ്പ് ഉണ്ടാകാറുണ്ട്. അവന്റെ ഹൃദയത്തിൽ, ഒരു ഇണയെ തേടിപ്പിടിച്ച് ജീവിതം പൂർണമാക്കാനുള്ള പ്രേരണ തള്ളിനിൽക്കുകയാണ്. എന്നിട്ടും മായൻ പറഞ്ഞപ്പോഴൊന്നും അവൻ ആ വഴിക്ക് ചരിച്ചില്ല. പ്രസവിച്ചു നാൽപ്പതു ദിവസം കഴിഞ്ഞു. ഇതിന്നിടയിൽ ഓരോ ദിവസവും ആമിന പറയും: "ഇഞ്ഞി ഞമ്മള് പോയ്ക്കോളാം."

"പോണ്ടാ" എന്നുമാത്രം ഹസ്സനും പറയും. ഈ ഓരോ വാക്കും തന്നെ എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്ന് അപ്പോൾത്തന്നെ അവൻ ഭയപ്പെടുകയും ചെയ്തു. എങ്കിലും പിറ്റേന്നും അതുതന്നെയായിരുന്നു ഹസ്സൻ പറഞ്ഞ മറുപടി.

"ഇങ്ങക്ക് ഞമ്മളെക്കൊണ്ട് എടങ്ങാറായി!" ആമിന പറഞ്ഞു.

"ഞമ്മക്ക് സന്തോസാ" -ഹസ്സൻ ഉടനെ മറുപടി കൊടുക്കും. ഈ വാക്ക് അവളുടെ കണ്ണുകളിൽ ഒരു സംഭ്രമമുളവാക്കുന്നുണ്ടെന്ന് ഹസ്സനും കാണാതിരുന്നില്ല. എന്നാലും അതിലപ്പുറമൊന്നും പറയാൻ കഴിയുന്നില്ല. ഒരു വാക്കു കൂടുതൽ പറഞ്ഞാൽപ്പിന്നെ അതു തനിക്കുതന്നെ പിൻവലിക്കാൻ വയ്യാത്ത വിധത്തിലായിത്തീരുമല്ലോ. കാക്കാം; എന്തു സംഭവിക്കുമെന്നു നോക്കാം. ആമിനയുടെ ഈ വിനയവും അപരാധബോധവും കുത്തിയിളക്കി അതു നോക്കിക്കാണുന്നതിൽ ഹസ്സൻ നിഗൂഢമായ ഒരു സംതൃപ്തിയനുഭവിച്ചു. ഓരോ ദിവസവും അവൻ തന്നോടുതന്നെ പറഞ്ഞു: "നല്ലോളാന്നാ തോന്ന്ണ്!"

ഹസ്സൻ അവളെ നന്നായി തീറ്റിപ്പോറ്റി. തോട്ടപ്പണിയിൽനിന്നു റിട്ടയർചെയ്ത ഒരു കർണാടകക്കാരിത്തള്ളയെ പ്രസവശുശ്രൂഷയ്ക്കു വേണ്ടി ഏർപ്പെടുത്തി. വിഷാദാത്മകത്വത്തിന്റെ ഒരു മൂർത്തിമദ്ഭാവമായിരുന്ന ആ തള്ള ആമിനയെ നന്നായി ശുശ്രൂഷിച്ചു. പല്ലു മുഴുവൻ മരക്കറ തേച്ചു കറുപ്പിച്ച ആ സ്ത്രീ ചിരിക്കുമ്പോഴും കരയുകയാണെന്നേ തോന്നൂ. അത്തരത്തിലുള്ള ഒരു ജീവിയുടെ സാഹചര്യം ആമിനയ്ക്കു വളരെ ആവശ്യമായിരുന്നു. തന്നെച്ചൊല്ലിയാണ് ആ

വൃദ്ധ എപ്പോഴും കരയുന്നതെന്ന ഒരു തെറ്റിദ്ധാരണ പക്ഷേ, അവൾക്ക് ആവശ്യമായിരിക്കാം. തനിക്കുവേണ്ടി വേദനിക്കുവാൻ ചിലരുണ്ടാവുക എന്നതാണല്ലോ പരമമായ സുഖം. ആ കർണാടകക്കാരിയുടെ മുഖത്തുനിന്ന് എപ്പോഴും ആമിന ആശ്വാസം തേടിപ്പോന്നു. ഹസ്സന്റെ തീറ്റയും കർണാടകക്കാരിയുടെ മുഖഭാവവുംകൂടി ആമിനയുടെ ആരോഗ്യം വീണ്ടെടുത്തു; ആ കവിളുകൾ ഉരുണ്ടു; അവിടെ ഒരു നേർത്ത തുടുപ്പ് ഉദിച്ചുവരുകയാണ്. ആ നീണ്ട കണ്ണുകളിലേക്കു പ്രകാശം തിരിച്ചുവന്നു. അവ മഷിതട്ടിയ ദീപങ്ങളെപ്പോലെ പ്രകാശിച്ചു. വെളുത്തു കൊലുന്നനെയുള്ള ആ ഉമ്മക്കുട്ടി മഞ്ഞു നനഞ്ഞ വള്ളിക്കുടിലിൽ വെയിൽനാളം തട്ടുന്നതുപോലെ ഒന്നു തെളിഞ്ഞു. പുതിയ പൂക്കളും പുതിയ തളിരുകളും.

ഈ മാറ്റങ്ങൾ ഹസ്സൻ നോക്കിക്കാണുന്നുണ്ടായിരുന്നു. എന്നിട്ടും അവൻ അനങ്ങിയില്ല. അവൻ പുതിയ കാച്ചിയും തട്ടവും കുപ്പായവും കൊണ്ടുവന്നു. അത് പ്രസവിച്ചതിന്റെ മുപ്പത്തിഒൻപതാം ദിവസമായിരുന്നു. ഹസ്സൻ വാതിൽക്കൽ നിന്നു കട്ടിലിലേക്ക് ആ വസ്ത്രങ്ങൾ എറിഞ്ഞുകൊടുത്തുകൊണ്ടു പറഞ്ഞു: "ഇന്നാ, ഇതുടുത്തോ."

ആമിന അമ്പരന്നുപോയി. അവൾ ഹസ്സനെ ആകെയൊന്നു നോക്കി. ഈയാൾ ആരാണ്? പടച്ചവനോ! ഒന്നും പറയാതെ ഹസ്സൻ അവിടെനിന്നു പോയി. ആമിനയാകട്ടെ, ആ വസ്ത്രങ്ങൾ കൈയിൽ വച്ച് അങ്ങനെ അനങ്ങാതിരുന്നു. കുഞ്ഞിന്റെ കരച്ചിൽ കേട്ടാണ് അവൾ ആ ഇരിപ്പിൽനിന്ന് എഴുന്നേറ്റത്.

അങ്ങനെ നാൽപ്പതും കഴിഞ്ഞു. നാൽപ്പത്തഞ്ചാം ദിവസം ആമിന ഇങ്ങോട്ടു കടന്നു പറഞ്ഞു: "ഇഞ്ഞി ഞമ്മള് ഇബടെ നിന്നാൽ..."

"നിന്നാല്?" ഹസ്സൻ ചോദിച്ചു.

"ഇങ്ങളെ കസ്റ്റത്തിലാക്ക്യായിരിക്കും. നനഞ്ഞേടം കുയിച്ചൂടല്ലോ! പക്കെങ്കില് ഇങ്ങള് ഇശ്ശെത കൊണത്തിന് പടച്ചോൻ ഇങ്ങക്ക് തരും."

"പടച്ചോൻ ഞമ്മക്ക് തന്ന്."

"എന്ത്?"



"അന്നത്തന്നെ." ആ വാക്ക് ഹസ്സന്റെ വായിൽനിന്നു വാസ്തവത്തിലങ്ങു വഴുതിവീഴുകയാണു ചെയ്തത്.

"ഹാ" - ചെകുത്താനെയോ ദൈവത്തെയോ കണ്ടപോലെ അവൾ ഞെട്ടിപ്പോയി. ആ പ്രകാശമാനമായ കണ്ണുകൾ ഹസ്സന്റെ മുഖത്ത് അടിച്ചുതറച്ചപോലെ നിശ്ചലങ്ങളായി നിന്നു.

"ഇജ് അമ്പരക്കണ്ട, ആമിനേ! അനക്ക് ബിരോതം ഇല്ലാച്ചാല് അനക്ക് എന്നും ഇക്കൂടീലാ കൂടാം. ഞമ്മക്ക് ഒരാള് വേണം. അനക്ക് സമ്മതാച്ചാൽ..."

"ന്റെ റബ്ബേ!" ആമിന കിതച്ചുകൊണ്ട് തുടർന്നു: "പക്കെങ്കില്, ഞാന്..."

"ഇക്കുട്ടിയല്ലേ. സാരമില്ല, ഓൻ എന്റെ മോനാന്ന് കണക്കാക്കിക്കോ." ഹസ്സൻ പുഞ്ചിരിയോടെ പറഞ്ഞു: "പക്കെങ്കില് ഞമ്മളെ പുടിച്ചില്ലാച്ചാല് വേണ്ട."

"ഹോജരാജാവായ തമ്പിരാനേ!...." അവൾ ഹസ്സന്റെ കാൽക്കൽ ഇരുന്നു; അല്ല, വീണു. ആ കാലിണകളെ കെട്ടിപ്പിടിച്ചു തേങ്ങിത്തേങ്ങിക്കരയാൻ തുടങ്ങി.

അങ്ങനെയൊന്ന് ഹസ്സൻ പ്രതീക്ഷിച്ചിരുന്നില്ല. അവന്റെ ദേഹമാകെ കോരിത്തരിച്ചുപോയി. തന്റെ കാൽ കെട്ടിപ്പിടിച്ചുകൊണ്ട് ഒരു യുവതി കരയുന്നു. ഹൃദയത്തിൽനിന്ന് എന്തോ ചില കെട്ടുകളഴിഞ്ഞുപോകുന്നതുപോലെ തോന്നി. വെളിച്ചത്തിന്റെ ഒരു തള്ളിക്കയറ്റം; അമ്പരപ്പിക്കുന്ന തള്ളിക്കയറ്റം. ഒരു നിമിഷത്തിന് ഒന്നും മനസ്സിലായില്ല. കാലിൽ മൃദുലമായ രണ്ടു കൈകൾ ചുറ്റിക്കിടക്കുന്നുണ്ടെന്നു മാത്രമറിയാം. അവൾ തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടു ചോദിച്ചു: "ഇങ്ങളൊരു മനിസ്സനോ, മാലിക്കോ?" പിന്നെയും അവൾ എന്തൊക്കെയോ പിറുപിറുന്നെനെ പറയുന്നുണ്ടായിരുന്നു. ഒന്നും മനസ്സിലാകുന്നില്ല. ആകെയൊരു തരിപ്പ്. എന്തിനാണിവളിങ്ങനെ കാല് കെട്ടിപ്പിടിച്ചിരിക്കുന്നത്? എന്തിനാണിവൾ ഇങ്ങനെ തേങ്ങിക്കരയുന്നത്? അവളിപ്പോൾ സുഖമോ ദുഃഖമോ അനുഭവിക്കുന്നത്?

താനെന്താണ് അനുഭവിക്കുന്നത്? ഇത്രയ്ക്കൊക്കെ എന്തേ ഉണ്ടായത്?

"ഇങ്ങളാ ഇക്ക് ഉയിര് തന്നത്!" അവളുടെ ആ വാക്കും ഹസ്സന്റെ ചെവിയിൽ വീണു. അവൻ കീഴ്പോട്ടു നോക്കി. ആ നീലനേത്രങ്ങളിൽനിന്നു പുറപ്പെട്ട രണ്ടു കണ്ണീർച്ചാലുകൾ കവിളിലൂടെ കീഴ്പോട്ടൊഴുകുകയാണ്. എന്താണ് പറയേണ്ടതെന്ന് ആ യുവാവിന് അറിഞ്ഞുകൂടായിരുന്നു. അവളെ പിടിച്ചെഴുന്നേൽപ്പിച്ചുകൊണ്ട് അവൻ പറഞ്ഞു: 'ബാ!...'

"ഇങ്ങളെ ഞാന്...."

"ലച്ചിക്കും" -ഹസ്സൻ കൂട്ടിച്ചേർത്തു.

"ഇക്ക് ഒന്നും ഇല്ല. ഉയിരേ ഉള്ളൂ. അതു ഞാൻ ഇങ്ങക്ക് തന്ന്"-മുറിഞ്ഞു വീഴുന്ന കണ്ണീരിനിടയിലൂടെ അവൾ ഈ വാക്കുകൾ പറഞ്ഞപ്പോൾ ദൈവം അതിലേ കടന്നുപോയെന്നു തോന്നുന്നു. ഒരഭൗമമായ പ്രകാശം ഹസ്സന്റെ ഉള്ളിലേക്കു തള്ളിക്കയറി. അവൻ ആ പ്രകാശത്തിലേക്കു നോക്കിക്കൊണ്ടു നിന്നു; അവൾ അവന്റെ മുഖത്തേക്കും. കഠിനമായ ഹൃദയമിടിപ്പുകളിലൂടെ നിമിഷങ്ങൾ കടന്നുപോയി. രണ്ടാത്മാക്കൾ കണ്ടെത്തുകയാണ്; ആടിക്കുലുങ്ങി ഒന്നാവുകയാണ്.

"..ൾള്ളാ...ൾള്ളാ...." കുഞ്ഞിന്റെ കരച്ചിൽ ആമിനയുടെ മുഖം തിരിച്ചു. അവൾ അതിന്റെ അടുത്തേക്കു നീങ്ങി. ഹസ്സനും പിന്നാലെ ചെന്നു. ആ കൊച്ചുമുഖത്ത് അവൻ തന്റെ ജീവിതം തന്നെ നിഴലിച്ചതായി കണ്ടു.

ഉമ്മാച്ചു (ഉറൂബ്)

- "തനിക്കുവേണ്ടി വേദനിക്കാൻ ചിലരുണ്ടാവുക എന്നതാണല്ലോ പരമമായ സുഖം." ഈ നിരീക്ഷണത്തെ പാഠസന്ദർഭവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യുക.

- "ഇടിഞ്ഞുമറിഞ്ഞ ജബ്ബലിന്റെ ചേലിക്കാ ഇക്കിടപ്പ്" എന്ന് ഹസ്സൻ ഉള്ളിൽ കരുതി. മായൻ എന്ന കഥാപാത്രത്തിന്റെ അവസ്ഥ സൂചിപ്പിക്കാൻ ഈ പ്രയോഗത്തിന് എത്രമാത്രം കഴിയുന്നുണ്ട്? വിശദമാക്കുക.

- "മരക്കാർ മറവിലേക്കു താഴുകയാണ്; കാലുകൾ കാണാതായി; പുറവും മറഞ്ഞു; തലമാത്രം ബാക്കിയുണ്ട്; ഒരു കറുത്ത തൊപ്പിമാത്രം; എല്ലാം മറഞ്ഞു. ശൂന്യം." ഈ വരികളിൽ തെളിയുന്ന ദൃശ്യത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ്? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.

- "അവ മഷി തട്ടിയ ദീപങ്ങളെപ്പോലെ പ്രകാശിച്ചു. വെളുത്തു കൊലുന്നനെയുള്ള ആ ഉമ്മക്കുട്ടി മഞ്ഞുനനഞ്ഞ വള്ളിക്കുടിലിൽ വെയിൽനാളം തട്ടുന്നതുപോലെ ഒന്നു തെളിഞ്ഞു." ഇത്തരം പ്രയോഗങ്ങൾ ആഖ്യാനത്തിന് ചാരുത നൽകുന്നുണ്ടോ? കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക.

- > "പ്രകൃതി ദയാപൂർവം എന്നിൽ നിക്ഷേപിച്ച - ഞാൻ ഉണ്ടാക്കിയതല്ല - മനുഷ്യനന്മയിലുള്ള വിശ്വാസം എന്നെ വിങ്ങിക്കരയിക്കുന്നു, പരിഹസിക്കുന്നു. ചിലപ്പോൾ ശുണ്ഠിപിടിപ്പിക്കുകയും ചെയ്യുന്നു. ഒക്കെക്കഴിഞ്ഞ് ആലോചിച്ചുനോക്കുമ്പോൾ മനുഷ്യമനസ്സിൽ പൊന്തിവരുന്നതിതാണ്-ഒടുങ്ങാത്ത വേദനകളും ഓർക്കാനിഷ്ടപ്പെടാത്ത ഓർമ്മകളും കൊടുത്താൽ മടക്കിത്തരാത്ത ഹൃദയങ്ങളും. എല്ലാമിരുന്നാലും പിന്നെയും ജീവിതം എത്ര സുന്ദരമാണ്!"
  >
  > *(ഉറൂബ്-എന്റെ കഥകളെപ്പറ്റി ഞാൻതന്നെ/ഉറൂബിന്റെ തിരഞ്ഞെടുത്ത കഥകൾ)*

  നോവലിസ്റ്റിന്റെ ജീവിതവീക്ഷണമല്ലേ ഈ വരികളിൽ തെളിയുന്നത്? പാഠഭാഗത്തെ സന്ദർഭങ്ങൾ പരിഗണിച്ച് വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- പാഠഭാഗം അടിസ്ഥാനമാക്കി ഹസ്സൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

- തെറ്റു തിരുത്തുക:
  - മന്ത്രിമാർ ആഴ്ചയിൽ ചുരുങ്ങിയത് നാലു ദിവസമെങ്കിലും തലസ്ഥാനത്തുണ്ടായിരിക്കണമെന്നു തീരുമാനിച്ചു.
  - അധ്യാപകൻ നന്നായി പഠിച്ചതിന് കുട്ടിക്ക് സമ്മാനം നൽകി.
  - ഉദാരമതികളായ നാട്ടുകാരോടുള്ള കൃതജ്ഞത നന്ദിപൂർവം രേഖപ്പെടുത്തിക്കൊള്ളുന്നു.



**പദകോശം**

| | | | |
|---|---|---|---|
| ഉയിര് | - പ്രാണൻ | പ്രയാണം | - യാത്ര |
| ജബ്ബൽ | - മല | മാലിക് | - ദൈവം |
| ദുനിയാവ് | - ലോകം | വിരഹം | - വേർപാട് |

'വെളിച്ചത്തിന്റെ വിരലുകൾ' എന്ന പാഠഭാഗത്തിലെ ഇഷ്ടപ്പെട്ട ഒരു സന്ദർഭത്തിനു തിരക്കഥ തയാറാക്കുക.

എന്തെല്ലാം പരിഗണിക്കാം

- കഥാവസ്തു
- സ്ഥലം, കാലം
- ദൃശ്യസാധ്യതകൾ
- സംഭാഷണങ്ങൾ

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| **കഥാപാത്രനിരൂപണം** | | | |
| • കഥാപാത്രത്തിന്റെ സ്ഥാനം, സ്വഭാവസവിശേഷതകൾ, പ്രസക്തി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. | | | |
| • കഥയുടെ തുടക്കം, വളർച്ച, ഒടുക്കം എന്നിവയിൽ കഥാപാത്രത്തിന്റെ സ്ഥാനം, ഇടപെടലുകൾ കണ്ടെത്തി രേഖപ്പെടുത്തിയിട്ടുണ്ട്. | | | |
| • സമാനകഥകൾ, നോവലുകൾ മുതലായവ വായിച്ച് അവയിലെ കഥാപാത്രങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ട്. | | | |
| • സ്വന്തം നിലപാടുകൾ ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയാറാക്കിയിട്ടുണ്ട്. | | | |
| **തിരക്കഥ** | | | |
| • ആകാംക്ഷ ജനിപ്പിക്കുന്ന കഥാവസ്തു രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • പരമാവധി ദൃശ്യസാധ്യതകൾ തിരിച്ചറിഞ്ഞ് യോജിച്ച നിർദേശങ്ങൾ നൽകിയിട്ടുണ്ട്. | | | |
| • കഥാപാത്രങ്ങൾക്കു യോജിച്ച രൂപഭാവങ്ങൾ നൽകിയിട്ടുണ്ട്. | | | |
| • സ്ഥലം, കാലം എന്നിവ ഉൾപ്പെടുത്തി എഴുതിയിട്ടുണ്ട്. | | | |
| • കഥാപാത്രങ്ങൾക്കു യോജിച്ച സംഭാഷണങ്ങൾ തയാറാക്കിയിട്ടുണ്ട്. | | | |
| **വിശകലനക്കുറിപ്പ്** | | | |
| • നോവൽഭാഗം വായിച്ച് ആശയതലം, ഭാവതലം, സാമൂഹികതലം എന്നിവ തിരിച്ചറിഞ്ഞ് രചന നിർവഹിച്ചിട്ടുണ്ട്. | | | |
| • കഥാവസ്തു വിശകലനം ചെയ്ത് ആശയങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. | | | |
| • ആശയങ്ങൾ സ്വന്തം നിരീക്ഷണങ്ങൾ, കാഴ്ചപ്പാടുകൾ എന്നിവ ചേർത്ത് കാര്യകാരണസഹിതം അവതരിപ്പിച്ചിട്ടുണ്ട്. | | | |
| • യോജിച്ച പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉപയോഗിച്ചിട്ടുണ്ട്. | | | |

**എഴുത്തുകാരെ അറിയുക**



## അടൂർ ഗോപാലകൃഷ്ണൻ

1941ൽ അടൂരിൽ ജനനം. പതിനൊന്ന് കഥാചിത്രങ്ങളും മുപ്പതിലേറെ ഹ്രസ്വ ചിത്രങ്ങളും സംവിധാനം ചെയ്തു. നിരവധി ദേശീയ - അന്തർദേശീയ ബഹുമതികൾ ലഭിച്ചു. സ്വയംവരം, കൊടിയേറ്റം, എലിപ്പത്തായം, മുഖാമുഖം, അനന്തരം, വിധേയൻ, മതിലുകൾ, നിഴൽക്കൂത്ത് എന്നിവ പ്രധാന ചിത്രങ്ങൾ. മികച്ച സിനിമയ്ക്കുള്ള അന്തർദേശീയ അവാർഡ് ആറുതവണ ലഭിച്ചു. പത്മശ്രീ, പത്മവിഭൂഷൺ, ഫാൽക്കെ പുരസ്കാരങ്ങൾ ലഭിച്ചു. സിനിമയുടെ ലോകം, സിനിമാനുഭവം, സിനിമാസാഹിത്യം, ജീവിതം സിനിമ സംസ്കാരം എന്നീ ഗ്രന്ഥങ്ങൾ രചിച്ചു.



## ഉറൂബ് (പി.സി. കുട്ടികൃഷ്ണൻ)

**(1915–1979)**

മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനനം. കേരള സാഹിത്യ അക്കാദമി അധ്യക്ഷനായിരുന്നു. കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു. ഉമ്മാച്ചു, അമ്മിണി, സുന്ദരികളും സുന്ദരന്മാരും, മിണ്ടാപ്പെണ്ണ്, അണിയറ, മൗലവിയും ചങ്ങാതിമാരും, ഗോപാലൻനായരുടെ താടി, രാച്ചിയമ്മ, അപ്പുവിന്റെ ലോകം തുടങ്ങിയവ പ്രധാന കൃതികൾ.

**പഠനനേട്ടങ്ങൾ**

- ദൃശ്യ-ശ്രാവ്യമാധ്യമങ്ങളിലെ ഭാഷാപ്രയോഗ മാതൃകകൾ തിരിച്ചറിഞ്ഞ് പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.
- തിരക്കഥയുടെ രചനാസങ്കേതങ്ങൾ പരിചയപ്പെടുകയും സ്വതന്ത്രമായി ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ദൃശ്യഭാഷയുടെ സാധ്യതകൾ തിരിച്ചറിഞ്ഞ് ചലച്ചിത്ര ആസ്വാദനവുമായി ബന്ധപ്പെട്ട രചനകൾ നിർവഹിക്കുന്നു.
- നോവലുകളുടെ പ്രമേയം, ആഖ്യാനരീതി, ഭാഷാപരമായ സവിശേഷതകൾ എന്നിവ വിശകലനം ചെയ്ത് രചനകൾ നിർവഹിക്കുന്നു.

# 3

# ഒരു കുടന്ന വെളിച്ചമായ്...



ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽപ്രതിമ കുഴിച്ചെടുത്തു. സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു. അയാൾ ആ പ്രതിമയെ ഒരു വലിയ തുകയ്ക്ക് സൗന്ദര്യാസ്വാദകനു വിറ്റു.

പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി: ഈ പണം എന്തു മാത്രം ജീവിതസൗകര്യങ്ങളാണ് നൽകുന്നത്! എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞുകിടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്തിനു പകരമായി ഇത്രമാത്രം പണം നൽകി ഏതു വിഡ്ഢി വിലയ്ക്കുവാങ്ങും?

അപ്പോൾ തന്റെ കൈക്കലെത്തിച്ചേർന്ന പ്രതിമയിലേക്കു നോക്കി സൗന്ദര്യാസ്വാദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു: എന്തൊരു സൗന്ദര്യം! എന്തൊരു ജീവപ്രകാശം! ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ നിദ്രയ്ക്കുശേഷം എന്റെ കൈകളിലെത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിന്റെ സ്വപ്നമാണ്! മൃതവും സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കു തോന്നും?

പുരോഗാമി (ഖലീൽ ജിബ്രാൻ)

ഈ കഥ നമ്മോട് പറയുന്നത് എന്തെല്ലാം? ചർച്ചചെയ്യുക.



# അജഗജാന്തരം

മഞ്ചാടിമനയ്ക്കലെ ആനക്കാരൻ നാണുക്കുട്ടിക്ക് ഒരാശ. ഒരേ ഒരാശ. ഒരു ആടു വാങ്ങണം, സ്റ്റൈലിലതിനെ മേയ്ച്ച് വിലസേണം.

ആനക്കൂട്ടിൽപ്പിറന്ന്, ആനപ്പുറത്തു നടന്ന്, ആനച്ചുവട്ടിലുറങ്ങി അങ്ങനെ ആനക്കൊട്ടിലിൽ വളർന്ന നാണുക്കുട്ടി! വമ്പന്മാരായ പാപ്പാന്മാരുടെ കുലത്തിലെ അവസാന കണ്ണി!

ഒരുനാൾ പൊടുന്നനേ പൊട്ടിപ്പൊന്തിയതാണീ മോഹം. എങ്കിലും അയാൾ വളരെ ദിനങ്ങൾ അതിനെ ഒളിച്ചുവച്ചു. പക്ഷേ, നാണുക്കുട്ടിയുടെ ക്നാവിലും നിനവിലും ആടിന്റെ അമർത്തിപ്പിടിച്ച കരച്ചിൽ പൊങ്ങി. ക്രമേണ അയാൾപോലുമറിയാതെ മനസ്സ് സദാപി ആ മോഹത്തെ ഉമ്മവച്ച് ഓമനിക്കാൻ തുടങ്ങി.

എന്തേ ഈ നാൽപ്പത്തിയാറാം വയസ്സിൽ ഇങ്ങനെ ഒരാഗ്രഹം? നാണുക്കുട്ടിക്കുതന്നെ വിസ്മയം. പക്ഷേ, വിസ്മയത്താലൊടുങ്ങുന്നതാണോ ആശ?

മോഹത്തിൽ നിലയറ്റ നാണുക്കുട്ടി രണ്ടും കല്പിച്ച് മഞ്ചാടിമനയ്ക്കലെ വലിയ തിരുമേനിയുടെ മുമ്പിൽ ചെന്ന് സ്വയം തളഞ്ഞുനിന്നു. ലേശം നാണത്തോടെ തോട്ടി അടിയറവുവച്ച് ഉണർത്തിച്ചു:

"തിരുമേനീ, ഇനി പാർവതിക്കുട്ടിക്ക് മറ്റൊരു പാപ്പാനെ വെക്കണം. ഞാൻ പോവ്വാണ്...."

തിരുമേനി കഥയറിയാതെ മിഴിച്ചു:

"നീ എന്തിനാ പുറപ്പാട്?"

"ഞാൻ....ഞാൻ....ഒരാടിനെ വാങ്ങി മേയ്ക്കാൻ പോവ്വാണ്...."

"വിഷ്ണോ! എന്താ ഈ കേക്കണെ! ആടിന്യോ! നീയ്യോ?.... നെനക്ക് ഭ്രാന്തെളക്യോ....?"

തിരുമേനി ആസനംവിട്ട് ഒടിഞ്ഞുയർന്നു. നാണുക്കുട്ടി നവോഢാ സമം നിന്നു.

"അദ്ന്റെ ഒരാശയാണ്."

തിരുമേനി പൂണൂൽ പിടിച്ച് തരിച്ചുനിൽക്കേ, നാണുക്കുട്ടി പിൻവാങ്ങി. കൊലകൊമ്പൻ പത്മനാഭന് മദം പൊട്ടിയപ്പോൾ തളച്ച നാണുക്കുട്ടി! ആർക്കും മെരുങ്ങാത്ത കല്യാണിയെ പശൂനെപ്പോലെ മെരുക്കി പൂരത്തിനു കൊണ്ടുപോയ നാണു! ഈ പാർവതി തന്നെ മറ്റൊരാളെ വകവയ്ക്കുന്ന ജനുസ്സാണോ?

മനയുടെ അന്തസ്സായിരുന്ന ആനകളിലൊന്നായിട്ടാണ് നാണുവിനെയും എണ്ണിയിരുന്നത്. മാതംഗലീല ഹൃദിസ്ഥമെന്നല്ല, പ്രയോഗസാമർഥ്യവും അതിശയം. നാണുക്കുട്ടിയെ പ്രതി ഇങ്ങനെ കുതിച്ചൊഴുകിയ ചിന്താപ്രവാഹത്തിൽനിന്ന് വല്ലപാടും പിടഞ്ഞെണീറ്റ തിരുമേനി ഈശ്വരന്റെ മായാവിലാസങ്ങളെപ്പറ്റി ഒരു ശ്ലോകം തോന്നിയത് ഉറക്കെച്ചൊല്ലി നെടുവീർപ്പിട്ടു.

കാണിനേരംകൊണ്ട് നാണുക്കുട്ടിയുടെ ആശ ഒരു വിശേഷവാർത്തയായി നാടാകെ പരന്നു. കേട്ടവർ കേട്ടവർ ചുവടു മറന്നു നിന്നു.

അങ്ങാടിയിൽവച്ച് കാര്യസ്ഥൻ കേശുനായർ ഇമവെട്ടാതെ ചോദിച്ചു:

"എന്താ നാണുക്കുട്ടീ പുറപ്പാട്?"

"കറുത്ത മൃഗത്തെ നയിച്ചു നയിച്ചു മടുത്താശാനെ. ഒരു വെളുത്ത മൃഗത്തെ മേയ്ച്ചിട്ട് മരിക്കണംന്നൊരു പൂതി. ഐരാവതം ഭൂമിയിലല്ലല്ലോ. വയസ്സുകാലത്ത് നെറത്തേലൊരു ഭ്രമം എന്നു കൂട്ടിക്കോളൂ."

കാര്യസ്ഥൻ തുറന്ന വായ് കൂട്ടി തൊടുക്കാനൊരുങ്ങുമ്പോഴേക്കും നാണുക്കുട്ടി നടന്നു.

പിറ്റേന്നു കിഴക്ക് സൂര്യന്റെ ആലവട്ടം പൊന്തുമ്പോൾ നാണുക്കുട്ടി തന്റെ വീടിനു തെക്കുപുറത്തൊരു ആലചമയ്ക്കാൻ തിരക്കിടുകയായിരുന്നു. വകേലൊരു മാതുലൻ രാമബാണമായി പാഞ്ഞുവന്നു, അന്നേരം.



അഷ്ടകലാശം ചവിട്ടിക്കൊണ്ടായിരുന്നു വൃദ്ധന്റെ തുടക്കം:

"നെനിക്കെന്താടാ, മദം പൊട്ട്യോ?"

നാണുക്കുട്ടി ശാന്തനായി ആദരപൂർവം ചിരിച്ചു.

"പാപ്പാൻ മെലിഞ്ഞാല്, ഇടയനാവ്വോടാ?"

കാരണോർ കുരുന്നാലിലപോലെ ചുവന്നു.

നാണുക്കുട്ടി തന്റെ സദുദ്യമം നിറുത്തി, ഉമ്മറത്തേക്കു കയറി ഉപചരിച്ചു:

"അമ്മാവൻ ഇരിക്ക്."

വൃദ്ധൻ ഇരിക്കുവോളം അയാൾ ഒതുങ്ങിനിന്നു. പിന്നെ അധോമുഖനായി നിന്നു ചൊല്ലി:

"കഴിഞ്ഞ മാസത്തില് നിക്കൊരു നെഞ്ചുവേദന വന്നില്ലേ? അദ് കാസത്തിന്റെ ആരംഭ മാന്നാ മൂസ്സ് പറഞ്ഞേത്. കാസത്തിന് ആടിന്റെ പാലും ചൂരും ബഹുവിശേഷാത്രെ. വല്യ ആയാസമുള്ള ജോലിയൊന്നും ഇനി പാടില്ലേനും."

ഈ വിശദീകരണം കാരണോരുടെ പഴമനസ്സിനെ തൃപ്തമാക്കിയില്ല.

അദ്ദേഹം അടുക്കളയോളം തുളുമ്പി മകളായവളെ ശാസിച്ചു. അതുകൊണ്ടും തീരാത്ത അരിശം മുരണ്ടുമുരണ്ടു പടിതുള്ളിയിറങ്ങി. നാണുക്കുട്ടി മന്ദംമന്ദം ആലപ്പണിയിലേക്കും.

സന്ധ്യ ചരിയും നേരം കമ്പോളത്തിൽനിന്ന് നിറകണ്ണോടെ ഭാര്യ മടങ്ങി വരുന്നത് നാണുക്കുട്ടി കണ്ടു. അടുത്തു ചെന്നു കാരണം തിരക്കി.

ആ പാവം നിയന്ത്രണംപൊട്ടി ഏങ്ങലടിച്ചു:

"ആ കവലയിലോട്ടൊന്നെറങ്ങിനോക്ക്. ആൾക്കാര് എന്തൊക്കെയാ പറയ്ണ്! ഇതും കേൾക്കേണ്ടി വന്നൂലോ ഭഗവതീ!"

നാണുക്കുട്ടി ധർമ്മപത്നിയെ അനുനയം പറഞ്ഞ് സാന്ത്വനിപ്പിച്ചുകൊണ്ടു ചോദിച്ചു:

"എടീ, വല്ലവന്റേം ആനയെ മേയ്ക്കണതിനേക്കാൾ നന്നല്ലേ തന്റേതായൊരു ആടിനെ മേയ്ക്കണത്! പിന്നെ കാട്ടിലും മലയിലും ആനക്കാൽച്ചുവട്ടിൽ ചുരുണ്ടുകൂടാണ്ട് നെന്റേം പിള്ളാരുടേം അടുത്ത് തന്നിഷ്ടംപോലെ ഒന്നിരിക്കീം ചെയ്യാലോ...."

അവസാനപ്രയോഗം കുറിക്കുകൊണ്ടു. കണ്ണീരടങ്ങി. അവിടെ തുരുമ്പിച്ചു മങ്ങിക്കിടന്ന ഏതോ മോഹം നാമ്പു നീട്ടിത്തിളങ്ങി. ആ ചുണ്ടുകളിലൊരു പുഞ്ചിരി വിതുമ്പി.

തന്റെ ഓമൽസ്വപ്നവും പേറി മുനയുള്ള നോട്ടങ്ങൾക്കും ചോദ്യങ്ങൾക്കും നടുവിലൂടെ തരിമ്പും കുലുങ്ങാതെ നാണുക്കുട്ടി നടന്നു.

നിത്യവും ലക്ഷണമൊത്ത ഒരു വെളുത്ത ആടു തേടി, കടമ്പകൾ പലതു കയറിയിറങ്ങി.

ഒടുവിൽ ആ അന്വേഷണവും കണ്ടെത്തലിൽത്തന്നെ ചെന്നുമുട്ടി.

മഞ്ഞണിഞ്ഞ ഇളംവെയിൽ മേയാനെത്തവേ, നാട്ടുകാരുടെ കണ്ണിൽ മഞ്ഞപൂശിക്കൊണ്ട് ഒരു വെള്ളാടുമായി നാണുക്കുട്ടി കവലമുറിച്ചു വീട്ടിലേക്കു നടന്നു.

എല്ലാവരും അയാളെ നോക്കി. അയാൾ ആടിനെ മാത്രം കണ്ടു.

ആരും അയാളോടു മിണ്ടിയില്ല. അയാൾ ആടിനോടു മാത്രം ഒച്ചയിട്ടു.

കവലയിൽ പുകപോലെ പടർന്ന നിശ്ശബ്ദതയെ ഭേദിച്ചു രസിക്കും പോലെ, ആ അജസുന്ദരി ഒരു പ്രത്യേകരാഗത്തിൽ മന്ദ്രമധുരമായി പുലമ്പിക്കൊണ്ടിരുന്നു. അവളുടെ ഓമനപൃഷ്ഠം അയാൾക്കുമുമ്പേ തുള്ളിത്തുളുമ്പി മുന്നോട്ട്....

ചങ്ങല പിടിച്ച കൈകളിൽ കയറേന്തിയപ്പോൾ നാണുക്കുട്ടിക്ക് എന്തെന്നറിയാത്തൊരനുഭൂതി. ഒരു മൃദുലത, ഒരു ലഘിമ....

ഇവൾ തന്റെ, തന്റെ മാത്രം, എന്ന ബോധം അത്യാനന്ദം ചുരത്തി.

നാണുക്കുട്ടിയുടെ ഭാര്യക്കും വിശിഷ്യാ മക്കൾക്കും നവാഗതയെ അളവറ്റ് ഇഷ്ടമായി.

അയാൾ അവൾക്ക് ആനശൈലിയിൽ ഒരു പേരിട്ടു:

"നങ്ങേമ."

ആ മൂന്നക്ഷരം ഉച്ചരിച്ചുകൊണ്ട് അയാൾ മൂന്നുരു ആ മൃദുരോമചാരുവാം പുറം തലോടി. ആട് രോമാഞ്ചത്താലാകാം, ഓരോ വട്ടവും പുളഞ്ഞു. അനുസരണയോടെ കരഞ്ഞു.

നാണുക്കുട്ടിയുടെ ഇളയമകൻ ആടിന്റെ പിന്നിൽ പതുങ്ങിച്ചെന്ന് അതിന്റ വാലിൽനിന്നൊരു രോമം പറിച്ചെടുത്ത്, മോതിരം ചമച്ച് വിരലിലണിഞ്ഞു.

മകന്റെ പ്രവൃത്തിയിൽ നാണുക്കുട്ടി ചിരിച്ചുപോയി. പയ്യന്റെ ചെവിക്കു പിടിച്ച് 'വങ്കൻ' എന്നു വിളിച്ചോമനിച്ചു. അന്തിച്ചുവപ്പിൽ തുടുത്തുനിൽക്കുന്ന നങ്ങേമയെ നോക്കിയിരിക്കെ ഒരചുംബിതാശയം നാണുക്കുട്ടിയെ ചുംബിച്ചു.

മനയ്ക്കലെ തട്ടാനെ ശട്ടംകെട്ടി ഒരു കൊച്ചു നെറ്റിപ്പട്ടമുണ്ടാക്കണം. കൊമ്പിന് ഒരു ജോടി കുഴലാഭരണവും. കഴുത്തിലൊരു കൊച്ചു പൊന്മണിയുമാകാം. ഇതെല്ലാമണിഞ്ഞ് ബഹുസുന്ദരിയായ നങ്ങേമയെ രാജപാതയിലൂടെ തെക്കുവടക്കു പലകുറി നടത്തണം. അക്കാഴ്ച കണ്ടുകണ്ട് നാട്ടുകാരുടെ നെടുവീർപ്പടങ്ങണം.

അയാൾ ആ സ്വപ്നസ്പർശലഹരിയിൽ മയങ്ങിയിരിക്കെ രാത്രി പമ്മി വന്നു.

ആ പ്രഥമരാത്രി നിനച്ചിരിക്കാത്ത ഒരു ക്ലേശമുണ്ടായി. കനത്ത ഇരുളിൽ നങ്ങേമ ഇടയ്ക്കിടെ കരയുകയായി. ഓരോ വട്ടം അവൾ കരയുമ്പോഴും നാണുക്കുട്ടി പ്രാണൻ പിടഞ്ഞെണീറ്റു. അസൂയാലുക്കളായ നാട്ടുകാർ അവളെ ചതിച്ചു കൊല്ലാൻ പതുങ്ങി വന്നിരിക്കുമെന്ന ഭീതി.

പകൽനേരം വേലിക്കപ്പുറം നിന്ന് ഏന്തിവലിഞ്ഞു നോക്കിയിരുന്ന അയൽക്കാരുടെ ഓരോ മുഖവും മനസ്സിൽ പൊന്തി.

റാന്തൽ തെളിച്ച് ആലയിലും പരിസരത്തും ചുറ്റി നടന്നു. ചെവിയോർത്തു നിശ്ചലം നിന്നു കാത്തു. ഒടുവിൽ സമാധാനത്തോടെ മടങ്ങി.

പുലരുവോളം ഇതാവർത്തിച്ചു.

ഉറക്കച്ചടവോടെ ചൂടുകാപ്പി മോന്തുമ്പോൾ ആനയും ആടും തമ്മിലുള്ള പ്രധാന വ്യത്യാസം, കാരണംകൂടാതെയുള്ള ഈ ചിണുങ്ങലാണെന്ന് നാണുക്കുട്ടി ബോധിച്ചു. ഇടവേളയില്ലാതെ, ആരോഹണാവരോഹണമില്ലാതെയുള്ള നങ്ങേമയുടെ ഈ കൊഞ്ചൽ അയാൾക്കത്ര രസിച്ചില്ല.

എങ്കിലും ചിന്തിച്ചപ്പോൾ ആശ്വാസമായി. ഏറെനാൾ മൗനമായിരുന്നിട്ട്, ആന നടത്തുന്ന കൊലവിളിയേക്കാൾ ഭേദമാണ് പാതി വിടരാത്ത ഈ ചിണുക്കം.

വെയിൽ മഞ്ഞു മാറ്റിയപ്പോൾ നാണുക്കുട്ടി നങ്ങേമയെയും തെളിച്ചു വയൽവരമ്പിലൂടെ നടന്നു.

പാപ്പാൻ ആനയ്ക്കൊപ്പം ഗമയിൽ നടന്നാൽ മതി.

അജവിഷയത്തിൽ അതു പറ്റില്ല. പിറകോട്ടു പിടിച്ചു നിറുത്തിയാലും അവൾ മുമ്പേ കുതിച്ചുകയറും. താളത്തിൽ തുള്ളിത്തെന്നുന്ന അവൾക്കൊപ്പമെത്താൻ നാണുക്കുട്ടി പഴയ ആനനട ഉപേക്ഷിച്ച് പുതിയൊരു നടത്തം ശീലിക്കേണ്ടിവന്നു.

ആന മേഞ്ഞുകൊണ്ടു നടക്കുകയില്ല. ഓല വെട്ടി തുമ്പിക്കൈയിലേറ്റിക്കൊടുത്താലേ കരിവായ് തുറക്കൂ.

ആടിന്റെ ശീലം വേറെ. നടപ്പും തീറ്റയും ഏകത്ര. കണ്ണിൽപ്പെടുന്ന ഏതു പച്ചിലയും ബഹുപഥ്യം. ഒരു കടി; ഒരു നട. വായും കാലും ഒരേ താളത്തിൽ. മേയ്ക്കുന്നവന്റെ കണ്ണു തെറ്റിയോ, അയൽക്കാരൻ ശത്രു. ഏകാഗ്രചിത്തനായി നങ്ങേമയ്ക്കു പിറകേ നടക്കുമ്പോൾ നാണുക്കുട്ടിക്ക് ഒരു സത്യംകൂടി ബോധ്യം വന്നു- ആന മേയ്ക്കുന്നതിനേക്കാൾ ക്ലേശമാണീ ആടുമേയ്പ്.

നടന്നു നടന്നു തോട്ടിൻകരയിലെത്തിയപ്പോൾ വല്ലാത്ത ദാഹം. അവിടൊരു മുറുക്കാൻ പീടികയുണ്ട്. ആടിനെ കടയ്ക്കു മുമ്പിലൊതുക്കി നിറുത്തി. കൈയിലിരുന്ന കോൽ അവളുടെ കാലിനു മുന്നിൽവച്ചു പീടികയിലേക്കു നീങ്ങി.

"ഒരു ഗ്ലാസ് വെള്ളം താ."

വെള്ളം തൊണ്ടയിലെത്തിയ നിമിഷം കടക്കാരന്റെ ആക്രോശം! നാണുക്കുട്ടി ഞെട്ടി. നോക്കുമ്പോൾ എന്താ കഥ! പഴക്കുല നിന്നാടുന്നു. നങ്ങേമ പഴം തിന്നുന്നു! കോൽ ദൂരെ കിടക്കുന്നു!

പഴത്തിന്റെ വില കൊടുത്ത് അന്തസ്സായി ഇടപാട് തീർത്തു. ഒപ്പം, കോൽ വച്ചാൽ ആടു നിൽക്കില്ലെന്ന ഗുണപാഠവും തേറി.

ആ രാത്രി മുഴുവൻ അയാൾ ആനയും ആടും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ഗാഢമായി ചിന്തിച്ചു. എന്നാൽ, ഏതു മൃഗത്തിനാണു മേന്മ എന്നു തീർപ്പു കല്പിക്കാനായില്ല.

കിഴക്കു വെള്ളി ഉദിച്ചപ്പോൾ പരമമായ ആ ഘോരസത്യം അയാളുടെ ബോധമണ്ഡലത്തിൽ വെൺമ പൂശി. ആനയ്ക്കു ലേശം നീരസമുണ്ടായാൽ തീർന്നു പാപ്പാന്റെ ജന്മം. അത്തരം പ്രതികാരബുദ്ധി നല്ലവരായ കുഞ്ഞാടുകൾക്കില്ല. അകാലചരമഭയമില്ലാതെ ശേഷിച്ച ആയുസ്സ് നീക്കാമെന്നതുതന്നെ വലിയൊരു നേട്ടമല്ലേ!

യുഗാന്തരങ്ങൾ തോറും സമാധാനത്തിന്റെ ദൂതന്മാർ പിറക്കാനും വളരാനും തൊഴുത്തു തേടിയതു വെറുതെയാണോ?

ഈ വെളിപാടിന്റെ ശീതളച്ഛായയിൽ അയാൾ സസുഖം മയങ്ങി.

ഒറ്റപ്പാലം (എസ്.വി. വേണുഗോപൻനായർ)

---

- ആനക്കാരനായ നാണുക്കുട്ടി ആടിനെ വാങ്ങി വളർത്താൻ തീരുമാനിച്ചപ്പോൾ നാട്ടിലും വീട്ടിലും ഉണ്ടായ പ്രതികരണങ്ങൾ എന്തൊക്കെയായിരുന്നു?

- ആനയ്ക്കു പകരം ആടിൽ സംതൃപ്തി കണ്ടെത്തുന്ന നാണുക്കുട്ടി നിരത്തുന്ന യുക്തികൾ എന്തെല്ലാം?

- വകേലൊരു മാതുലൻ രാമബാണമായി പാഞ്ഞുവന്നു.
  അഷ്ടകലാശം ചവിട്ടിക്കൊണ്ടായിരുന്നു വൃദ്ധന്റെ തുടക്കം.

  അടിവരയിട്ട പ്രയോഗങ്ങൾ കഥാസന്ദർഭത്തിന് എത്രമാത്രം യോജിച്ചതാണ്? ഇതുപോലുള്ള മറ്റു പ്രയോഗങ്ങൾകൂടി കണ്ടെത്തി വിശകലനക്കുറിപ്പ് തയാറാക്കുക.

- “കൊലകൊമ്പൻ പത്മനാഭന് മദംപൊട്ടിയപ്പോൾ തളച്ച നാണുക്കുട്ടി! ആർക്കും മെരുങ്ങാത്ത കല്യാണിയെ പശുനെപ്പോലെ മെരുക്കി പൂരത്തിന് കൊണ്ടുപോയ നാണു!”
- “ചങ്ങല പിടിച്ച കൈകളിൽ കയറേന്തിയപ്പോൾ നാണുക്കുട്ടിക്ക് എന്തെന്നില്ലാത്ത ഒരനുഭൂതി, ഒരു മൃദുലത, ഒരു ലഘിമ....”
- “താളത്തിൽ തുള്ളിത്തെന്നുന്ന അവൾക്കൊപ്പമെത്താൻ നാണുക്കുട്ടി പഴയ ആനനട ഉപേക്ഷിച്ച് പുതിയൊരു നടത്തം ശീലിക്കേണ്ടി വന്നു.”

ഇത്തരം വാക്യങ്ങൾ കഥയ്ക്ക് നൽകുന്ന ഭംഗി കണ്ടെത്തുക.

“യുഗാന്തരങ്ങൾതോറും സമാധാനത്തിന്റെ ദൂതന്മാർ പിറക്കാനും വളരാനും തൊഴുത്തു തേടിയത് വെറുതെയാണോ?”

ഈ സൂചന കഥാന്ത്യത്തെ എത്രമാത്രം സാധൂകരിക്കുന്നുണ്ട്? സ്വാഭിപ്രായം രേഖപ്പെടുത്തുക.

- നോക്കുമ്പോൾ എന്താ <u>കഥ</u>! പഴക്കുല നിന്നാടുന്നു.
- അവനൊരു <u>കഥ</u>യില്ലാത്തവനായിപ്പോയല്ലോ.
- <u>കഥ</u> കേൾക്കാൻ താൽപ്പര്യമില്ലാത്തവർ ആരുണ്ട്?

അടിവരയിട്ട പദങ്ങൾക്കു വിവിധ സന്ദർഭങ്ങളിൽ വരുന്ന അർഥവ്യത്യാസം കുറിക്കുക.


‘അജഗജാന്തരം’ എന്ന കഥ വായനക്കാരോട് പറയുന്നത് എന്താണ്?

- കഴിവിനനുസരിച്ച് ആഗ്രഹിക്കുക.
- ഒന്നും നിസ്സാരമല്ല.
-

കഥയുടെ പ്രമേയം, ആഖ്യാനരീതി, ഭാഷ എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**പദകോശം**

| | |
|---|---|
| അചുംബിതം | - സ്പർശിക്കപ്പെടാത്ത |
| അഷ്ടകലാശം ചവിട്ടുക | - എല്ലാ ഉപായങ്ങളും ഒന്നിച്ചു പ്രയോഗിക്കുക |
| ഏകത്ര | - ഒരിടത്ത് |
| കാണിനേരം | - അൽപ്പനേരം |
| കാസം | - ചുമ |
| ജനുസ്സ് | - വർഗം |
| മാതംഗലീല | - ആനയെ വളർത്തുന്നത് പഠിക്കാനുള്ള ശാസ്ത്രം |



# സഫലമീയാത്ര

ആർദ്രമീ ധനുമാസരാവിലൊന്നിൽ
ആതിരവരും, പോകു,മല്ലേ സഖീ? ഞാനീ
ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ; നീയെ-
ന്നണിയത്തുതന്നെ നിൽക്കൂ, ഇപ്പഴങ്കൂ-
ടൊരു ചുമയ്ക്കടിയിടറിവീഴാം.

വ്രണിതമാം കണ്ഠത്തിലിന്നു നോവിത്തിരി-
ക്കുറവുണ്ട്, വളരെ നാൾകൂടി ഞാൻ
നേരിയ നിലാവിന്റെ പിന്നിലെയനന്തതയി-
ലലിയുമിരുൾ നീലിമയിൽ,
എന്നോ പഴകിയൊരോർമ്മകൾ മാതിരി,

നിന്നു വിറയ്ക്കുമീയേകാന്തതാരകളെ
ഞാനൊട്ടു കാണട്ടെ, നീ തൊട്ടുനിൽക്കൂ.
ഓരോ നിറംകൊണ്ടു നേരമളന്നും
ഓരോ രവംകൊണ്ടു രൂപമറിഞ്ഞും
ഓരോ മരുന്നുകളിലന്തികളിഴഞ്ഞും
ഒരു കരസ്പർശത്തി,ലൊരു നേർത്ത തേങ്ങലി-
ലിരവിൻ വ്രണങ്ങളിൽ കുളിരു ചുറഞ്ഞും
കുഴയുമീ നാളുകളി,ലൊച്ചയുണ്ടാക്കാതെ-
യാതിരവരുന്നുവെന്നോ, സഖീ?
ആതിരവരുന്നേരമൊരുമിച്ചു കൈകൾ കോർ-
ത്തെതിരേൽക്കണം നമുക്കിക്കുറി; വരുംകൊല്ല-
മാരെന്നു,മെന്തെന്നു,മാർക്കറിയാം!

എന്തു, നിൻമിഴിയിണ തുളുമ്പിയെന്നോ, സഖീ,
ചന്തം നിറയ്ക്കുകീ ശിഷ്ടദിനങ്ങളിൽ,
മിഴിനീർച്ചവർപ്പുപെടാതീ മധുപാത്ര-
മടിയോളം മോന്തുക; നേർത്ത നിലാവിന്റെ-
യടിയിൽ തെളിയുമിരുൾ നോക്കു-
കിരുളിന്റെയറകളിലെയോർമ്മകളെടുക്കുക.

ഇവിടെയെന്തോർമ്മകളെന്നോ,
നെറുകയിലിരുട്ടേന്തിപ്പാറാവു നിൽക്കുമീ
തെരുവുവിളക്കുകൾക്കപ്പുറം
ബധിരമാം ബോധത്തിനപ്പുറം
ഓർമ്മകളൊന്നുമില്ലെന്നോ? ഒന്നുമില്ലെന്നോ?
പലനിറം കാച്ചിയ വളകളണിഞ്ഞുമഴിച്ചും,
പലമുഖംകൊണ്ടുനാം തമ്മിലെതിരേറ്റും,
നൊന്തും പരസ്പരം നോവിച്ചും, മുപതി-
റ്റാണ്ടുകൾ നീണ്ടൊരീയറിയാത്ത വഴികളിൽ
എത്ര കൊഴുത്ത ചവർപ്പു കുടിച്ചുവറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ?
ഓർമ്മകളുണ്ടായിരിക്കണം; ഒക്കെയും
വഴിയോരക്കാഴ്ചകളായ്
പിറകിലേക്കോടി മറഞ്ഞിരിക്കാം
പാതിയിലേറെക്കടന്നുവല്ലോ വഴി.

ഓർമ്മകളുണ്ടായിരിക്കണം: അല്ലെങ്കി-
ലാതിര വരുന്നുവെന്നെങ്ങനെയറിഞ്ഞു നാം?
ഇത്തിരിക്കൂടെനടന്നവ, കിന്നാര-
മിത്തിരി ചൊന്നവ, കണ്ണീരുറക്കെ-
ച്ചിരിച്ചു കവിളുതുടിച്ചവ,
ഏറെക്കരഞ്ഞു കൺപോള കനത്തവ,
കെട്ടിപ്പുണർന്നു മുകർന്നവ,
കുത്തിപ്പിളർന്നു മരിച്ചവ, കൊന്നവ,
മൊട്ടായിപ്പുഴുതിന്നു, പാതിവിടർന്നു
പെരുവഴിയിൽ ഞെട്ടറ്റടർന്ന് പതിച്ചവ,
വഴിപോക്കരിരുളിൽ ചവുട്ടിയരച്ചവ,
ഓരാതിരിക്കേച്ചവിട്ടടികളിൽപ്പുള-
ഞ്ഞുൽഫണമുയർന്നാടി നിന്നവ - ഒക്കെയും
ഒക്കെയുമോർമ്മകളായിരിക്കാം,
ഓർക്കാൻ കഴിവീലവതൻ മുഖങ്ങൾ.

*   *   *   *

ഏതാണ്ടൊരോർമ്മ വരുന്നുവോ?
ഓർത്താലുമോർക്കാതിരുന്നാലും, ആതിര-
യെത്തും, കടന്നുപോമീ വഴി,
നാമീജ്ജനലിലൂടെതിരേൽക്കും, ഇപ്പഴയൊ-
രോർമ്മകളൊഴിഞ്ഞ താലം, തളർന്നൊട്ടു
വിറയാർന്ന കൈകളിലേന്തി, യതിലൊറ്റ
മിഴിനീർ പതിക്കാതെ, മനമിടറാതെ.

കാലമിനിയുമുരുളും, വിഷുവരും,
വർഷം വരും, തിരുവോണം വരും, പിന്നെ-
യോരോ തളിരിനും പൂ വരും, കായ് വരും- അപ്പൊ-
ളാരെന്നുമെന്തെന്നുമാർക്കറിയാം? നമു-
ക്കിപ്പൊഴീയാർദ്രയെശ്ശാന്തരായ്,
സൗമ്യരായെതിരേൽക്കാം,
വരിക സഖി,യരികത്തു ചേർന്നു നിൽക്കൂ:
പഴയൊരു മന്ത്രം സ്മരിക്ക, നാമന്യോന്യ-
മൂന്നുവടികളായ് നിൽക്കാം:
ഹാ! സഫലമീയാത്ര.

സഫലമീയാത്ര (എൻ.എൻ. കക്കാട്)

- "ആതിരവരുന്നേരമൊരുമിച്ചു കൈകൾ കോർ-
  ത്തെതിരേൽക്കണം നമുക്കിക്കുറി"

  കവി ഇങ്ങനെ പറയുന്നത് എന്തുകൊണ്ടാണ്?

- "എത്ര കൊഴുത്ത ചവർപ്പു കുടിച്ചുവറ്റിച്ചു നാം
  ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ?"

  ഈ വരികളുടെ പൊരുൾ കണ്ടെത്തുക.

- "നേരിയ നിലാവിന്റെ പിന്നിലെയനന്തതയി-
  ലലിയുമിരുൾ നീലിമയിൽ,
  എന്നോ പഴകിയൊരോർമ്മകൾ മാതിരി,
  നിന്നു വിറയ്ക്കുമീയേകാന്തതാരകളെ
  ഞാനൊട്ടു കാണട്ടെ, നീ തൊട്ടുനിൽക്കൂ."

  വരികളിലെ കാവ്യഭംഗി കണ്ടെത്തുക.

- "നാമന്യോന്യമൂന്നുവടികളായ് നിൽക്കാം"-
  ഈ വരിയിൽ തെളിയുന്ന ആശയമെന്ത്? ചർച്ചചെയ്ത് ലഘുകുറിപ്പ് തയാറാക്കുക.

- • 'ബധിരമാംബോധം'
  • 'ഇരവിൻ വ്രണങ്ങൾ'

  ഇത്തരം പ്രയോഗങ്ങൾ കാവ്യത്തിന് സവിശേഷഭംഗി നൽകുന്നുണ്ടോ? കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.


- "ഇല്ല നമുക്കായൊരു സന്ധ്യ, രാപ്പാതി-
  യല്ലാതെ മറ്റൊന്നുമിന്നെന്നിരിക്കിലും
  വിസ്മയം പോലെ ലഭിക്കും നിമിഷത്തി-
  നർഥം കൊടുത്തു പൊലിപ്പിച്ചെടുക്ക നാം"

  *ശാന്ത (കടമ്മനിട്ട രാമകൃഷ്ണൻ)*

  വരികളിലെ ആശയം പാഠഭാഗവുമായി യോജിക്കുന്നുണ്ടോ?
  താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

**പദകോശം**

| | | |
|---|---|---|
| അണിയം | - | മുന്നിൽ |
| ആർദ്രം | - | നനഞ്ഞത് |
| ഉൽഫണം | - | ഫണമുയർത്തിയത് |
| വ്രണിതം | - | വ്രണങ്ങളുള്ള |



# ആശാൻ എന്ന മാനി

ഒറ്റക്കണ്ണനായ പകലവൻ അസ്തമിച്ചു. സഹസ്രാക്ഷനായ രാത്രി വന്നു. ഞാൻ തേക്കിൻകാട്ടിലൂടെ പടിഞ്ഞാട്ടു നടന്നു. വാദ്യങ്ങളോടും വെടിക്കെട്ടുകളോടും കൂടി മെല്ലെമെല്ലെ വിദ്യാർഥി കോർണറിലെ ബഹുജനസമുദ്രത്തിൽ ഒലിച്ചുവന്നുവിലയിച്ച ഘോഷയാത്രയിൽ ഉയർന്നു നിൽക്കുന്ന രൂപത്തിന്മേൽ എന്റെ കണ്ണുകൾ ചെന്നുപതിഞ്ഞു. അദ്ദേഹം മന്ത്രിക്കുന്നുണ്ടോ?

"ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ, വന്ന പോലെ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ."

ഇത്ര വിപുലവും ആർഭാടപൂർണവുമായ രീതിയിൽ ഒരു കവിയുടെ ലോഹപ്രതിമയെ എന്നെങ്കിലും ഇവിടെ സ്വാഗതം ചെയ്തിട്ടുണ്ടോ? ഇല്ലെന്നു തീർച്ചയാണ്. യു.എൻ.ഒ. പോലും ഈ കേരളീയകവിയുടെ ജന്മശതാബ്ദി ആഘോഷിക്കുന്നുവെന്നത് ടാഗോറിന്റെ 'ഗീതാഞ്ജലി'ക്ക് നോബൽപ്രൈസ് കിട്ടിയ ശേഷം നമുക്കുണ്ടായ ഏറ്റവും വലിയ രോമഹർഷമല്ലയോ? ബംഗാളികവിതയെന്നപോലെ മലയാള കവിതയും ഭൂഗോളത്തിന്റെ എല്ലാ ഭാഗത്തും വ്യാപിച്ചുനിൽക്കുന്ന ഈ സന്ധ്യാമുഹൂർത്തത്തിൽ ഞാൻ ഒന്നു മേലോട്ടു നോക്കി. സഹസ്രാക്ഷനായ ആകാശം ശാശ്വതികത്വത്തിന്റെ കിരണങ്ങൾകൊണ്ട് കൊരുത്തെടുത്ത കോമള ഹാരങ്ങൾ അർപ്പിക്കുകയാണ് ആശാൻപ്രതിമയുടെ കഴുത്തിൽ! ഗ്രാമീണവൃക്ഷത്തിന്മേലിരുന്നു കൂവിയ കുയിലിന്റെ വിഷാദമധുരമായ സംഗീതം എന്റെ ഹൃദയത്തിൽ ഉറന്നുപൊന്തി. ആയിരമായിരം വീണപൂക്കൾ സൗരഭ്യം വീണ്ടെടുത്തു കൂട്ടംകൂട്ടമായി പറന്നുവന്ന് അദ്ദേഹത്തിന്റെ പാദാരവിന്ദങ്ങളിൽ നമസ്കരിക്കുന്നുണ്ടോ?

അല്ല! വിദ്യാർഥികോർണറിൽ കവിസമ്മേളനം തുടങ്ങുകയാണ്. നമ്മുടെ പ്രിയപ്പെട്ട ജീവൽക്കവികളായ കുഞ്ഞിരാമൻനായർ, ഇടശ്ശേരി, വൈലോപ്പിള്ളി, അക്കിത്തം മുതലായവരെല്ലാം അക്കൂട്ടത്തിലുണ്ട്. അവരിൽനിന്നുതിർന്നുവീണ പൂക്കളുടെ സൗരഭ്യമാണ് എന്റെ ഉള്ളിൽ സ്വാദിഷ്ടങ്ങളായി തത്തിക്കളിക്കുന്നത്:

"കാണാതെ പോയ് പല്ലനയാറ്റിൽ മുങ്ങി-
മരിച്ച നാളോളമിവൻ സുഖത്തെ;
അദ്ദാരുണാന്തർഗതപീഡയാൽ കൈ-
വരിച്ചതാണീയമരത്വസൗഖ്യം"

ആശാൻകവിതയിൽ ഓളം വെട്ടുന്ന, സ്വന്തം ഹൃദയത്തിലെ ദാരുണസംഘർഷങ്ങളുടെ സത്യസന്ധമായ ബഹിഃസ്ഫുരണങ്ങളാണ് ആ മഹാകവിക്ക് ഇന്നു ലഭിക്കുന്ന ഈ അചോദ്യമായ ആദരാതിരേകത്തിന്റെ കാരണമെന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ എതിരാളികൾക്കുപോലും സംശയമുണ്ടാവില്ല - അങ്ങനെ ആരാനുമുണ്ടെങ്കിൽ.

മടങ്ങിപ്പോരുമ്പോൾ എന്റെ മനസ്സ് ആശാൻകവിതയുടെ അഭൗമലോകത്തിലൂടെ പറക്കുകയായിരുന്നു.

"സ്ഫുടതാരകൾ കൂരിരുട്ടിലു-
ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ
ഇടർ തീർപ്പതിനേകഹേതുവ-
ന്നിടയാമേതു് മഹാവിപത്തിലും."

ജീവിതം ഒരു കൂരിരുട്ടാണ്, സമുദ്രമാണ്. എങ്കിലും ഇരുട്ടിൽ നക്ഷത്രങ്ങളും സമുദ്രത്തിൽ ദ്വീപുകളുമുണ്ട്. ഇതെല്ലാം നമുക്കറിയാം. പക്ഷേ, ഈ പച്ചപ്പരമാർഥം പറയുമ്പോൾ അതിൽ കവിതയുടെ നന്തുണിനാദം കലർത്തുന്നതെങ്ങനെ? ആശാനെപ്പോലെ രേവാനദിയിൽ ചാടി ആത്മഹത്യ ചെയ്യാനാഗ്രഹിച്ച ഒരാത്മാവിനേ അതറിയൂ. 'ചിന്താവിഷ്ടയായ സീത'യിൽ അദ്ദേഹം ദുഃഖിച്ചത് ധർമ്മഭ്രംശത്തെച്ചൊല്ലിയാണ്:

"ഒരുവേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ."

സുഖം എന്നത് അസുഖകരമായതിനെ മെരുക്കുന്നതിൽനിന്നു മാത്രമേ ലഭിക്കൂ എന്ന് അദ്ദേഹം അനുഭവിച്ചറിഞ്ഞിരുന്നു. 'നളിനി'യെടുത്തു മലർത്തിനോക്കൂ, 'ലീല'യെടുത്തു മലർത്തിനോക്കൂ. സുഖത്തെക്കുറിച്ച് ആശയേയുള്ളൂ, സുഖം ഒരിടത്തുമില്ല. സ്നേഹമുണ്ട്, അതു മനോഹരവുമാണ്. പക്ഷേ, നിഷ്ഫലം. ആശാന്റെ വലത്തേ കണ്ണിലെ അശ്രുബിന്ദുവാണ് 'നളിനി'യെങ്കിൽ മറ്റേതിലെ അശ്രുബിന്ദുവാണ് 'ലീല'. അതുരണ്ടും തുടച്ചു മാറ്റിക്കൊണ്ടാണ് അദ്ദേഹം ഗുരുനിർവിശേഷനായ രാജരാജവർമ്മയുടെ ശ്മശാനത്തിലെത്തിച്ചേർന്നത്. കരയരുതെന്നു വിചാരിച്ചു. എന്നിട്ടും കണ്ണീർ വീണ്ടും ഉറന്നുവന്നു. ആ കണ്ണീർ അദ്ദേഹം തുടച്ചതിങ്ങനെയാണ്: 'ഇവിടമാണധ്യാത്മവിദ്യാലയം'. കരുണയുടെ അന്ത്യത്തിൽ ആ കണ്ണീർ വീണ്ടും ഉതിർന്നു. അതു വറ്റുകയുണ്ടായില്ല.

ആശാൻ തുടച്ചുകളഞ്ഞിട്ടും വറ്റാത്ത കണ്ണുനീർത്തുള്ളി മലയാളസാഹിത്യത്തിൽ നൽകിയ ആർദ്രത ഇന്നും അവശേഷിക്കുന്നു. ഒരുപക്ഷേ, പതിന്മടങ്ങു പ്രകാശത്തോടുകൂടി നാലപ്പാടനിലൂടെ സ്ഫുടീഭവിച്ച ആ പ്രകാശം വിലയേറിയ ഒരു രത്നമായി മാറി. ഇന്നത്തെ ശ്രദ്ധേയരായ കവികളിൽ എല്ലാവരിലും ആ പ്രകാശം തനതായ വ്യക്തിത്വത്തോടുകൂടി പൊട്ടിത്തഴച്ചുനിൽക്കുന്നത് നമുക്കു കാണാം.

അപ്പോൾ 'മാറ്റുവിൻ ചട്ടങ്ങളെ' എന്നനുശാസിച്ച ആശാൻ ആദ്യം ചെയ്തത് മലയാളകവിതയിലെ അന്തസ്സാരശ്ശൂന്യത എന്ന ചട്ടം മാറ്റുകയാണ്. ഒരു പുതിയ സംവേദനപാരമ്പര്യം ഒരു ഭാഷയിൽ മുഴുവൻ വിതച്ചു വിളയിക്കുക എന്നതു ചില്ലറക്കാര്യമല്ല. തിരുവനന്തപുരം സർവകലാശാലാ ഗേറ്റിൽ സ്ഥാപിക്കപ്പെടുന്നതിന്നു മുമ്പുതന്നെ മനുഷ്യഹൃദയങ്ങളിൽ ഈ ലോഹപ്രതിമ സ്ഥാപിതമായിത്തീരാൻ കാരണം അതാണ്.

"സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം."

ഭാവിചരിത്രത്തിലേക്കു പ്രതിധ്വനിക്കുന്ന ആ വരികളിലെ മാനി എന്ന വാക്കിനുമുമ്പിൽ ഞാൻ ചിന്താമൂകനായി നിൽക്കുന്നു. അപ്പോഴാണ് ആ വാക്കിനുനേരെ വലതുകൈയിലെ ചൂണ്ടാണിവിരൽ ഉയർത്തിപ്പിടിച്ച പ്രതിമ വീണ്ടും എന്റെ മനക്കണ്ണിൽ തെളിയുന്നത്.

എം.ആർ.ബിയുടെ ഉപന്യാസങ്ങൾ (എം.ആർ.ബി.)

- "ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ, വന്നപോലെ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ, ലോകരഹസ്യമാർക്കുമേ."

ആശാന്റെ ലോഹപ്രതിമ കണ്ടപ്പോൾ ലേഖകൻ ഓർമ്മിക്കുന്ന ഈ വരികൾ സന്ദർഭത്തിന് എത്രമാത്രം യോജിക്കുന്നുണ്ട്? സ്വന്തം അഭിപ്രായം അവതരിപ്പിക്കുക.

- "സഹസ്രാക്ഷനായ ആകാശം ശാശ്വതികത്വത്തിന്റെ കിരണങ്ങൾകൊണ്ട് കൊരുത്തെടുത്ത കോമളഹാരങ്ങൾ അർപ്പിക്കുകയാണ് ആശാൻ പ്രതിമയുടെ കഴുത്തിൽ. ഗ്രാമീണവൃക്ഷത്തിന്മേലിരുന്ന് കൂവിയ കുയിലിന്റെ വിഷാദമധുരമായ സംഗീതം എന്റെ ഹൃദയത്തിൽ ഉറന്നുപൊന്തി. ആയിരമായിരം വീണപൂക്കൾ സൗരഭ്യം വീണ്ടെടുത്തു കൂട്ടംകൂട്ടമായി പറന്നുവന്ന് അദ്ദേഹത്തിന്റെ പാദാരവിന്ദങ്ങളിൽ നമസ്കരിക്കുന്നുണ്ടോ?"

ആശാന്റെ ഏതെല്ലാം കൃതികളാണ് ഇവിടെ പരാമർശിക്കുന്നത്?
ഈ വാക്യങ്ങളിലെ സൗന്ദര്യാംശം കണ്ടെത്തുക.

- "സ്ഫുടതാരകൾ കൂരിരുട്ടിലു-
ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ
ഇടർ തീർപ്പതിനേക ഹേതുവ-
ന്നിടയാമേതു മഹാവിപത്തിലും"

ഈ വരികളിൽ തെളിയുന്ന ജീവിതദർശനം വിശകലനം ചെയ്യുക.

- കുമാരനാശാനെക്കുറിച്ച് ഉപന്യാസം തയാറാക്കുക. താഴെ കൊടുത്ത സൂചനകൾ പ്രയോജനപ്പെടുത്തുമല്ലോ.
  - ആശാന്റെ സാഹിത്യസംഭാവനകൾ
  - ആശാന്റെ സാമൂഹികസേവനങ്ങൾ
  - രചനയുടെ സവിശേഷതകൾ
  - 

**പദകോശം**

| | | |
|---|---|---|
| പാദാരവിന്ദം | - | പാദമാകുന്ന അരവിന്ദം |
| മാനി | - | അഭിമാനി |
| രോമഹർഷം | - | രോമാഞ്ചം |
| ശാശ്വതികത്വം | - | നിത്യമായ |
| സഹസ്രാക്ഷൻ | - | ആയിരം കണ്ണുള്ളവൻ |
| സംവേദനം | - | കൈമാറൽ |

# സാഹിത്യ ശില്പിയായ നെഹ്റു



സാഹിത്യം ഒരു കലയാണ്; കല ആത്മാവിഷ്കാരവും. ആവിഷ്കൃതമാകുന്ന ആത്മാവ് മഹത്ത്വപൂർണമാകുമ്പോൾ പ്രസ്തുത ആവിഷ്കാരം മഹത്തായ സാഹിത്യവും കലയുമായിത്തീരുന്നു. ജനകോടികളുടെ ആരാധനാമൂർത്തിയും രാജ്യതന്ത്രജ്ഞനുമാണ് ജവഹർലാൽ നെഹ്റു. ഈ രണ്ടുനിലകളിലും പ്രശസ്തനാണെങ്കിലും സാഹിത്യകാരനായ നെഹ്റുവിന്റെ ചിത്രത്തിന് അതർഹിക്കുന്ന തെളിച്ചം ലഭിച്ചുവോ എന്നു സംശയമുണ്ട്. സാഹിത്യകാരനായ നെഹ്റുവിന് രണ്ടു വശങ്ങളുണ്ട്. ഗ്രന്ഥങ്ങൾ, കത്തുകൾ, പ്രഭാഷണങ്ങൾ എന്നിവയടക്കമുള്ള വാങ്മയങ്ങളിലൂടെ പ്രത്യക്ഷപ്പെടുന്ന സാഹിത്യകാരനാണ് ഒന്ന്. മറ്റൊന്ന്, മഹോന്നതങ്ങളായ സാഹിത്യസൃഷ്ടികൾക്ക് ഉപയോഗപ്പെടേണ്ടിയിരുന്ന ദിക്കാലാതിവർത്തിയായ ഭാവനയും കത്തിജ്ജ്വലിക്കുന്ന സർഗാത്മകപ്രതിഭയും ഉൽക്കടമായ വികാരസംഘർഷങ്ങളും, രാഷ്ട്രഭരണത്തിലും സ്വാതന്ത്ര്യസമരത്തിലും വിനിയോഗിക്കപ്പെട്ടപ്പോളുണ്ടായ വ്യക്തിത്വത്തിന്റെ രൂപാന്തരങ്ങളാണ്.

സോവിയറ്റ് റഷ്യ, ഒരച്ഛൻ മകൾക്കയച്ച കത്തുകൾ, ആത്മകഥ, വിശ്വചരിത്രാവലോകനം, പ്രസ്താവനകളും പ്രബന്ധങ്ങളും, നാം എവിടെ നിൽക്കുന്നു, ചൈനയും സ്പെയിനും യുദ്ധവും, ഇന്ത്യയിൽ 18 മാസം, ഇന്ത്യയും ലോകവും, ഇന്ത്യയുടെ ഐക്യം, ഒരു കൂട്ടം കത്തുകൾ, ഇന്ത്യയുടെ സ്വാതന്ത്ര്യം, ഇന്ത്യയെ കണ്ടെത്തൽ, നെഹ്റുവിന്റെ പ്രസംഗസമാഹാരം- ഇങ്ങനെ ഒട്ടേറെ ഗ്രന്ഥങ്ങൾ നമ്മുടെ മുമ്പാകെയുണ്ട്.

നെഹ്റുവിന്റെ പ്രധാന കൃതികളെല്ലാം ജയിലിൽവച്ചാണല്ലോ രചിക്കപ്പെട്ടത്. പത്തു വയസ്സായ ഇന്ദിരയ്ക്ക് പ്രപഞ്ചോൽപ്പത്തിയെയും മനുഷ്യാവിർഭാവത്തെയും പരിണാമശാസ്ത്രദൃഷ്ട്യാ വിശദമാക്കിക്കൊടുക്കുന്ന 'ഒരച്ഛൻ മകൾക്കയച്ച കത്തുകളാ'ണ് ഇവയിലൊന്ന്. ആ കത്തുകൾ കണ്ട് മഹാത്മജി നെഹ്റുവിന് ഇങ്ങനെ എഴുതുകയുണ്ടായി:

"യാഥാസ്ഥിതികരീതിയിലാണ് നിങ്ങൾ വിഷയം കൈകാര്യംചെയ്തത്. മനുഷ്യോൽപ്പത്തി ഇന്നൊരു വിവാദവിഷയമാണ്. മതോൽപ്പത്തിയാകട്ടെ, കൂടുതൽ വിവാദാസ്പദവും. എങ്കിലും ഈ വ്യത്യാസങ്ങളൊന്നും ആ കത്തുകളുടെ മൂല്യം കുറയ്ക്കുന്നില്ല. നിങ്ങളുടെ നിഗമനങ്ങളുടെ സത്യാവസ്ഥയല്ല ആ മൂല്യങ്ങൾക്കു നിദാനം. പ്രത്യുത, വിഷയപ്രതിപാദനമാണ്. ഇന്ദുവിന്റെ ഹൃദയത്തിൽ പ്രവേശിക്കാനും അവളുടെ ധാരണാശക്തിയുടെ ദൃഷ്ടികൾ തുറപ്പിക്കുവാനുമുള്ള കഴിവാണ് അതിന്റെ നേട്ടം." സത്യത്തിൽ മാത്രം സൗന്ദര്യം കണ്ടെത്തിയ ഗാന്ധിജി സത്യത്തിന്റെ ഈടു കുറഞ്ഞിട്ടും ആ കത്തുകളിൽ ഹൃദയസ്പർശ്യത ദർശിച്ചപ്പോൾത്തന്നെ നെഹ്റുവിന്റെ സാഹിത്യപരമായ സിദ്ധികൾക്ക് കീർത്തിമുദ്ര ലഭിച്ചുകഴിഞ്ഞിരുന്നു.

ഒരുപക്ഷേ 'നെഹ്റുവിന്റെ മാസ്റ്റർപീസ്' ആത്മകഥയാണെന്നു പറയാം. സിവിൽനിയമലംഘനത്തിന്റെ കാലഘട്ടം നെഹ്റുവിന്റെ ജീവിതത്തിലെ ഏറ്റവും നിർണായകമായ വൈകാരികസംഘട്ടനങ്ങളുടെയും യുവസഹജമായ രക്തത്തിളപ്പിന്റെയും ആശകളുടെയും ഭാസ്വത്തായ ഘട്ടമായിരുന്നു. വിഹായസ്സിലേക്കു പറന്നുയരാൻ വെമ്പിയ ആത്മാവിൽ സുദീർഘമായ ബന്ധനം ഏൽപ്പിച്ച പോറലുകൾ, പ്രാണപ്രേയസിയുടെ മാറാരോഗം മനസ്സിലുളവാക്കിയ ഭയാശങ്കകൾ, വന്ദ്യമാതാപിതാക്കൾക്കു നേരിട്ട യാതനകളും വേദനകളും, ഗാന്ധിജിയുടെ ദുർഗ്രഹമായ സമരതന്ത്രങ്ങളുളവാക്കിയ ഇച്ഛാഭംഗങ്ങൾ, നാടാകെ താണ്ഡവമാടിയ പൈശാചികമർദനങ്ങൾ -അങ്ങനെ ഒരു മനുഷ്യസ്നേഹിക്ക് ഹൃദയസ്ഫോടകമായ അന്തരീക്ഷത്തിലാണ് നെഹ്റു ഇരുമ്പഴികൾക്കുള്ളിൽ കഴിച്ചുകൂട്ടിയത്. സംഘർഷമയമായ ഈ ആത്മാവിന്റെ സത്യസന്ധവും സർവസ്പർശിയുമായ ആവിഷ്കാരമാണ് ആത്മകഥ. മാതാപിതാക്കളെയും പിതൃതുല്യനായ ഗാന്ധിജിയെയും കുറിച്ചുള്ള ഉള്ളിൽത്തട്ടുന്ന തൂലികാചിത്രങ്ങൾ അതിൽ കാണാം. മരണത്തിന്റെ കരാളയവനികയ്ക്കുള്ളിലേക്കു മറയുന്ന പ്രാണാധിനായികയുടെ ഹൃദയസ്പൃക്കായ ചിത്രവും പ്രേമവിവശമായ ഒരു ഭർത്തൃഹൃദയത്തിന്റെ വികാരഭരിതമായ വിലാപഗാനങ്ങളും അതിലുൾക്കൊള്ളുന്നു. ഉന്നതസത്വനായ ഹിമവാന്റെയും ദേവദാരുക്കളുടെയും അക്ഷയാമൃതവാഹിനികളായ ഗംഗയുടെയും യമുനയുടെയും ദർശനത്തിലും സ്പർശനത്തിലും ആഹ്ലാദമത്തനായി മയൂരനൃത്തം ചെയ്യുന്ന ജവഹറിന്റെ ഹൃദയഗീതങ്ങളതിലുണ്ട്. വിമോചനാകാംക്ഷയോടെ പിടയുന്ന ഒരു രാഷ്ട്രത്തിന്റെ മുഴുവൻ നാഡീസ്പന്ദവും നെഹ്റു ആത്മകഥയിലാവാഹിച്ചുവച്ചു. ഉദാത്തവും ഗംഭീരവും പരമോദാരവുമായ ഒരു വ്യക്തിത്വത്തിന്റെ സമഗ്രഭാവങ്ങളും ആത്മകഥ ചിത്രീകരിച്ചു.

'വിശ്വചരിത്രാവലോകന'മാണ് നെഹ്റുവിന്റെ അടുത്ത ബൃഹൽഗ്രന്ഥം. ക്വിറ്റ് ഇന്ത്യാസമരകാലത്ത് ജയിലിൽവച്ചെഴുതപ്പെട്ടതാണ് 'ഇന്ത്യയെ കണ്ടെത്തൽ'. ആത്മകഥയോടൊപ്പമോ തൊട്ടു മുന്നിലോ നിൽക്കുന്ന ഒരു സാഹിത്യശില്പമാണ് 'ഇന്ത്യയെ കണ്ടെത്തൽ' എന്നെനിക്കു തോന്നുന്നു. അതെഴുതിയതിന് എത്രയോ മുമ്പുതന്നെ ആ അന്വേഷണം തുടങ്ങിയിരുന്നുവെന്ന് നെഹ്റു സമ്മതിച്ചിട്ടുണ്ട്. അത് ജിജ്ഞാസകൊണ്ടുള്ള ഒരന്വേഷണം മാത്രമായിരുന്നില്ല. ചിന്തയെയും കർമ്മത്തെയും സമന്വയിപ്പിക്കാനുള്ള അഭിലാഷം, അഥവാ ഒരു കലാകാരന്റെ 'ഇന്നർ പഴ്സനാലിറ്റി'യും (ആന്തരവ്യക്തിത്വം) ഒരു രാഷ്ട്രീയനേതാവിന്റെ 'ഔട്ടർ പഴ്സനാലിറ്റി'യും (ബാഹ്യവ്യക്തിത്വം) അനുരഞ്ജിപ്പിക്കാനുള്ള വ്യഗ്രതയാണ് അതിനു കാരണം. ഇന്ത്യയിൽ ജനിച്ചു എന്ന കാരണംകൊണ്ടുമാത്രം ഇന്ത്യ ലോകോത്തരമാണെന്നു വിശ്വസിക്കാനുള്ള മൗഢ്യം തനിക്കില്ലെന്ന് നെഹ്റു ടാഗോറിന്റെ സമാനമായ ഒരു വാക്യമുദ്ധരിച്ച് പറയുകയുണ്ടായി. നെഹ്റു പ്രസ്താവിക്കുകയാണ്: "ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ തന്റെ സ്ഥാനനിർണയം ചെയ്യാനുള്ള ഒരു ശ്രമമാണ് ആത്മകഥയിൽ നട

ത്തിയത്. പിന്നീട് കൂടുതൽ വ്യാപകമായ ഒരു കാൻവാസിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കണമെന്ന് തോന്നലുണ്ടായതാണ് 'വിശ്വചരിത്രാവലോകന'ത്തിന് ഹേതു. ലോകചരിത്രപശ്ചാത്തലത്തിലും ലോകവീക്ഷണത്തിലും കൂടി എന്റെ മാതൃഭൂമിയെ നോക്കിക്കാണുന്നതിനുള്ള ശ്രമം ആയിരുന്നു അത്. അഗാധതയുള്ള ഒരു കൃതിയല്ല അതെന്നുണ്ടെങ്കിലും ഇന്ത്യയെ കൂടുതൽ അടുത്തുകാണുവാനും ലോകചരിത്രത്തിന്റെ രൂപരേഖയിൽക്കൂടി ഇന്ത്യയെ കണ്ടെത്തുവാനും അതു സഹായിച്ചു."



നെഹ്റുവിന്റെ പ്രധാന കൃതികളൊക്കെ ചരിത്രപരങ്ങളോ ചരിത്രപ്രധാനങ്ങളോ ആണ്. ചരിത്രഗ്രന്ഥങ്ങൾ സാധാരണയായി സർഗാത്മകസാഹിത്യത്തിന്റെ അഥവാ ശുദ്ധസാഹിത്യത്തിന്റെ ശേഖരത്തിൽ ഗണിക്കപ്പെടാറില്ല. എന്നാൽ നെഹ്റുവിന്റെ ചരിത്രങ്ങൾ കവിതയും നാടകവും നോവലുംപോലെ സർഗാത്മകസാഹിത്യകോടിയിൽപ്പെടുന്നു. ഇവയുടെയെല്ലാം സ്വഭാവവിശേഷങ്ങൾ അവയിൽ അന്തർഭവിച്ചിട്ടുമുണ്ട്. പ്രപഞ്ചപ്രതിഭാസങ്ങളുടെ സൗന്ദര്യതീർഥങ്ങളിൽ മുങ്ങിപ്പൊങ്ങിയ നെഹ്റു, ചരിത്രത്തിന്റെ അസ്ഥിഖണ്ഡങ്ങളിൽ ആത്മാവിന്റെ ചൈതന്യവും ഹൃദയത്തിന്റെ വികാരങ്ങളും കോരിപ്പകർന്നുവാർന്നെടുത്ത ജീവത്തായ കലാസൃഷ്ടികളാണവ. നെഹ്റു തന്നെ പറയുന്നതു നോക്കുക: "ഭൂതകാലത്തെ മനസ്സിലാക്കണമെങ്കിൽ അവയെ സഹാനുഭൂതിയോടും ഉൾക്കാഴ്ചയോടുംകൂടി സമീപിക്കണം. പണ്ടെന്നോ ജീവിച്ചിരുന്നവർ ഇന്നു ജീവിക്കുന്നവരാണെന്ന നിലയിൽ വിലയിരുത്തപ്പെട്ടുകൂടാ. അവർ ജീവിച്ച കാലഘട്ടങ്ങളെയും അവരുടെ മനസ്സിൽ നിറഞ്ഞുകിടക്കുന്ന ആശയങ്ങളെയും മനസ്സിലായെങ്കിലേ അവരെയും നമുക്ക് ശരിക്കറിയാൻ കഴിയൂ." അതുപോലെത്തന്നെ ഒരു കാലഘട്ടത്തിന്റെ ഭാഗമായി ചരിത്രകാരൻ മാറാതെ ആ കാലഘട്ടത്തെക്കുറിച്ച് ഫലപ്രദമായി എഴുതാനാവില്ലെന്നാണ് നെഹ്റുവിന്റെ പക്ഷം. കേവലം വസ്തുനിഷ്ഠമായ വീക്ഷണം വിഡ്ഢികൾക്കേ സാധിക്കൂ. കാലഘട്ടങ്ങളോടുള്ള സാത്മീഭാവം ചരിത്രസൃഷ്ടിക്കാവശ്യമാണെന്ന നെഹ്റുവിന്റെ വാദം, ആത്മാനുഭൂതിയാണ് സാഹിത്യബീജം എന്ന മൗലികതത്ത്വത്തിന്റെ ഭാഷാന്തരം മാത്രമാണ്. നെഹ്റുവിന്റെ യുഗാനുഭൂതികളും പ്രപഞ്ചാനുഭൂതികളും ആത്മസാൽകൃതമായ വിജ്ഞാനസംഹിതകളും കത്തുകളിലൂടെ ആവിഷ്കരിക്കപ്പെട്ടപ്പോൾ പുത്രീവാത്സല്യത്തിന്റെ ഹൃദയസ്പൃക്കായ ശൈലി അതിനെ അഭിരാമമാക്കിത്തീർത്തു. കാരാഗാരത്തിന്റെ വീർപ്പുമുട്ടിക്കുന്ന ഇരുട്ടറ ഈ സാഹിത്യസൃഷ്ടികളുടെ സൂതികാലയങ്ങളായി മാറിയപ്പോൾ അണകെട്ടിനിർത്തിയ വികാരസാഗരങ്ങൾ തടം തകർത്തിരമ്പുന്ന മഹാപ്രവാഹങ്ങളായി. മഹാസാഹിത്യകാരനായ എച്ച്. ജി. വെൽസിന്റെ 'ലോകചരിത്രം' ഒരു ചരിത്രകൃതിയായിരിക്കെ രാഷ്ട്രതന്ത്രജ്ഞനായ നെഹ്റുവിന്റെ ചരിത്രകൃതികൾ സാഹിത്യത്തിലെ ക്ലാസിക്കുകളാകാൻ കാരണം ഇതുതന്നെ.

ജീവിതശില്പികൾ (സി.പി. ശ്രീധരൻ)

- നെഹ്റുവിന്റെ ആത്മകഥയുടെ സവിശേഷതകളായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നതെന്തെല്ലാം?

ഞാൻ ഇന്ത്യയെക്കുറിച്ച് ചിന്തിക്കുമ്പോൾ പല കാര്യങ്ങളെയും ഓർക്കുന്നു. നിരവധി കൊച്ചുഗ്രാമങ്ങളായ പുള്ളിക്കുത്തുകൾ പതിഞ്ഞ വിശാലമായ വയലുകൾ; ഞാൻ സന്ദർശിച്ചിട്ടുള്ള പട്ടണങ്ങളും നഗരങ്ങളും; ഉണങ്ങിവരണ്ട ഭൂമിയിൽ ജീവൻ പകരുകയും അതിനെ പെട്ടെന്ന് സൗന്ദര്യത്തിന്റെയും പച്ചപ്പിന്റെയും പളപളത്തിളങ്ങുന്ന വിശാലതയായി മാറ്റുകയും ചെയ്യുന്ന മഴക്കാലത്തിന്റെ ഇന്ദ്രജാലം; മഹാനദികൾ; ഒഴുകുന്ന വെള്ളം; ആ നിശ്ശൂന്യമായ പരിസരങ്ങളോടുകൂടിയ ഖൈബർചുരം; ഇന്ത്യയുടെ തെക്കേ മുനമ്പ്; ആളുകൾ ഒറ്റയ്ക്കും കൂട്ടായും. സർവോപരി മഞ്ഞിൻതൊപ്പിയണിഞ്ഞ ഹിമാലയം, അഥവാ പുതുപൂക്കൾകൊണ്ട് മൂടിക്കിടക്കുന്ന വസന്താരംഭത്തിലെ ഒരു കശ്മീർ മലഞ്ചരിവിലും നുരച്ചു പതഞ്ഞു കളകളശബ്ദത്തോടെ പാഞ്ഞുപോവുന്ന അതിലെ കൊച്ചരുവികൾ. ഇവയെക്കുറിച്ചൊക്കെ ഞാൻ ചിന്തിക്കും. നമുക്കിഷ്ടപ്പെട്ട ചിത്രങ്ങളാണ് നാം വരയ്ക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നത്.

*ഇന്ത്യയെ കണ്ടെത്തൽ (ജവഹർലാൽ നെഹ്റു)*

"നെഹ്റുവിന്റെ ചരിത്രഗ്രന്ഥങ്ങൾ കവിതയും നാടകവും നോവലും പോലെ സർഗാത്മകസാഹിത്യകോടിയിൽപ്പെടുന്നു."

സി.പി. ശ്രീധരന്റെ ഈ നിരീക്ഷണം മുകളിൽ നൽകിയ ഭാഗത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

- നെഹ്റുവിന്റെ ബഹുമുഖവ്യക്തിത്വം പരിചയപ്പെടുത്തുന്ന പ്രഭാഷണം തയാറാക്കി സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുക.

- • ലോകസാക്ഷിയായ സൂര്യൻ ആകാശമധ്യത്തിൽ ഉജ്ജ്വലമായി പ്രകാശിക്കുന്നു.
  • മഴക്കാലത്ത് മേഘങ്ങളുടെ പിന്നിൽ മറഞ്ഞിരുന്ന സൂര്യൻ ശരത്കാലം വന്നെത്തിയപ്പോൾ ആകാശമധ്യത്തിൽ ഉജ്ജ്വലമായി പ്രകാശിക്കുന്നു.
  • മഴക്കാലം അവസാനിക്കുകയും സൂര്യൻ ഉജ്ജ്വലമായി പ്രകാശിച്ചുതുടങ്ങുകയും ചെയ്തു.

വാക്യങ്ങൾ വായിച്ചല്ലോ. ഇവ ഓരോന്നിന്റെയും ഘടനാപരമായ സവിശേഷത എന്താണ്? ഈ സവിശേഷതകൾ വാക്യങ്ങൾക്ക് നൽകുന്ന അർഥവ്യാപ്തി കണ്ടെത്തി എഴുതുക.

- പട്ടിക പൂർത്തിയാക്കുക

| | |
|---|---|
| മനുഷ്യോൽപ്പത്തി | മനുഷ്യ + ഉൽപ്പത്തി |
| പരമോദാരം | |
| ലോകോത്തരം | |
| ആത്മാനുഭൂതി | |
| മഹോന്നതം | |


## പദകോശം

| | | |
|---|---|---|
| കരാളം | - | ഭയങ്കരം |
| കാരാഗാരം | - | ജയിൽ |
| ദിക്കാലാതിവർത്തി | - | ദിക്കിനെയും കാലത്തെയും അതിവർത്തിക്കുന്ന |
| പ്രത്യുത | - | നേരെമറിച്ച് |
| ഭാസ്വത്ത് | - | ശോഭിക്കുന്ന |
| മൗഢ്യം | - | മൂഢത |
| സാത്മ്യം | - | ഐക്യം |
| സൂതികാലയം | - | പ്രസവാലയം |
| ഹൃദയസ്പൃക്ക് | - | ഹൃദയത്തെ തൊടുന്ന |

## ഞാൻ എന്നെക്കുറിച്ച്

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| • കഥ വായിച്ച് ആശയതലം, ഭാവതലം, സാമൂഹികതലം എന്നിവ മനസ്സിലാക്കുന്നു. | |
| • വിശകലനക്കുറിപ്പിലെ ആശയങ്ങൾ, സ്വന്തം നിരീക്ഷണങ്ങൾ, ഭാഷ എന്നിവയുടെ നിലവാരം. | |
| • ഭാവാത്മകമായി അർഥവ്യക്തതയോടെ കവിതാലാപനം നടത്തുന്നു. | |
| • <u>ഉപന്യാസം</u><br>ആശയങ്ങൾ<br>ഘടന<br>സ്വന്തം നിരീക്ഷണങ്ങൾ<br>യോജിച്ച ഭാഷ (പദങ്ങൾ, പ്രയോഗങ്ങൾ) | |

എഴുത്തുകാരെ അറിയുക



## എസ്.വി. വേണുഗോപൻനായർ

1946ൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ കുളത്തൂർ (കാരോട്) ജനനം. കോളേജ് അധ്യാപകൻ, പ്രിൻസിപ്പൽ എന്നീ നിലകളിൽ പ്രവർത്തിച്ചു. കൃതികൾ: ഗർഭശ്രീമാൻ, ആദിശേഷൻ, തിക്തം തിമിരം, ഒറ്റപ്പാലം, കഥകളതിസാദരം, പരദൈവങ്ങൾ, വീടിന്റെ നാനാർഥം, വരുമ്പോൾ ഞാനെന്തു പറയും, രേഖയില്ലാത്ത ഒരാൾ, ഭൂമിപുത്രന്റെ വഴി. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.



## എൻ.എൻ. കക്കാട് (1927 - 1987)

കക്കാട് നാരായണൻ നമ്പൂതിരി. കോഴിക്കോട് ജില്ലയിലെ അവിടനല്ലൂരിൽ ജനിച്ചു. കൃതികൾ: ശലഭഗീതം, ആയിരത്തിത്തൊള്ളായിരത്തി അറുപത്തിമൂന്ന്, പാതാളത്തിന്റെ മുഴക്കം, കവിത, വജ്രകുണ്ഡലം, ഇതാ ആശ്രമമൃഗം കൊല്ല് കൊല്ല്, സഫലമീയാത്ര, പകലറുതിക്കുമുമ്പ്, നാടൻചിന്തുകൾ, കവിതയും പാരമ്പര്യവും, അവലോകനം. കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, ആശാൻ പ്രൈസ് ഫോർ പോയട്രി, കുമാരനാശാൻ സ്മാരക അവാർഡ് എന്നിവ ലഭിച്ചു.



## എം.ആർ.ബി. (എം. രാമൻ ഭട്ടതിരിപ്പാട്) (1908 - 2001)

പൊന്നാനിക്കടുത്തുള്ള വന്നേരിയിൽ ജനിച്ചു. പത്രപ്രവർത്തകൻ, സാമൂഹികപരിഷ്കർത്താവ്, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രസിദ്ധൻ. വി.ടി. ഭട്ടതിരിപ്പാടിന്റെ സഹപ്രവർത്തകനായിരുന്നു. മറക്കുടയ്ക്കുള്ളിലെ മഹാനരകം, വാൽക്കണ്ണാടി, എം.ആർ.ബി.യുടെ ഉപന്യാസങ്ങൾ, മുഖച്ഛായ തുടങ്ങിയ കൃതികൾ രചിച്ചു.



## സി.പി. ശ്രീധരൻ (1932 - 1996)

പയ്യന്നൂരിൽ ജനനം. പ്രശസ്ത പത്രപ്രവർത്തകനും സാഹിത്യനിരൂപകനും. കലയും മനുഷ്യനും, സാഹിത്യജീവിതം, നിരൂപകദൃഷ്ടിയിൽ, ശാസ്ത്രസാഹിത്യം മലയാളത്തിൽ (രണ്ടു വാല്യങ്ങൾ), ഇന്നത്തെ സാഹിത്യകാരന്മാർ, അനശ്വരശില്പങ്ങൾ, മഹത്ത്വമുഖങ്ങൾ, പാഞ്ചജന്യം, ഡോ. രാധാകൃഷ്ണൻ, ഡോ. സക്കീർ ഹുസൈൻ തുടങ്ങിയവ പ്രധാന കൃതികൾ.



പഠനനേട്ടങ്ങൾ

- സമാനതാളത്തിലുള്ള കവിതകൾ കണ്ടെത്തി കവിതയരങ്ങുകളിൽ ചൊല്ലി അവതരിപ്പിക്കുന്നു.
- കവിതയിലെ ആശയം, പ്രയോഗഭംഗി, ബിംബകൽപ്പനകൾ എന്നിവ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.
- ചെറുകഥകൾ വായിച്ച് അവയുടെ ആശയതലം, ഭാവതലം, കാലികപ്രസക്തി എന്നിവ വിശകലനം ചെയ്ത് ആസ്വാദനക്കുറിപ്പുകൾ തയാറാക്കുന്നു.
- എഴുത്തുകാരുടെ കാലം, ദേശം, ഭാഷ എന്നിവയുടെ അടിസ്ഥാനത്തിൽ അവരുടെ സാഹിത്യരചനകൾ വിലയിരുത്തി സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.
- രചനകളിലെ ഭാഷാപരവും ആശയപരവുമായ പോരായ്മകൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്തുന്നു.
- ലേഖനം, നിരൂപണം, പഠനം, ഉപന്യാസം എന്നിവ വായിച്ച് അവയിലെ പ്രമേയപരവും ആസ്വാദനപരവുമായ അംശങ്ങൾ തിരിച്ചറിഞ്ഞ് സ്വന്തം രചനകളിൽ ഔചിത്യപൂർവം പ്രയോജനപ്പെടുത്തുന്നു.
- ചൂർണിക, സങ്കീർണകം, മഹാവാക്യം എന്നിവയുടെ ഘടനാപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞ് വാക്യങ്ങൾ നിർമ്മിക്കുന്നു.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മിഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപത്കരമായ ജോലികളിൽ നിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽ നിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


ബന്ധപ്പെടേണ്ട വിലാസം:

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

'ശ്രീ ഗണേഷ്', റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം-34, ഫോൺ: 0471-2326603

ഇ-മെയിൽ: childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ്: www.kescpcr.kerala.gov.in


**ചൈൽഡ് ഹെൽപ്പ്ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ - 1800 425 1400**

**കേരള പോലീസ് ഹെൽപ്പ് ലൈൻ - 0471 - 3243000/44000/45000**

*online R.T.E Monitoring: www.nireekshana.org.in*

9

മലയാളം

അടിസ്ഥാനപാഠാവലി

**State Council of Educational Research and Training (SCERT)**
Vidyabhavan, Poojappura, Thiruvananthapuram
Kerala-695 012. Website www.scert.kerala.gov.in
e-mail scertkerala@gmail.com

KBPS

Printed by the Chairman & Managing Director
**Kerala Books and Publications Society**
(An Undertaking of the Government of Kerala)
Kakkanad, Kochi-682 030